# ധർമ്മം

## അദ്ധ്യായം ഒന്ന്
# കാരണ വ്യവസ്ഥ

## I
## നാല് ആര്യസത്യങ്ങൾ

1. ഈ ലോകം മുഴുവനും ദുഃഖം കൊണ്ടുനിറഞ്ഞിരിയ്ക്കുന്നു, ജനനം ദുഃഖമാണ്, വാർദ്ധ്യക്യം ദുഃഖമാണ്, മരണം ദുഃഖമാണ്, രോഗങ്ങൾ ദുഃഖമാണ്; മാത്രമല്ല, വെറുക്കുന്നവനെക്കാണുന്നത് ദുഃഖമാണ്, സ്നേഹിക്കുന്നവരിൽ നിന്നുള്ള വിരഹം ദുഃഖമാണ്, വളരെ കഷ്ടപ്പെട്ട് ജീവിതസുഖങ്ങൾ തേടുന്നത് ദുഃഖമാണ്. വാസ്തവത്തിൽ കാമവും അമിതാഗ്രഹങ്ങളും നിയന്ത്രിക്കുന്ന ജീവിതം ദുഃഖപൂരിതമാണ് . ഈ സുവ്യക്തമായ വസ്തുതയെ ദുഃഖത്തിന്റെ സത്യം എന്നു പറയുന്നു.

മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ദുഃഖകാരണം നിഷ്പക്ഷമായി വിലയിരുത്തിയാൽ അതിന്റെ ഉത്ഭവം ശരീരത്തോടുള്ള അമിത വാഞ്ഛയും ലോകസുഖങ്ങളോടുള്ള വിടാത്ത താല്പര്യവുമാണെന്ന് വ്യക്തമാകും. ദുഃഖത്തിന്റെ യഥാർത്ഥകാരണം ആരായുകയാണെങ്കിൽ അതിന്റെ ഉറവിടം തീവ്രമായ ആഗ്രഹങ്ങളും അവ ശരീരത്തിലുണ്ടാക്കുന്ന പ്രലോഭനങ്ങളുമാണെന്ന് മനസ്സിലാകും. അതിനാൽ ജീവിയ്ക്കുവാനുള്ള ത്വര മനുഷ്യനെ വസ്തുക്കളുടെ പിന്നാലെ പോകുവാനും അതിനെ മരണവെപ്രാളത്തോടെ പിൻതുടരുവാനുമവനെ പ്രേരിപ്പിയ്ക്കുന്നു. ഇത്തരം പ്രേരണകളെ ദുഃഖകാരണമെന്നും നിർവ്വചിക്കപ്പെട്ടിരിയ്ക്കുന്നു.

അത്തരം പ്രേരണയ്ക്കടിസ്ഥാനമായ മനുഷ്യതൃഷ്ണയെ നിയന്ത്രിയ്ക്കുന്ന ആഗ്രഹങ്ങളെ നിയന്ത്രണാവസ്ഥയിൽ കൊണ്ടുവന്നാൽ തൃഷ്ണ സാവധാനം
നശിച്ചു പോകുകയുംമനുഷ്യദുഃഖങ്ങൾ അവസാനിയ്ക്കുകയും ചെയ്യുന്നു. ഇതിനെ ദുഃഖാവസാനത്തിന്റെ സത്യം എന്ന് നിർവചിക്കുന്നു.

ആഗ്രഹങ്ങളും ദുഃഖങ്ങളുമില്ലാത്ത അവസ്ഥയിൽ എത്തുവാൻ മനുഷ്യർ ചില മാർഗ്ഗങ്ങൾ സ്വായത്തമാക്കണം. അത് എട്ടുവിധമുള്ളതിനാൽ അതിനെ അഷ്ടാംഗപാത എന്ന് നാമകരണം ചെയ്തുവിളിയ്ക്കുന്നു. അഷ്ടാംഗപാതയെന്നത്: ശരിയായ വീക്ഷണം, ശരിയായ ചിന്ത, ശരിയായ സംസാരം, ശരിയായ പെരുമാറ്റം, ശരിയായ ജീവിതമാർഗ്ഗം, ശരിയായ പരിശ്രമം, ശരിയായ മനോവ്യാപാരം, ശരിയായ ഏകാഗ്രത എന്നിവയാണ്. ഈ എട്ടുമാർഗ്ഗങ്ങളെ ദുഃഖനിവാരണത്തിനുള്ള അഷ്ടാംഗമാർഗ്ഗങ്ങൾ എന്ന് നിർവചിച്ചിരിക്കുന്നു.

ഈ സത്യങ്ങളെ ഒരുവൻ തന്റെ ചിന്തയിൽ എപ്പോഴും സൂക്ഷിച്ചിരിയ്ക്കണം. ഇത് അവനെമാത്രമല്ല, ജീവിതത്തിൽ ആര് ദുഃഖങ്ങളിൽ നിന്നും വേദനയിൽ നിന്നും രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവോ, അവരെ ഈ സത്യങ്ങൾ വളരെ സഹായിക്കുന്നു. ഒരുവൻ പ്രാഥമികമായി എല്ലാ ആഗ്രഹങ്ങളുടെയും ചുഴിയിൽ നിന്നും മോചനം നേടണം. ആഗ്രഹങ്ങളിൽ നിന്നും മോഹങ്ങൾ ഉണ്ടാക്കുന്ന തൃഷ്ണയിൽ നിന്നുമുള്ള മോചനം നിർവ്വാണത്തിൽ കൂടി മാത്രമെ സാദ്ധ്യമാകുകയുള്ളു. എന്നാൽ നിർവ്വാണം അഷ്ടാംഗമാർഗ്ഗം പിൻതുടരുന്നതിലൂടെ മാത്രമെ സാക്ഷാല്കരിക്കുവാൻ സാധിക്കൂ.

2. നിർവാണം സ്വായത്തമാക്കുവാൻ ആഗ്രഹിക്കുന്നവർ നാല് ആര്യസത്യങ്ങളുടെ അർത്ഥം ശരിയ്ക്കും മനസ്സിലാക്കണം. അവയുടെ അന്തഃസത്ത മനസ്സിലാക്കാതെ ഇരുന്നാൽ സാധാരണമനുഷ്യർ മോഹങ്ങളും തൃഷ്ണയും ഉണ്ടാക്കുന്ന മായികവലയത്തിൽപെട്ട് സന്ദേഹത്തിലും വിഷാദത്തിലും ജീവിതം നയിക്കേണ്ടതായിവരുന്നു. ആര് ഈ നാല് ആര്യസത്യങ്ങൾ മനസ്സിലാക്കുന്നുവോ അവരെ, ''നിർവ്വാണത്തിന്റെ സൂക്ഷ്മമായ അർത്ഥം മനസ്സിലാക്കിയ മനുഷ്യർ എന്നു വിളിയ്ക്കുന്നു.''

അതുകൊണ്ട് യാതൊരുവൻ ബുദ്ധന്റെ ഉപദേശങ്ങൾ പിൻതുടർന്ന് മനസ്സനാല് ആര്യസത്യങ്ങളെ വിശ്വസിച്ച് അവയുടെ അർത്ഥം ശരിയ്ക്കും മനസ്സിലാക്കി ജീവിക്കുന്നുവോ അവൻ കാലാതീതനായ ഒരു ദിവ്യസന്യാസിയായിരിയ്ക്കുകയും, മാത്രമല്ല അവൻ മറ്റുള്ളവരെ ബുദ്ധധർമ്മം പഠിപ്പിക്കുവാൻ പ്രാപ്തനുമായിരിയ്ക്കും.ഒരിക്കൽ ഒരു മനുഷ്യൻ ശരിയ്ക്കും നാല് ആര്യസത്യങ്ങളുടെ അർത്ഥം മനസ്സിലാക്കിയാൽ അവനെ അഷ്ടാംഗ മാർഗ്ഗങ്ങൾ ശരിയായവഴിക്ക്.

ജ്ഞാനത്തിലേയ്ക്കു നയിക്കും. ആ ജ്ഞാനം അഹങ്കാരത്തിൽ നിന്ന് വിമുക്തമായിരിയ്ക്കും. ഒരിക്കൽ അഹങ്കാരത്തിൽ നിന്ന് വിമുക്തനായാൽ അവൻ ജീവിതവുമായി സംഘർഷത്തിൽ ഏർപ്പെടുകയില്ല. അവൻ കൊല്ലുകയില്ല, വ്യഭിചാരം ചെയ്യുകയില്ല, മോഷ്ടിയ്ക്കുകയില്ല, ചതിയ്ക്കുകയില്ല, അധിക്ഷേപിയ്ക്കുകയില്ല, ആക്ഷേപിയ്ക്കുകയില്ല, പൊങ്ങച്ചം പറയുകയില്ല. മാത്രമല്ല, അവന് ജീവിതത്തിന്റെയും ലോകത്തിന്റെയും യഥാർത്ഥ അർത്ഥം മനസ്സിലാക്കി സമചിത്തതയോടെ പ്രവർത്തിക്കുവാൻ സാധിയ്ക്കുകയും ചെയ്യുന്നു.

3. ആര്യസത്യങ്ങളെ പിൻതുടരുകയെന്നത് ഇരുൾനിറഞ്ഞ ഒരു മുറിയിലേയ്ക്ക് വിളക്കുമായി കടന്നുചെല്ലുന്നതുപോലെയാണ്; ഇരുൾ മങ്ങിമറയുന്നതിനൊപ്പം മുറി വെളിച്ചം കൊണ്ട് പ്രകാശമാനമാകുകയും ചെയ്യും.

ആര് ആര്യസത്യങ്ങളുടെ അർത്ഥം നന്നായി മനസ്സിലാക്കി അതിന്റെ വഴിയിൽ സഞ്ചരിക്കുവാൻ പ്രാപ്തനാകുന്നുവോ അവർ അജ്ഞതയാകുന്ന ഇരുട്ടിനെ മാറ്റി ജ്ഞാനോദയം ഉരുവാക്കി പ്രജ്ഞയും വിവേകവും പ്രാപിക്കുന്നു. അജ്ഞത, ഇരുട്ട് വെളിച്ചത്തിൽ മാറിപോകുന്നതുപോലെ മാറി പ്രജ്ഞയാകുന്ന പ്രകാശത്താൽ ജീവിതത്തെ ധന്യമാക്കുന്നു.

ഭഗവാൻ ബുദ്ധൻ ആര്യസത്യങ്ങളെ മുൻനിർത്തി ജീവിതത്തെക്കുറിച്ചുള്ള തന്റെ അത്യുത്തമമായ മാർഗ്ഗങ്ങൾ ജനങ്ങളെ അറിയിയ്ക്കുകയും അതിലൂടെ അവരെ ജ്ഞാനമാർഗ്ഗത്തിന്റെ പാതയിൽ സ്വയം നയിക്കപ്പെടുവാൻ പ്രാപ്തരാക്കുകയും ചെയ്യും. അങ്ങനെ ബുദ്ധമാർഗ്ഗത്തിലൂടെ നയിക്കപ്പെടുന്ന മനുഷ്യൻ സ്വയം ജീവിതദുഃഖങ്ങളിൽ നിന്ന് മോചിതനാകുന്നതോടൊപ്പം, മറ്റുള്ളവരെ ശരിയായ മാർഗ്ഗത്തിൽ നയിക്കപ്പെടുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

അവർ എക്കാലവും വിശ്വസ്തരും, സ്നേഹസമ്പന്നരും, തന്മൂലം തികഞ്ഞ മനുഷ്യസ്നേഹികളുമായിരിയ്ക്കും. അവർ ആര്യസത്യങ്ങളുടെ ഉള്ളടക്കം ശരിയ്ക്കും മനസ്സിലാക്കിയിരിയ്ക്കുന്നതിനാൽ അജ്ഞതയും വേദനയും ഒരിക്കലും അവരെ അലോസരപ്പെടുത്തുന്നില്ല, മാത്രമല്ല അമിതമായ ദ്രവ്യാഗ്രഹങ്ങൾ അവരിൽ അശേഷം അവശേഷിയ്ക്കുകയുമില്ല. ആര്യസത്യങ്ങളിൽ നിന്ന് ആരംഭിച്ച് ബുദ്ധന്റെ യഥാർത്ഥശിഷ്യന്മാർ മറ്റു ജീവിത സത്യങ്ങളും ക്രമേണ സ്വാംശീകരിച്ചെടുക്കുന്നു; മാത്രമല്ല, ജീവിതസംബന്ധിയായ എല്ലാകാര്യങ്ങളുടെയും അർത്ഥം അവർ വളരെ വേഗം മനസ്സിലാക്കിയെടുക്കുന്നു. അതിനുശേഷം ബുദ്ധധർമ്മത്തിന്റെ സാരാംശം സാമാന്യജനങ്ങൾക്ക് സരളഭാഷയിൽ വിവരിച്ചു കൊടുക്കുന്നു.

## II
## കാരണ വ്യവസ്ഥ

1. എല്ലാ ജീവിത ദുഃഖങ്ങൾക്കും അതിന്റേതായ കാരണങ്ങളുണ്ട്, അതുകൊണ്ടു തന്നെ അവയെ ഉൻമൂലനം ചെയ്യുന്നതിന് ശരിയായ മാർഗ്ഗങ്ങളുണ്ട്. ഈ ലോകത്തിനും അതിലുള്ള എല്ലാവസ്തുക്കളും കാര്യകാരണവ്യവസ്ഥിതിയുടെ ഒരു വലിയ സമന്വയവും സമുച്ചയവുമാണ്. ആ കാര്യകാരണങ്ങൾ നിവൃത്തിയായി അസ്തമിക്കുന്നതോടെ വസ്തുക്കളും അപ്രത്യക്ഷമാകുന്നു.

മഴ പെയ്യുന്നതും, കാറ്റ് വീശുന്നതും, ചെടികൾ തളിർക്കുന്നതും, ഇലകൾ പഴുക്കുന്നതും, അവ നിലത്തുവീണ് കരിയിലയായി കാറ്റിൽ പറക്കുന്നതും എല്ലാം ആന്തരികമായി നിലനിൽക്കുന്ന ചില കാര്യകാരണവ്യവസ്ഥിതിയുടെ ഫലമായാണ്, ഒന്ന് മറ്റൊന്നിനെയാശ്രയിച്ച് നിലകൊള്ളുന്നു. ഈ സമഗ്രമായ കാര്യകാരണ വ്യവസ്ഥ ഏതെങ്കിലും വിധത്തിൽ നിർവൃതിയാകുകയോ നിലയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ മേൽപറഞ്ഞ പ്രതിഭാസങ്ങൾ ഒന്നൊന്നായി അപ്രത്യക്ഷമാകും. ഉദാഹരണത്തിന് കടലിലെ വെള്ളം സൂര്യപ്രകാശത്തിന്റെ താപമേറ്റ് ആവിയായി മേഘങ്ങളായി മാറിയില്ലെങ്കിൽ മഴ പെയ്യുകയില്ല.

ഒരുവൻ മാതാപിതാക്കളിൽ നിന്നും ജന്മം സ്വീകരിയ്ക്കുകയും, അവന്റെ ശരീരം ഭക്ഷണത്താൽ പരിപോഷിപ്പിക്കപ്പെടുകയും, അവന്റെ ആത്മാവും മനസ്സും ഉപദേശങ്ങളാലും പഠനങ്ങളാലും അനുഭവങ്ങളാലും രൂപം പ്രാപിച്ചുവരുകയും ചെയ്യുന്നു.

അതുകൊണ്ട് ഒരു മനുഷ്യന്റെ ശരീരവും മനസ്സും കാര്യകാരണങ്ങളെ ആസ്പദമാക്കി നിലകൊള്ളുന്നു. അവ മാറ്റുകയൊ അവയുടെ സ്വാധീനം കുറയ്ക്കുകയോചെയ്യുകയാണെങ്കിൽ തത്തുല്യമായ മാറ്റം ആ വ്യക്തിത്വത്തെയും സാരമായി ബാധിയ്ക്കുന്നു.

ഒരുവല ധാരാളം ചെറിയ കെട്ടുകളാൽ നിർമ്മിച്ചിരിയ്ക്കുന്നതും ആ കെട്ടുകൾ പരസ്പരം ആശ്രയിച്ചിരിയ്ക്കുകയും ചെയ്യുന്നു. അതുപോലെ ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും പരസ്പരം ആശ്രയിച്ചിരിയ്ക്കുന്നു. ആരെങ്കിലും വലയുടെ ഏതെങ്കിലും ഇഴയോ കെട്ടോ സ്വതന്ത്രമാണെന്ന് കരുതിയാൽ അയാൾ തികച്ചും യഥാർത്ഥവിരുദ്ധമായി ചിന്തിയ്ക്കുന്നുവെന്ന് മനസ്സിലാക്കണം.

ഒരുവലയെ വലയെന്ന് വിളിയ്ക്കുന്നത് അത് അനേകം ഇഴകളാൽ നിർമ്മിക്കപ്പെട്ടിരിക്കു ന്നതുകൊണ്ടാണ്, അതുപോലെ തന്നെയാണ് ഒരൊ ഇഴയ്ക്കും മറ്റ് ഇഴകളുമായുള്ള ബന്ധവും അവയെ താങ്ങിനിർത്തുന്നതിനുള്ള ഉത്തരവാദിത്വവും.

2. പുഷ്പങ്ങൾ വിടരുന്നത് വളരെ സൂക്ഷ്മമായ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയേ വിവരിയ്ക്കുവാൻ സാധിക്കുകയുള്ളു, അതുപോലെ തന്നെ ഇലകൾക്കും തളിരുകൾക്കും പിന്നിലും സൂക്ഷ്മങ്ങളായ കാരണങ്ങൾ ഉണ്ട്. പുഷ്പങ്ങളോ ഇലകളോ സ്വതന്ത്രമായി ഉണ്ടാകുകയോ നശിയ്ക്കുകയോ ചെയ്യുന്നില്ല. ഈ പ്രതിഭാസങ്ങൾ കാലാവസ്ഥയേയും അന്തരീക്ഷത്തിന്റെ ഊഷ്മാവിനേയും ആശ്രയിച്ചിരിയ്ക്കുന്നു. അതുകൊണ്ട്, ഈ ലോകത്തിലെ എല്ലാപ്രതിഭാസങ്ങളും കാര്യകാരണങ്ങളെ ആസ്പദമാക്കിയാണ് നിലനില്ക്കുന്നത്.

പ്രപഞ്ചത്തിലെയെല്ലാപ്രതിഭാസങ്ങളും എന്തെങ്കിലുമൊരു കാര്യകാരണ വ്യവസ്ഥിതിയുടെ അടിസ്ഥാനത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ഈ ലോകത്തെസംബന്ധിച്ചിടത്തോളം അടിസ്ഥാനവും മാറ്റമില്ലാത്തതുമായ സത്യമായി കണക്കാക്കപ്പെടുന്നു,

## III
## പ്രതീത്യസമുത്പാതം (ഉണ്ടാക്കപ്പെട്ടതിന്റെ പ്രതിത്യാവസ്ഥ)

1. എവിടെയാണ് മനുഷ്യന്റെ വേദനകളുടെ, സങ്കടങ്ങളുടെ, ദുഃഖങ്ങളുടെ, രോദനങ്ങളുടെ ഉറവിടം? അവയുടെ ഉറവിടം മനുഷ്യൻ അവന്റെ ദ്രവ്യാഗ്രഹങ്ങളുടെ മേലുള്ള അമിതവാഞ്ഛയിൽ കണ്ടെത്തുവാൻ സാധിക്കുമോ?

മനുഷ്യൻ സ്വന്തം ഇച്ഛകളുടെമേൽ അമിതമായി തൂങ്ങി പിടിയ്ക്കുകയും ധനത്തിന്റെയും, പദവികളുടെയും, സുഖസൗകര്യങ്ങളുടെയും മായികലോകത്ത് അമിതമായ താല്പര്യവും മമതയും കാണിയ്ക്കുകയും അവയുടെ സാക്ഷാൽകാരത്തിനായി അശ്രാന്തം പരിശ്രമിയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഈ അഭിവാഞ്ഛയാണ് മനുഷ്യദുഃഖങ്ങളുടെ ശരിയായ കാരണം.

ലോകം അതിന്റെ ആരംഭം മുതൽ ദുഃഖങ്ങളുടെ ഒരു വലയത്തിലാണ് സ്ഥിതിചെയ്തുപോന്നിട്ടുള്ളത്, അതുമാത്രമല്ല നിത്യദുഃഖങ്ങളായ രോഗങ്ങൾ, വാർദ്ധക്യം, മരണം എന്നിവ മനുഷ്യജീവിതത്തെ പിടിച്ചു കുലുക്കിക്കൊണ്ടിരിക്കുന്നു.

ദുഃഖങ്ങളുടെയെല്ലാം അടിസ്ഥാനം വിശകലനം ചെയ്തു നോക്കുകയാണെങ്കിൽ ഒരുകാര്യം വ്യക്തമാകും, മനുഷ്യന്റെ അമിതമായ ആഗ്രഹങ്ങളാണ് അവയ്ക്കെല്ലാം പിന്നിലെന്ന്. ഇങ്ങനെ ആഗ്രഹങ്ങളുണ്ടാക്കുന്ന മായികവലയത്തിൽ നിന്നും അവയുടെ സ്വാധീനത്തിൽനിന്നും രക്ഷപ്പെടുവാൻ സാധിച്ചാൽ ദുഃഖങ്ങളിൽ നിന്ന് നിത്യശാന്തിനേടുവാൻ സാധിക്കും.

അജ്ഞത അമിതമായ ആർത്തിയെക്കൊണ്ട് മനുഷ്യമനസ്സിനെ നിറയ്ക്കുന്നു.

അജ്ഞത ഉണ്ടാകുന്നത് യഥാർത്ഥത്തിൽ മനുഷ്യൻ കാര്യകാരണങ്ങളെക്കുറിച്ചും പ്രപഞ്ചത്തിന്റെ യഥാർത്ഥ അവസ്ഥയെക്കുറിച്ചും വേണ്ടപോലെ ബോധവാനല്ലാത്തതു കൊണ്ടാണ്.

ഈ അജ്ഞതയിൽ നിന്ന് അമിതാഗ്രഹം മുളയിടുന്നു. അമിതാഗ്രഹം വിവിധങ്ങളായ ദ്രവ്യങ്ങളുടെമേലും, നേടാൻ അസാദ്ധ്യമായ വസ്തുക്കളുടെമേലും അവാച്യമായ ഒരഭിനിവേശം ഉരുവാക്കുവാൻ കാരണമാക്കുന്നു, മാത്രമല്ല അവയുടെ പിന്നാലെ പോകുവാനും അവയുണ്ടാക്കാവുന്ന മേന്മയെപ്പറ്റി സ്വപ്നം കാണുവാനും അതുകിട്ടിയില്ലെങ്കിൽ തീവ്രമായി ദുഃഖിക്കാനും അവനെ, പ്രേരിപ്പിക്കുന്നു.

അജ്ഞതയുടെ സ്വാധീനവും അമിതാഗ്രഹങ്ങളുടെ പ്രവർത്തനവും കാരണം മനുഷ്യൻ ഈ ലോകത്തിലെ വസ്തുക്കളേയും സംഭവങ്ങളേയും തരംതിരിച്ച് വീക്ഷിക്കുവാൻ പ്രേരിതനാകുന്നു. എന്നാൽ യഥാർത്ഥത്തിൽ അവ തരംതിരിച്ചു വീക്ഷിക്കേണ്ടവയല്ല. എന്തെന്നാൽ മനുഷ്യജീവിതത്തെ സംബന്ധിച്ചിടേത്താളം ശരിയും തെറ്റും വേർതിരിച്ചു കാണേണ്ടതല്ല. ശരിയുംതെറ്റുമെന്ന വേർതിരിവ് മനുഷ്യന്റെ അജ്ഞതയിൽ നിന്ന് ജനിതമാകുന്ന ഒരു പ്രതിഭാസമാണ്.

**കാരണ വ്യവസ്ഥ**

അജ്ഞതയുള്ളതിനാൽ സാമാന്യ മനുഷ്യർ എപ്പോഴും തെറ്റായ മാർഗ്ഗത്തിൽ ചിന്തിയ്ക്കുകയും തുടർന്ന് ശരിയായ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുകയും ചെയ്യുന്നു. തെറ്റായ ചിന്തകളും അഹങ്കരവും ഒരുവന്റെ വ്യക്തിത്വത്തെ നിയന്ത്രിയ്ക്കുവാൻ കാരണമാക്കുന്നു, അത് അവനെ ജീവിതത്തിൽ തെറ്റായ മർഗ്ഗങ്ങളെ പിൻതുടരുവാൻ പ്രേരിപ്പിയ്ക്കുന്നു. ഈ കാരണം കൊണ്ടുതന്നെ അവൻ മായികമായ ഒരു പ്രഭാവത്തിന് വിധേയനായിത്തീരുകയും ചെയ്യുന്നു.

അജ്ഞനായ മനുഷ്യൻ അഹങ്കാരമാകുന്ന നിലത്തെ തന്റെ കർമ്മമണ്ഡലമായി തിരഞ്ഞെടുക്കുന്നു. മനസ്സിന്റെ തരംതിരിക്കൽ ആകുന്ന വിത്ത് വിതയ്ക്കുന്നു, അജ്ഞതയാൽ അത് ഘനഗംഭീരമാകുന്നു, അമിതാഗ്രഹമാകുന്ന വളവും വെള്ളവും അതിനെ പരിപോഷിപ്പിയ്ക്കുന്നു. അഹങ്കാരത്തിൽ നിന്ന് ഉണർവ് സ്വീകരിച്ചുകൊണ്ട് തിന്മയകുന്ന വിളവും അതിന്റെ പാർശ്വഫലങ്ങളാകുന്ന മോഹത്തിന്റെയും മായയുടെയും വലയത്തിൽ അങ്ങനെയവൻ സ്വയം അകപ്പെടുന്നു.

2. ഈ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിരീക്ഷിയ്ക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ മനുഷ്യ മനസ്സാണ് എല്ലാ ആശനിരാശകളുടെയും, വേദനയുടെയും, വാർദ്ധ്യക്യത്തിന്റെയും രോദനങ്ങളുടെയും കാരണം.

ഈ മായികലോകത്തിന്റെ നേരായുള്ള കാരണം മനുഷ്യമനസ്സിൽ ഉണർന്നുവരുന്ന ഒരു കാല്പനികഭാവത്തിന്റെ ആവിഷ്കാരമാണ്. അത് ഒരു നിഴൽപോലെയാണ്. എന്നാൽ അതൊടൊപ്പം ഒരു വസ്തുത മനസ്സിലാക്കണം ഈ മനസ്സിൽ നിന്ന് തന്നെയാണ് ജ്ഞാനവും നിർവ്വാണവും സാദ്ധ്യമാകുന്നത്.

3. ഈലോകത്തിൽ മൂന്ന് തെറ്റായ വീക്ഷണങ്ങളെ നമ്മൾ .

കാര്യമായി ഗ്രഹിക്കണംഎന്തെന്നാൽ ഒരുവൻ ഈ വീക്ഷണങ്ങളോട് പ്രതിപത്തികാണിയ്ക്കുകയാണെങ്കിൽ എല്ലാത്തിനെയും നിഷേധിക്കുവാനെ അവനു സാധിയ്ക്കുകയുള്ളു.

ആദ്യത്തേത് ചിലർ പറയുന്നു എല്ലാ മനുഷ്യാനുഭവങ്ങളും വിധിയെ അനുസരിച്ചാണ് നിലകൊള്ളുന്നത്. രണ്ടാമത്തേത്, എല്ലാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ് അതിനാൽ എല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്, ആ ദിവ്യനിശ്ചയത്തിന് വഴിപ്പെടുവാനെ മനുഷ്യന് ആത്യന്തികമായി സാധിയ്ക്കുകയുള്ളു. മൂന്നമതായി ചിലർ പറയുന്നു, ഈ ലോകവും സർവ്വചരാചരങ്ങളും ആകസ്മികമായി സംഭവിച്ച കാര്യങ്ങളാണ് അവയുടെ പിന്നിൽ യാതൊരു കാരണമോ നിയന്ത്രണമോ ഇല്ല.

എല്ലാം തീരുമാനിക്കപ്പെടുന്നത് വിധിയെയനുസരിച്ചാണെങ്കിൽ സൽകർമ്മവും, ദുഷ്കർമ്മവും ഒരുവന് വിധിയക്കപ്പെട്ടിട്ടുള്ളതാകുന്നു. സ്നേഹവും വെറുപ്പും വിധിയ്ക്കപ്പെട്ടിട്ടുള്ളതാകുന്നു; മാത്രമല്ല ഈ ലോകത്തിൽ വിധിക്കപ്പെട്ടവയല്ലാതെ ഒന്നും നിലനില്ക്കപ്പെടുന്നില്ല. അതിന്റെ അർത്ഥം ഈ ലോകജീവിതത്തിൽ എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ മനുഷ്യന്റെ ഇച്ഛാശക്തിക്കും പ്രവർത്തന ക്ഷമതയ്ക്കും യാതൊരു പ്രാധാന്യമില്ലെന്നു മാത്രമല്ല അവയെ ആശ്രയിക്കുന്നത് യഥാർത്ഥത്തിൽ വിഡ്ഢിത്വവുമാണ്. ഏതോ ഒരു ശക്തി എല്ലാം തീരുമാനിച്ച് ഉറപ്പിച്ചകാര്യങ്ങൾ സ്വേച്ഛയാ നടത്തുന്നു. മനുഷ്യന് അവന്റെ പ്രയത്നംകൊണ്ട് എന്തെങ്കിലും സാധിയ്ക്കുവാനോ അതിൽകൂടി എന്തെങ്കിലും പ്രത്യാശിയ്ക്കുവാനോ യാതൊരു അവകാശവുമില്ല.

ഈ ദർശനത്തിന്റെ മറുദർശനമായ, ഈ ലോകത്തിലുള്ള എല്ലാവസ്തുക്കളും, സംഭവങ്ങളും ഒരിക്കലും കണ്ടിട്ടില്ലാത്തതും സത്യമെന്ന് പറഞ്ഞുമാത്രം അറിവായിട്ടുള്ള ദൈവത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെങ്കിൽ, അല്ലെങ്കിൽ ഒരു നിമിത്തത്തിന്റെ ബഹിർസ്ഫുരണമാണെങ്കിൽ എന്തു പ്രാധാന്യമാണ് മനുഷ്യന്റെ പ്രവർത്തനങ്ങൾക്കും പ്രയത്നങ്ങൾക്കുമുള്ളത്? അവയ്ക്ക് മൂല്യമില്ലെന്നതുമാത്രമല്ല, ഇങ്ങനെയൊരു ദർശനം കൊണ്ടു നടക്കുന്ന മനുഷ്യൻ, എപ്പോഴും നിരാശനാകുകയും പരിശ്രമങ്ങളിൽ നിന്നൊഴിഞ്ഞ് വിധിയെയും ദൈവത്തെയും പഴിച്ച് ജീവിതം സ്വയം ദുരിതപൂർണ്ണമാക്കിമാറ്റുന്നു. ഒരുവൻ തന്റെ പരിശ്രമങ്ങളിലൂടെ സ്വായത്തമാക്കുന്ന അറിവിലും കഴിവിലും ഊന്നി നന്മയുടെ മാർഗ്ഗത്തിൽ ജീവിയ്ക്കുകയാണെങ്കിൽ അവനെ തിന്മ ഒരിക്കലും ശല്യപ്പെടുത്തുകയോ അതുമൂലം അവന്റെ മനസ്സിൽ ദുഃഖം കുമിഞ്ഞുകൂടുകയോ ചെയ്യുന്നില്ല.

യഥാർത്ഥത്തിൽ ഈ മൂന്നു വീക്ഷണങ്ങളും തെറ്റാണ്; ശരിയ്ക്കും ഈ ലോകത്തിലുള്ള എല്ലാകാര്യങ്ങളും, സംഭവങ്ങളും തുടർച്ചയായി മാറിവരുന്ന നൈമിഷികങ്ങളായ ചെറിയ സംഭവങ്ങളാണ്; മാത്രമല്ല, അവയെ നയിക്കുന്ന നിയതമായ ഒരു കാര്യകാരണ വ്യവസ്ഥിതിയും അവയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്.

## അദ്ധ്യായം രണ്ട്

# മനസ്സു-മാത്രം എന്ന സിദ്ധാന്തവും വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയും

## I
## അഹങ്കാരമില്ലായ്മയും അനിത്യത്വമെന്ന പ്രമാണവും

1. ശരീരവും മനസ്സും ഒന്നായി പ്രവർത്തിക്കുന്നതിനു പിന്നിൽ നിയതമായ ഒരു കാര്യ കാരണവ്യവസ്ഥ സൂക്ഷ്മമായി പ്രവർത്തിയ്ക്കുന്നുണ്ട്. അത് ഒരിക്കലും ഒരു വ്യക്തിയുടെ സ്ഥൂലവ്യക്തിത്വത്തെ ആശ്രയിച്ചല്ല സംഭവിയ്ക്കുന്നത്. മറിച്ച് മനുഷ്യശരീരം സൂക്ഷ്മങ്ങളായ കണികകളുടെ സഞ്ചയനമായിട്ടുള്ളതിനാൽ അത് അനിത്യമാണ് .

ശരീരത്തിന്റെ കാര്യങ്ങൾ നിശ്ചയിക്കുന്നത് അഹങ്കാരവും വ്യക്തിപ്രഭാവവുമാണെങ്കിൽ, അത് മുൻനിശ്ചയംപോലെ നടക്കപ്പെടും എന്നാൽ അങ്ങനെയല്ല ലോകസംഭവങ്ങളുടെ പ്രവർത്തനരീതി.

ഒരു രാജാവിന് തനിക്കിഷ്ടമുള്ളതുപോലെ എന്തും ചെയ്യുവാനും പ്രവർത്തിക്കുവാനും സാധിക്കും. എന്നാൽ രോഗവും വാർദ്ധക്യവും അദ്ദേഹത്തിന്റെ ഈ ഇഷ്ടത്തിനു വഴങ്ങുന്നില്ല. അദ്ദേഹത്തിന്റെ ഇഷ്ടമോ താല്പര്യമോനോക്കതെ രോഗവും വാർദ്ധക്യവും ക്രമേണ ഭവിയ്ക്കുന്നു. അങ്ങനെ നോക്കുമ്പോൾ നിത്യയൗവ്വനം ആഗ്രഹിക്കുന്ന അദ്ദേഹത്തിന്റെ താല്പര്യത്തിനും ജീവിതത്തിൽ യഥാർത്ഥത്തിൽ നടക്കുന്ന സംഭവങ്ങൾക്കും തമ്മിൽ പ്രത്യേകിച്ചൊരു ബന്ധവുമില്ല.

യഥാർത്ഥത്തിൽ മനസ്സോ, അഹങ്കാരമോ നിത്യമായി നിലനിൽക്കുന്നില്ല; മനുഷ്യന്റെ മനസ്സ് എന്നത് കാര്യകാരണവ്യവസ്ഥയുടെയും അതിനെ ചൂഴ്ന്നുവരുന്ന ചുറ്റുപാടുകളുടെയും ഒരു സമീകരണമാണ്, മാത്രമല്ല അത് തുടർച്ചയായി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിയ്ക്കുന്നു.

മനസ്സിന്റെ കാര്യങ്ങൾ നിശ്ചയിക്കുന്നത് അഹങ്കാരവും വ്യക്തിപ്രഭാവവുമാണെങ്കിൽ, അവ അഹങ്കാരത്തിന്റെ നിശ്ചയംപോലെ നടക്കും. എന്നാൽ മനസ്സ് സാധാരണയായി അത്തരം നിശ്ചയങ്ങൾക്ക് വിധേയമാകാറില്ല,

അത് ശരിയായ കാര്യങ്ങളിൽ നിർണ്ണയിച്ച് പ്രവർത്തിയ്ക്കുമ്പോഴും അതിൽനിന്ന് വ്യതിചലിച്ച് തെറ്റിന്റെ പാതപിൻതുടരുന്നതായി കാണാം. ഒരിക്കലും മനോധർമ്മത്തിന്റെ നിയന്ത്രണത്തിൽ കാര്യങ്ങൾ നടക്കുന്നതായി കാണാൻ സാധിയ്ക്കുകയില്ല.

2. ആരെങ്കിലും ശരീരവും മനസ്സും നിത്യമായി നിലനിൽക്കുന്നുവെന്നോ അതോ മാറിക്കൊണ്ടിരിക്കുന്നുവെന്നോ ഉള്ള ചോദ്യത്തിന് ഉത്തരം നൽകാൻ ശ്രമിക്കുകയാണെങ്കിൽ അയാൾ ആദ്യം മാറിക്കൊണ്ടിരിയ്ക്കുന്ന മനസ്സിനെപ്പറ്റി പറയണം.

അതുപോലെ ഒരുവൻ, ജീവിതത്തിൽ മാറിക്കൊണ്ടിരിക്കുന്നത് സുഖമാണോ ദുഃഖമാണോ എന്ന ചോദ്യത്തിന് മറുപടി നൽകുമ്പോൾ, അവൻ ആദ്യം ദുഃഖത്തെപ്പറ്റി പറയണം.

എന്നാൽ അഹങ്കാരത്തെപ്പറ്റി ഒരു തത്വം രൂപീകരിച്ച്, ഒരു മനുഷ്യൻ തന്റെ മനോധർമ്മവും അഹങ്കാരവും എപ്പോഴും ദുഃഖപൂരിതവും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും വിശ്വസിക്കുകയാണെങ്കിൽ ആ വിശ്വാസം ഭയാനകമായ ഒരു വിപത്തിനെയാണ് സൂചിപ്പിക്കുന്നത്.

മനുഷ്യമനസ്സ് അനിത്യവും ദുഃഖം നിറഞ്ഞതുമാണ്; അതിൽ ഒരുവിധത്തിലുമുള്ള അഹങ്കാരം നിലനിൽക്കുന്നതായി തോന്നുന്നില്ല. നമ്മുടെ വ്യക്തിത്വത്തിന് ആധാരമായ മനസ്സും ശരീരവും അതിനെ ചുറ്റിനിൽക്കുന്ന ലോകവും 'ഞാൻ' അല്ലെങ്കിൽ 'എന്റേത്' എന്നീ വിശേഷണങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നു.

മനുഷ്യമനസ്സിൽ അശുദ്ധമായ ദ്രവ്യാഗ്രഹവും തൃഷ്ണയും ഉറഞ്ഞുകൂടുമ്പോഴാണ് അവന്റെ ബോധം 'ഞാൻ' അല്ലെങ്കിൽ 'എന്റേത്' തുടങ്ങിയ ചിന്തകളിൽ വ്യാപൃതമാകുന്നത്.

മനുഷ്യശരീരവും അതിന്റെ ചുറ്റുപാടുകളും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും നൈമിഷികവുമായ സംഭവങ്ങളുടെ ഒത്തൊരുമിക്കലിന്റെഒരു ശൃംഖലയുമായതിനാൽ അത് തുടർന്നു കൊണ്ടിരിക്കും.

**മനസ്സു-മാത്രം എന്ന സിദ്ധാന്തവും വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയും**

മനുഷ്യമനസ്സിനെ ഒരു നിലയ്ക്കാത്ത ജലപ്രവാഹത്തിനോടും, കത്തിക്കൊണ്ടിരിയ്ക്കുന്ന തീജ്വാലയോടും തുലനപ്പെടുത്താവുന്നതാണ്, ഒരു കുരങ്ങനെപ്പോലെ അത് എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ചാടിക്കൊണ്ടിരിയ്ക്കും, ഒരിക്കലും ഒരിടത്തും സ്ഥായിയായി നിൽക്കുന്നില്ല.

ബുദ്ധിമാനായ ഒരു മനുഷ്യൻ ജീവിതത്തിൽ സംഭവിക്കുന്ന ഇത്തരം വസ്തുതകളെ മനസ്സിലാക്കി തന്റെ ജീവിതവീക്ഷണം രൂപപ്പെടുത്തുന്നു. അതിനാൽ അവൻ ശരീരത്തിന്റെയും മനസ്സിന്റെയും ബന്ധനങ്ങളിൽപ്പെടാതെ മാറി നില്ക്കുവാൻ പഠിയ്ക്കുന്നു. അങ്ങനെയുള്ള ഒരുവന് നിർവ്വാണം എപ്പോഴും സാധ്യമാകുന്നു.

3. ഈ ലോകത്തിൽ അഞ്ചുകാര്യങ്ങൾ ഒരുമനുഷ്യനെക്കൊണ്ട് നിത്യമായി നിലനിർത്തുവാൻ സാധിയ്ക്കു കയില്ല: ഒന്ന്, യൗവ്വനത്തിൽ നിന്ന് വാർദ്ധക്യത്തിലേയ്ക്കുള്ള വളർച്ച നിർത്തുവാനുള്ള കഴിവ്; രണ്ട്, രോഗങ്ങളെ തടയുന്നതിനുള്ള കഴിവ്; മൂന്നാമത്, മരണം ഇല്ലാതാക്കാനുള്ള കഴിവ്; നാല്, നാശം വരുമ്പോൾ അതിനെ തടഞ്ഞുനിർത്തി നശിപ്പിയ്ക്കുവാനുള്ള കഴിവ്; ക്ഷീണത്തെ നിർത്തുവാനുള്ള ക്ഷമതയും കഴിവും.

സാധാരണ മനുഷ്യർ ഈ അഞ്ച് അസാദ്ധ്യമായ കാര്യങ്ങളെ നിത്യമായി അവസാനിപ്പിച്ചെടുക്കുവാനുള്ള കഠിനപ്രയത്നത്തിൽ ഏർപ്പെട്ടു കൊണ്ടിരിയ്ക്കുന്നു. അസാദ്ധ്യമായ ഈ ശ്രമത്തിൽ ഏർപ്പെട്ടിരിയ്ക്കുന്ന അവരുടെ ദുഃഖത്തിന് ഒരിക്കലും ഒരവസാനമുണ്ടാകുന്നില്ല. വേറേ ചിലർ ഈ സത്യങ്ങളെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്നു വിശ്വസിച്ച് വിധിയെപ്പഴിച്ച് ജീവിതം നയിയ്ക്കുന്നു. ബുദ്ധോപദേശങ്ങൾ ഈ സത്യങ്ങളെ വേണ്ടവിധം മനസ്സിലാക്കി ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിൽ ഒരു മനുഷ്യനെ സാഹായിയ്ക്കുന്നു.

ഈ ലോകത്തിൽ നാല് സത്യങ്ങൾ വളരെ കാര്യമായി കാണണം: ആദ്യമായി, എല്ലാ ജീവനും അജ്ഞതയിലാണ് നിലകൊള്ളുന്നത്; രണ്ടാമതായി, ആഗ്രഹമുണർത്തുന്ന വസ്തുക്കളെല്ലാം അനിത്യമാണ്, ദുഃഖജനിതമാണ്, അവ്യക്തമാണ്; മൂന്നമതായി, ലോകത്തിൽ അനുഭവിക്കുവാൻ സാധിയ്ക്കുന്നതും നിലനിൽക്കുന്നതെന്നുതോന്നുന്നതുമായ എല്ലാ വസ്തുക്കളും അനിത്യമാണ്, അവ്യക്തമാണ്, ദുഃഖശ്രോതസ്സുകളാണ്; നാലമതായി, ഈ ലോകത്തിൽ ഒന്നിനും തനതായ വ്യക്തിത്വമില്ല, അതിനാൽ 'ഞാൻ' 'എന്റേത്' തുടങ്ങിയ ചിന്തകൾക്ക് യാതൊരു അടിസ്ഥാനമോ നിലനില്പോയില്ല.

എല്ലാം അനിത്യമാണെന്നുള്ളതും, നൈമിഷികമായി കടന്നുപോകുന്ന പ്രതിഭാസമാണെന്നുള്ളതും, സ്വഭാവമോ വ്യക്തിത്വമോ ഇല്ലാത്തവയെന്നുമുള്ള സത്യങ്ങൾ ബുദ്ധാവതാരങ്ങളുമായി യാതൊരു ബന്ധവുമില്ല. ഈ ലോകത്തിന്റെ യഥാർത്ഥ അവസ്ഥ അനിത്യമാണെന്നുള്ള സത്യം ബുദ്ധോപദേശങ്ങളുടെ അന്തഃസത്തയാണ്, അതാണ് ബുദ്ധധർമ്മത്തിന്റെ യഥാർത്ഥമൂല്യവും.

## II
## മനസ്സു മാത്രം എന്ന തത്വം

1. മിഥ്യയുടെ പ്രഭാവമുള്ള ഭൗതികലോകവും നിർവ്വാണത്തിന്റെ ലോകവും മനസ്സിനുള്ളിൽ തന്നെയാണ്. ഒരു മാന്ത്രികന്റെ കരവൈഭവത്തിൽനിന്ന് വിവിധ വസ്തുക്കൾ വിടർന്നു വരുന്നതുപൊലേ എല്ലാ ഭൗമവസ്തുക്കളും പ്രതിഭാസങ്ങളും മനോവ്യാപാരങ്ങളിൽ നിന്നാണ് ആവിർഭവിയ്ക്കുന്നത്.

മനോവ്യാപാരങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ല. അവ മനുഷ്യന്റെ ചുറ്റുപാടുകളെ രൂപീകരിക്കുന്നു. ശുദ്ധമായ മനസ്സിനെ ചുറ്റിപ്പറ്റി അതുപോലെതന്നെ ശുദ്ധവും നിർമ്മലവുമായ വസ്തുക്കളും, പ്രതിഭാസങ്ങളും നിലനിൽക്കുന്നു; അശുദ്ധമായ മനസ്സിനെചുറ്റി അശുദ്ധവും മാലിന്യങ്ങൾ നിറഞ്ഞതുമായ വസ്തുക്കളും പ്രതിഭാസങ്ങളും നിലനിൽക്കുന്നു. ഒരു മനുഷ്യന്റെ ജീവിതചുറ്റുപാടുകളെ അവന്റെ ശുദ്ധമോ അശുദ്ധമോ ആയ മനോവ്യാപാരങ്ങൾ രൂപീകൃതപ്പെടുത്തുന്നു.

എങ്ങനെയൊരു ചിത്രം ചിത്രകാരനാൽ തന്റെ മനോധർമ്മത്തിനനുസരിച്ച് ചിത്രീകരിക്കപ്പെടുന്നുവോ, ജീവിതചുറ്റുപാടുകളെ ഒരുവന്റെ മനോവൃത്തി സ്വതവേ ചിത്രീകരിയ്ക്കുന്നു. ബുദ്ധന്റെ മനസ്സ് ശുദ്ധവും സന്തോഷദായകവുമായ സാഹചര്യങ്ങളെ ചിത്രീകരിയ്ക്കുന്നു, എന്നാൽ സാധാരണ മനുഷ്യന്റെ മനസ്സിന് ആ കഴിവില്ല.

**മനസ്സു-മാത്രം എന്ന സിദ്ധാന്തവും വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയും**

മനുഷ്യമനസ്സ് ചിത്രപാടവമുള്ള ഒരു ചിത്രകാരനെപ്പോലെ വിവിധങ്ങളായ ചിത്രങ്ങൾ സൃഷ്ടിയ്ക്കുന്നു. ഈ ലോകത്തിലുള്ള സർവ്വതും മനുഷ്യമനസ്സിന് മനോവ്യാപാരങ്ങൾക്കനുസരണമായി സൃഷ്ടിയ്ക്കുവാൻ സാധിയ്ക്കും. ബുദ്ധന്റെ മനസ്സ് എല്ലാം സൃഷ്ടിയ്ക്കുവാൻ പ്രാപ്തിയുള്ള മനസ്സാണ്. നിർമ്മലരായമനുഷ്യർ ബുദ്ധനെപ്പോലെ നിർമ്മലമായ മനസ്സിന്നുടമകളാണ്. അതുകൊണ്ട് അവർക്ക് മനോവ്യാപാരങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുണ്ട്.

ബുദ്ധന് ഈ ഭൂമിയിൽ അനുഭവനീയമായ എല്ലാ വസ്തുക്കളെപ്പറ്റിയും ശരിയായ ധാരണയുണ്ട്, ആ ധാരണയുണ്ടാക്കുവാൻ നശ്യമായ മനുഷ്യമനസ്സിന് സാധിയ്ക്കും. അതുകൊണ്ട് ആർക്ക് ഈ സത്യം വ്യക്തമായി മനസ്സിലാക്കുവാൻ സാധിയ്ക്കുന്നുവോ അവന് ബുദ്ധനെ മനസ്സിലാക്കുവാൻ സാധിയ്ക്കും, മാത്രമല്ല, അതിനാൽ ജീവിതദുഃഖങ്ങളിൽ നിന്ന് രക്ഷപ്രാപിയ്ക്കുവാനും സാധിക്കും.

2. ചുറ്റുപാടുകളെ സ്വയം സൃഷ്ടിയ്ക്കുന്ന മനസ്സിന് ഒരിക്കലും ഓർമ്മകളിൽ നിന്നോ, ഭയത്തിൽ നിന്നോ, രോദനങ്ങളിൽ നിന്നോ ഒഴിഞ്ഞുമാറുവാൻ സാധിയ്ക്കുകയില്ല. ഇത് ഭൂതകാലത്തിന്റെ കാര്യത്തിൽ മാത്രമല്ല, വർത്തമാനകാലത്തിന്റെ കാര്യത്തിലും, ഭാവികാലത്തിന്റെ കാര്യത്തിലും സംഭവിയ്ക്കുന്നു. അതിന്റെ യഥാർത്ഥകാരണം തിക്തമായ ഓർമ്മകളുടേയും ഭയത്തിന്റേയും ഉറവിടം, മനുഷ്യന്റെ അഹങ്കാരവും അതിന്റെ ഫലമായ അജ്ഞതയും അസൂയയുമാണ്.

മനുഷ്യന്റെ അജ്ഞതയിൽ നിന്നും ദ്രവ്യാഗ്രഹത്തിൽ നിന്നുമാണ് ലോകത്തെക്കുറിച്ചുള്ള കൽപിതഭാവന മനസ്സിൽ ഉരുവായിവരുന്നത്; അതുമാത്രമല്ല, സങ്കീർണ്ണമായ ജീവിതാനുഭവങ്ങളും അവയെചൂഴ്ന്നു നിൽക്കുന്ന സൂക്ഷ്മമായ കാര്യകാരണ വ്യവസ്ഥിതിയും എല്ലാം മനസ്സിൽ തന്നെയാണ് നിലകൊള്ളുന്നത്.

ഉൽഭവും നാശവും മനോവ്യാപാരങ്ങളുടെ പരിധിയിൽ നിൽക്കുന്നു. അതിനാൽ, ഏതൊരുമനസ്സ് ഉൽഭവത്തെയും നാശത്തെയും കടന്നുപോയികൊണ്ടിരിയ്ക്കുന്ന പ്രതിഭാസങ്ങളായി മനസ്സിലാക്കുന്നുവോ, ആ മനസ്സിനെ മരണവും, ജനനവും സ്വാധീനിയ്ക്കുന്നില്ല.

അജ്ഞതയെ ചൂഴ്ന്നുനിൽക്കുന്ന ഒരു ജീവിതം മിഥ്യയുടേയും മായയുടേയും വശീകരണത്താൽ മനസ്സിനാൽ സംഭവിയ്ക്കുന്നതാണ്. എപ്പോൾ നമ്മൾ ഈ ലോകത്തിലുള്ള എല്ലാ പ്രതിഭാസങ്ങളുടേയുമാധാരം മസ്സിൽ നിന്നാണ് ഉൽഭവിയ്ക്കുന്നത് എന്ന വസ്തുത, പ്രാധാന്യത്തോടെ മനസ്സിലാക്കുന്നുവോ അപ്പോൾ ചഞ്ചലവും ചകിതവുമായ മനസ്സ് ശുദ്ധീകരിയ്ക്കപ്പെടുകയും; നമ്മൾ അവിശുദ്ധമായ ചുറ്റുപാടുകളെ സൃഷ്ടിയ്ക്കുന്നത് അവസാനിപ്പിക്കുകയും തുടർന്ന് നിർവ്വാണം വളരെപ്പെട്ടെന്ന് സാധ്യമാക്കുകയും ചെയ്യുന്നു.

ഇങ്ങനെ സൃഷ്ടിയും നാശവും മനോവ്യാപാരങ്ങളെ ആധാരമാക്കിയാണ് സംഭവിച്ചു കൊണ്ടിരിയ്ക്കുന്നത്, അവ മസ്സിന്റെ തടവറയിലാണ്, അത് മനസ്സിന്റെ നിയന്ത്രണത്തിലാണ്; മനസ്സാണ് എല്ലാ സാഹചര്യങ്ങളുടെയും നായകൻ. ദുഃഖദായകമായ ജീവിതം സൃഷ്ടിക്കുന്നതിന്റേയും നായകത്വം നശ്വരമായ മനസ്സിനാണ്.

3. അതുകൊണ്ട് എല്ലാവസ്തുക്കളും പ്രതിഭാസങ്ങളും അടിസ്ഥാനമായി മനസ്സിന്റെ സൃഷ്ടിപരിധിക്കുള്ളിലാണ്, നിയന്ത്രണത്തിലാണ്. വണ്ടിച്ചക്രങ്ങൾ അതുവലിച്ചുകൊണ്ടുപോകുന്ന കാളയെ പിൻതുടരുന്നതുപോലെ അശുദ്ധമായ മനസ്സിന്റെ ഉടമയായ വ്യക്തിയെ ദുഃഖങ്ങളും അനസ്യൂതം പിൻതുടർന്നു കൊണ്ടിരിയ്ക്കും.

ഒരു മനുഷ്യൻ ശുദ്ധമായ മനസ്സോടുകൂടി ജീവിയ്ക്കുകയും ചിന്തിക്കുകയും പെരുമാറുകയും ചെയ്യുകയാണെങ്കിൽ സന്തോഷം അവനെ അവന്റെ നിഴൽപോലെ പിൻതുടരുന്നു. മറിച്ച്, ഒരുവൻ തെറ്റായമാർഗ്ഗത്തിൽ ചിന്തിയ്ക്കുകയും പ്രവർത്തിയ്ക്കുകയും ചെയ്യുമ്പോൾ, ചെയ്യുന്ന തെറ്റുകളെപ്പറ്റിയുള്ള ബോധം അവനെ തെറ്റിന്റെ പ്രത്യോൽപ്പന്നമായ മാനസികാസ്വാസ്ഥ്യവും ദുഃഖവും നിഴൽപോലെ തന്നെ പിൻതുടരുകയും ചെയ്യുന്നു. അതുകൊണ്ട് നല്ലമാർഗ്ഗത്തിൽ ജീവിയ്ക്കുകയും മനസ്സിനെ നല്ലചിന്തകൾക്ക് വിധേയമാക്കുകയും ചെയ്യുന്ന ഒരു മനുഷ്യന് തന്റെ സൽകർമ്മങ്ങളിൽ നിന്ന് ആത്മസംതൃപ്തിയും സന്തോഷവും ലഭിയ്ക്കുന്നു.

അശുദ്ധമായ മനസ്സ് കഷ്ടതകൾനിറഞ്ഞ ജീവിതപാതയിൽ ഇടറിവീഴുവാനുള്ള സാധ്യതകൾ കൂട്ടുന്നു. അത് ജീവിതയാത്രയെ ബുദ്ധിമുട്ടുള്ളതാക്കുകയും ദുഃഖങ്ങളും ദുരിതങ്ങളും അവസാനമില്ലാത്തതുപോലെ നിലനിൽക്കുന്നുവെന്ന് തോന്നിപ്പിയ്ക്കുകയും ചെയ്യുന്നു. എന്നാൽ മനസ്സ് ശുദ്ധമാണെങ്കിൽ ജീവിതപാത കഷ്ടവിമുക്തവും യാത്ര ശാന്തപൂർണ്ണവുമായിരിയ്ക്കും.

ആര് ജീവിതത്തിൽ ശരീരത്തിന്റെയും മനസ്സിന്റെയും പരിശുദ്ധിയും തുടർന്ന് സന്തോഷവും സമാധാനവും ആഗ്രഹിക്കുന്നുവോ അവൻ ബുദ്ധധർമ്മത്തിന്റെ മാർഗ്ഗം പിൻതുടരുവാൻ അർഹനാണ്. മലിനമായ ചിന്താരീതിയും, അമിതമായ ദ്രവ്യാഗ്രഹവും നിറഞ്ഞ ജീവിത സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുവാൻ ഒരുവനെ ബുദ്ധധർമ്മം സഹായിക്കും. ഒരുവന്റെ മനസ്സ് ശുദ്ധവും ശാന്തവുമായിരുന്നാൽ അവന് തന്റെ മനസ്സിനെ നല്ല ശീലങ്ങൾ പരിശീലിപ്പിച്ചെടുക്കാൻ സാധിയ്ക്കും. ആ ശീലങ്ങൾ അവന്റെ മനസ്സിനെ സ്വയം അശുദ്ധമാകുന്നതിൽ നിന്നു സംരക്ഷിയ്ക്കും.

## III
## വസ്തുക്കളുടെ യഥാർത്ഥ അവസ്ഥ

1. ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും നേരായി വിവരിക്കുവാൻ സാധിയ്ക്കുന്ന ഒരു കാര്യകാരണ വ്യവസ്ഥിതിയുടെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ സധിക്കുമെന്നുള്ളതിനാൽ, വസ്തുക്കളുടെ യഥാർത്ഥ അവസ്ഥകൾ തമ്മിൽ വലിയ വ്യത്യാസമില്ല. എന്നാൽ അവ വിവരിക്കാനും മനസ്സിലാക്കുവാനും ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെടുന്നത് മനുഷ്യരുടെ അയുക്തിനിറഞ്ഞതും കലുഷിതമായതുമായ ചിന്ത അവയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതുമൂലമാണ്.

ആകാശത്തിന് ദിശാവ്യത്യാസമില്ല, എന്നാൽ മനുഷ്യൻ അവന്റെ സൗകര്യാർത്ഥം കിഴക്കെന്നും പടിഞ്ഞാറെന്നും ദിക്കുകളെ തിരിയ്ക്കുന്നു, അതിനുശേഷം ഈ തരംതിരുവുകൾ നിത്യസത്യങ്ങളെന്ന് കരുതി, അതിനനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്യുന്നു.

ഗണിതശാസ്ത്രത്തിൽ ഒന്നുമുതൽ അനന്തതവരെയുള്ള സംഖ്യകൾ പൂർണ്ണ സംഖ്യകളായി കണക്കാക്കപ്പെടുന്നു; മാത്രമല്ല ഒരോ സംഖ്യയും അതിൽതന്നെ വ്യക്തമായ എന്തെങ്കിലും അളവോ ഗുണമോ മൂല്യമോ സൂചിപ്പിയ്ക്കുന്നില്ല. എന്നാൽ മനുഷ്യർ അവരുടെ ആവശ്യങ്ങൾക്കനുസരണമായി സൂചികകൾ നിശ്ചയിക്കുകയും ഈ സംഖ്യകൾക്ക് മൂല്യവും അളവും നൽകി ഉപയോഗിയ്ക്കുന്നു.

ജീവിതത്തിൽ സാധാരണ സംഭവിക്കുന്ന കാര്യങ്ങളായ ജനനം, വളർച്ച, പുരോഗതി തുടങ്ങിയവയും, അതിന്റെ മറുവശമായ മരണം, നാശം, അധോഗതി തുടങ്ങിയവയ്ക്കുള്ള കാരണങ്ങൾ സൂക്ഷ്മമായി നിരീക്ഷിയ്ക്കുകയാണെങ്കിൽ അവയ്ക്ക് എന്തെങ്കിലും വ്യത്യാസമുള്ളതായി കാണുന്നില്ല. എന്നാൽ മനുഷ്യർ അവരുടെ മനോധർമ്മമനുസരിച്ച് ഒന്നിനെ ജനനമെന്നും വേറൊന്നിനെ മരണമെന്നും വേർപ്പെടുത്തി വിളിയ്ക്കുന്നു. അതുപോലെ തന്നെ ഈ ലോകവസ്തുക്കളുടെ പ്രവർത്തനരീതിയിലും എന്തെങ്കിലും വ്യത്യാസമുള്ളതായി തോന്നുന്നില്ല; പക്ഷെ, അവിടെയും മനുഷ്യർ അവരുടെ ആവശ്യാനുസരണം മനോധർമ്മവും താൽപര്യവുമനുസരിച്ച് ഒന്നിനെ നല്ല പ്രവൃത്തിയെന്നും മറ്റൊന്നിനെ തെറ്റായപ്രവൃത്തിയെന്നും തരം തിരിച്ച് ന്യായീകരിയ്ക്കുന്നു.

ബുദ്ധൻ ഈ വേർതിരിവുകളിൽ നിന്ന് എപ്പോഴും അകന്നുമാറിനിന്ന് മനുഷ്യജീവിതത്തെ വീക്ഷിയ്ക്കുന്നു. മാത്രമല്ല, ഭൂമിയിലുള്ള എല്ലാവസ്തുക്കളെയും പ്രതിഭാസങ്ങളെയും ആകാശത്തിൽ ഒഴുകിമാറിക്കൊണ്ടിരിയ്ക്കുന്ന മേഘങ്ങളോട് തുലനം ചെയ്തു വീക്ഷിയ്ക്കുന്നു. സാധാരണ മനുഷ്യർ യഥാർത്ഥമെന്ന് നിർവ്വചിച്ചുറപ്പിച്ച കാര്യങ്ങളെ ബുദ്ധൻ മിഥ്യയായി കാണുന്നു. അദ്ദേഹം മനുഷ്യജീവിതത്തെപ്പറ്റി ഒരുകാര്യം വ്യക്തമായി മനസ്സിലാക്കിയിരുന്നു: മനുഷ്യമനസ്സിന്റെ മനോധർമ്മങ്ങളും മനോവ്യാപാരങ്ങളും അടിസ്ഥാനരഹിതങ്ങളാണ്, അതുകൊണ്ട് അവയാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തരംതിരുവുകൾ അടിസ്ഥാനരഹിതമാണ്. ബുദ്ധന്റെ ഉപദേശങ്ങളോ പഠനങ്ങളോ പക്ഷപാതവീക്ഷണങ്ങളെ മൂല്യനിർണ്ണണയത്തിനായി ഉപയോഗിയ്ക്കുന്നില്ല. അത് ലൗകികജീവിതം സുഗമമാക്കുന്നരീതിയിലുള്ള എല്ലാവീക്ഷണത്തെയും അംഗീകരിക്കുന്നതോടൊപ്പം അത്തരം വീക്ഷണങ്ങളെ അന്തിമസത്യങ്ങളായി കാണുന്നരീതിയെ നിർദ്ദാക്ഷിണ്യം വിമർശിയ്ക്കുകയും ചെയ്യുന്നു.

2. ലോകത്തിലുള്ള വസ്തുക്കളെ ആളുകൾ കാണുന്നത് അവരുടെ മനോധർമ്മത്തെയും ആവശ്യങ്ങളെയും മുൻനിർത്തിയാണ്. സുഖഭോഗവസ്തുക്കൾ, ധനം, നിധികൾ, ബഹുമതികൾ തുടങ്ങിയവയാണ് ഒരു സാധാരണമനുഷ്യന്റെ വീക്ഷണത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ. അവയെ അടിസ്ഥാനമാക്കി മനുഷ്യൻ നശ്വരമായ ജീവിതത്തോട് കടിച്ചുതൂങ്ങി നിൽക്കുന്നു.

മനുഷ്യൻ അസ്തിത്വത്തെപ്പറ്റിയും നാസ്തിത്വത്തെപ്പറ്റിയും ദൃഢനിശ്ചയങ്ങളെടുക്കുന്നു, മാത്രമല്ല നല്ലതിനെപ്പറ്റിയും ചീത്തയെപ്പറ്റിയും, ശരിയെപ്പറ്റിയും തെറ്റിനെപ്പറ്റിയും അതേപോലെ വളരെ കണിശമായ തീരുമാനങ്ങളുമേടുക്കേണ്ടതുണ്ട് .

തുടർച്ചയായുള്ള ഒരു നീണ്ടയാത്രയ്ക്കുശേഷം ഒരിക്കൽ ഒരു മനുഷ്യൻ ഒരു നദിക്കരയിൽ എത്തിച്ചേർന്നു. മറുകര കണ്ട അദ്ദേഹം മനസ്സിൽ ഇങ്ങനെ വിചാരിച്ചു: ‘ ഈ കരയിൽ കൂടി നടക്കുന്നതിനേക്കാൾ എളുപ്പവും സുരക്ഷിതവുമാണ് മറുകരയിലൂടെയുള്ള യാത്ര’.

അദ്ദേഹം സ്വയം ഒരു ചെറിയ ചങ്ങാടം നിർമ്മിച്ച് അതിൽ മറുകരയിൽ എത്തിച്ചേർന്നു. അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പുതിയ ചിന്ത ഉളവായി '' ഈ ചങ്ങാടം നദി മുറിച്ചു കടക്കുന്നതിന് അത്യന്തം സഹായകരമാണ്; അതുകൊണ്ട് ഞാൻ ഇത് ഉപേക്ഷിച്ച് പോകുന്നത് ബുദ്ധിയല്ല, ഞാൻ ഇത് കൂടെകൊണ്ടു പോകുന്നതുകൊണ്ട് എനിക്ക് യഥേഷ്ടം ഇത് ഉപയോഗിക്കാം.'' അങ്ങനെ ഈ മനുഷ്യൻ ആവശ്യമില്ലാത്ത ഒരു ചുമടിന്റെ വാഹകനായി. ഈ മനുഷ്യനെ ഒരു ബുദ്ധിമാനായി കണക്കാക്കുവാൻ സാധിയ്ക്കുമോ?

മേലുദ്ധരിച്ച ഉദാഹരണം ഒരു വലിയ ജീവിതസത്യത്തെയാണ് വെളിവാക്കുന്നത്. ഏതു വസ്തുവും ഒരു അനാവശ്യമായ ബാദ്ധ്യതയായി തീരുമ്പോൾ അതിനെ ഉപേക്ഷിയ്ക്കുന്നതാണ് ബുദ്ധി; ആ വസ്തു വൃത്തിഹീനവും വ്യർത്ഥവുമായാൽ അത് എത്രയും പെട്ടെന്ന് ഉപേക്ഷിക്കുന്നതാണ് നല്ലത്. ഈ ഉദാഹരണം വ്യർത്ഥവും ഗുണമില്ലാത്തതുമായ വാദപ്രതിവാദങ്ങളെ ഉപേക്ഷിയ്ക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ളതാണ്.

3. വസ്തുക്കൾ വന്നുപോകുന്നവയോ പ്രത്യക്ഷപ്പെട്ടശേഷം അപ്രത്യക്ഷമാകുന്നവയോ അല്ല; അതുകൊണ്ട് , ആരും വസ്തുക്കളെ സ്വീകരിക്കുകയോ ഉപേക്ഷിയ്ക്കുകയോ ചെയ്യുന്നില്ല.

ബുദ്ധൻ ഇങ്ങനെ പഠിപ്പിക്കുന്നു, വസ്തുക്കൾ പ്രത്യക്ഷമാകുകയോ അപ്രത്യക്ഷമാകുകയോ ചെയ്യുന്നില്ല, എന്തെന്നാൽ അവയുടെ യഥാർത്ഥ അവസ്ഥ ലോകസത്യങ്ങൾക്കും അസത്യങ്ങൾക്കും അതീതമാണ്. അപ്പോൾ മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് പ്രത്യക്ഷമാകുന്ന വസ്തുക്കളെ എങ്ങനെ വിവരിക്കാം? ബുദ്ധദർശനമനുസരിച്ച് വസ്തുക്കൾ കാര്യകാരണ വ്യവസ്ഥിതിക്കും പരസ്പരാശ്രയവ്യവസ്ഥിതിക്കും വിധേയമാണ്. അതിനാൽ ഒരുവസ്തു സ്വതവേ നിലനിൽക്കുന്നില്ല; അതുകൊണ്ട് വസ്തുക്കളെ അനിത്യം എന്ന് വിവക്ഷിക്കുന്നു. അതുപോലെ തന്നെ, അവ പരസ്പരാശ്രയത്തിന് വിധേയമായിരിക്കുന്നതിനാൽ പൂർണ്ണ അസത്യമെന്ന് വിവക്ഷിക്കുവാനും സാധ്യമല്ല.

ഒരു വസ്തുവിന്റെ പ്രത്യക്ഷഭാവത്തെയും രൂപത്തെയും മുൻനി ർത്തി അത് സത്യമെന്നോ അസത്യമെന്നോ വിവക്ഷിയ്ക്കുന്നതും അതിനോട് ഭ്രാന്തമായ ആസക്തി ഉണ്ടാക്കിയെടുക്കുന്നതുമാണ് മനുഷ്യന്റെ മോഹഭംഗങ്ങൾക്ക് മൂല്യകാരണം. ആസക്തിയിൽ നിന്നുണ്ടാകുന്ന മായാ പ്രപഞ്ചത്തിന് അടിമപ്പെടാതെ വസ്തുക്കളെ അവയുടെ യാഥാർത്ഥ അവസ്ഥ യിലും മൂല്യത്തിലും കാണുന്നതാണ് നിർവ്വാണം അല്ലെങ്കിൽ ജ്ഞാനബോധം എന്നീ വാക്കുകൾകൊണ്ട് വിവക്ഷിയ്ക്കുന്നത്.

ഈ പ്രപഞ്ചത്തെ ഒരു സ്വപ്നത്തോട് താരതമ്യം ചെയ്യാം; അതിന്റെ യഥാർത്ഥമൂല്യമെന്ന് വിവക്ഷിയ്ക്കപ്പെടുന്ന വസ്തുക്കളെ ഒരു മരീചിക യോടും താരതമ്യം ചെയ്യാം. ഒരു ചിത്രം വളരെ ദൂരത്തിൽ നിന്ന് വീക്ഷി യ്ക്കുമ്പോൾ അത് യഥാർത്ഥ ചിത്രത്തെക്കാൾ വ്യത്യസ്തമായി പ്രത്യക്ഷപ്പെടുന്നു. വസ്തുക്കൾക്ക് യഥാർത്ഥ നിലനിൽപ്പില്ല അവയുടെ പ്രത്യക്ഷഭാവത്തെ മരീചിക പോലെ അടുക്കുംതോറും അകലുകയും ഒരു പ്രത്യേകവീക്ഷണത്തിൽ സത്യമാ ണെന്നുതോന്നിപ്പിക്കുന്നതുമാണ്.

4. അനന്തവും കണക്കിലെടുക്കാൻ ബുദ്ധിമുട്ടുള്ളതുമായ കാരണങ്ങളാലാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത് എന്നുള്ള തത്വവും വിശ്വാസവും ഒരു വലിയ തെറ്റിദ്ധാരണയാണ്, ഇതിനെ നിത്യത്വത്തെയാസ്പദമാ ക്കിയുള്ള തത്വം എന്ന് വിളിക്കുന്നു; അതുപോലെ തന്നെയുള്ള മറ്റൊരു തെറ്റിദ്ധാ രണയാണ്, എല്ലാം ഒരു മായപോലെ മാറിപ്പോകുന്നത് എന്ന് വ്യവസ്ഥാപിതമായി സ്ഥാപിക്കുന്നതും തന്മൂലം അനിത്വത്തെ വിവക്ഷിക്കുന്ന തത്വചിന്ത ഉണ്ടാക്കിയെ ടുക്കുന്നതും.

ഇതേപ്പോലെ നിത്യത്വത്തെയും അനിത്വത്തെയുമാസ്പദമാക്കി യുള്ള ചിന്താപദ്ധതികളും വീക്ഷണരീതികളും യഥാർത്ഥവസ്തുതകളുടെ നടപ്പുരീ തിയുമായി യാതൊരു ബന്ധവുമില്ല. ഈ വീക്ഷണങ്ങൾ മനുഷ്യന്റെ കാഴ്ചയിൽ വരുന്ന വസ്തുതകളെ, അജ്ഞതനിറഞ്ഞ കണ്ണുകളിലൂടെ നോക്കി വളരെ അപക്വ മായ രീതിയിൽ വിലയിരുത്തുന്നതുമൂലമാണ്. ഈ അപക്വതയുണ്ടാകാനുള്ള മൂലകാരണങ്ങളിലൊന്ന് മനുഷ്യന്റെ ആഗ്രഹങ്ങളാണ്; ആഗ്രഹങ്ങൾ മനുഷ്യനെ വസ്തുക്കളുമായി കൂടുതൽ അടുപ്പിയ്ക്കാനും അവയുമായി താരതമ്യപ്പെടുത്തി മൂല്യനിർണ്ണയം നടത്തുവാനും പ്രേരിപ്പിക്കുന്നു. അവൻ വളരെപ്പെട്ടെന്ന് വസ്തു ക്കളുമായി താദാത്മ്യം പ്രാപിയ്ക്കുകയും അവയുമായി അകറ്റാൻ വയ്യാത്തവിധം അടുക്കുകയും ചെയ്യുന്നു; എന്നാൽ വസ്തുക്കളുടെ യാഥാർത്ഥരീതി എല്ലായിച്ഛകൾക്കും ആഗ്രഹങ്ങൾക്കും അതീതമാണെന്നുള്ളതാണ്.

എല്ലവസ്തുക്കുളും നിയതമായ കാര്യകാരണവ്യവസ്ഥിതിയ്ക്ക് വിധേയമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ അവയുടെ പ്രത്യക്ഷഭാവം എപ്പോഴും

മാറികൊണ്ടിരിയ്ക്കും; എങ്ങനെയെന്നാൽ ഒരുതരത്തിലുമുള്ള നൈരന്തര്യത്വമുള്ള വസ്തുക്കളാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതല്ല ഈ പ്രതിഭാസങ്ങൾ. ഇങ്ങനെ എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഭാവങ്ങളുള്ള പ്രതിഭാസങ്ങളുടെ സങ്കലമായതുകൊണ്ടാണ്. ഈ വസ്തുക്കളെ മരീചികയോടും സ്വപ്നത്തിനോടും ഉപമിക്കുന്നത്. പക്ഷെ, ഇങ്ങനെ മാറിക്കൊണ്ടിരിയ്ക്കുന്ന പ്രതിഭാസമായിരുന്നാലും, ഈ വസ്തുക്കളുടെ യഥാർത്ഥ അവസ്ഥ ഒരിക്കലും മാറാത്തതും മാറ്റങ്ങൾക്ക് വിധേയമാകാത്തതുമാണ്.

ഒരു സാധാരണ മനുഷ്യൻ ഒരു  നദിയെ ഒഴുകുന്ന ജലപ്രവാഹമായികാണക്കാക്കുന്നു, പക്ഷെ നദിയിൽ കാണുന്ന ജലത്തെ വിശന്നുവരുന്ന ഒരു ഭൂതം തീജ്വാലയായി വിവക്ഷിക്കുന്നു. അതുകൊണ്ട്, വെള്ളത്തിന്റെ നദിയിലുള്ള നിലനിൽപിനെപ്പറ്റി സാധാരണ മനുഷ്യന് ഒരു ധാരണയുണ്ട്, എന്നാൽ ഭൂതത്തിന് നദിയിലുള്ള വെള്ളത്തെപ്പറ്റി ഒരുധാരണയുമില്ല.

ഈ രീതിയിൽ വസ്തുക്കളെ ഒരു മിഥ്യയോട് ഉപമിക്കപ്പെടുന്നു; അവയുടെ യഥാർത്ഥ അവസ്ഥ നിലനിൽക്കുന്നവയോ അല്ലയോ എന്നുള്ള ചോദ്യം അപ്രസക്തമാണ്.

ഇത്തരത്തിലുള്ള പ്രപഞ്ചത്തിന്റെ അവസ്ഥകളെ വിവരിക്കുമ്പോൾ അവയ്ക്കുപിന്നിൽ  ഒരിക്കുലും മാറാത്ത എന്നും നിലനിൽക്കുന്ന ഒരു സത്യമുണ്ട്യെന്ന വിവക്ഷയും ഒരു സത്യമല്ല. അതുപോലെതന്നെ ഈ ലോകം ക്ഷണികമാണെന്നും ആ ക്ഷണികത്വം ഒരു സത്യമാണെന്നുമുള്ള വിശദീകരണവും ഒരു സത്യമല്ല.

പക്ഷെ, അജ്ഞരായ മനുഷ്യർ അജ്ഞതയുടെ സ്വാധീനം മൂലം ഈ ലോകം ഒരു നിത്യയഥാർത്ഥമാണെന്നുള്ള ധാരണയിൽ മുന്നോട്ടുപോകുകയും ചെയ്യുന്നു.

എന്നാൽ ഒരു മിഥ്യപോലെ കാണപ്പെടുന്ന ലോകത്തെക്കുറിച്ച് നിത്യമായ സ്വപ്നങ്ങൾ കാണുന്ന മനുഷ്യന് അതിൽ നിന്നുളവാകുന്ന നിത്യമായദുഃഖം മാത്രമെ ഫലമായി കിട്ടുകയുള്ളൂ.

മറിച്ച് ഒരു സമർത്ഥനും ബുദ്ധിമാനുമായ മനുഷ്യൻ, ഈ ലോകത്തിന്റെ മിഥ്യാവസ്ഥയെ നല്ലതുപോലെ മനസ്സിലാക്കുകയും, അവ യഥാർത്ഥമല്ലെന്ന കാര്യത്തെ ആസ്പദമാക്കി ചിന്തിക്കുന്നതുമൂലം ദുഃഖദായമായ കാര്യങ്ങളിൽ നിന്നും രക്ഷനേടുന്നു.

## IV
## മധ്യമമാർഗ്ഗം

1. ആര് നിർവ്വാണം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവോ, അവൻ രണ്ടു മാർഗ്ഗങ്ങളെ കണിശമായും ഉപേക്ഷിക്കണം. ഈ രണ്ടു തീവ്രമായ മാർഗ്ഗങ്ങൾ വളരെ ശ്രദ്ധയോടുകൂടി നിയന്ത്രിയ്ക്കണം. ഒന്നാമതായി, വസ്തുക്കളുടെ മേലുള്ള അമിതമായ ആസക്തി, അവ പ്രാപിക്കുവാനുള്ള തീവ്രമായ ആഗ്രഹം. രണ്ടാമത്തേത്, അദ്യത്തേതിനു വിരുദ്ധമായി ഒട്ടും ദ്രവ്യാഗ്രഹമില്ലാതെ എല്ലാറ്റിനേയും ഉപേക്ഷിച്ച് സ്വപീഢനം നടത്തി ജീവിക്കുന്ന ചില സന്യാസിമാരുടെ ജീവിത രീതി.

ഏറ്റവും ഉത്തമമായ രീതിയെന്ന് ബുദ്ധദർശനം വിവക്ഷിക്കുന്നത് , ഈ രണ്ടു തീവ്രവിചാരങ്ങൾക്കും മദ്ധ്യത്തിൽ വരുന്ന ചിന്താ പദ്ധതിയാണ്. അത് മനുഷ്യനെ ശാന്തിയിലേയ്ക്കും സമാധാനത്തിലേയ്ക്കും നിർവ്വാണത്തിലേയ്ക്കും നയിക്കും. എന്താണ് യഥാർത്ഥ മധ്യമമാർഗ്ഗം? മധ്യമ മാർഗ്ഗത്തിൽ എട്ട് ഉത്തമ മാർഗ്ഗങ്ങളുണ്ട്: ശരിയായ വീക്ഷണം, ശരിയായ ചിന്ത, ശരിയായ സംസാരം, ശരിയായ പെരുമാറ്റം, ശരിയായ ജീവിതരീതി, ശരിയായ ജീവിതമാർഗ്ഗം, ശരിയായ പരിശ്രമം, ശരിയായ മനോവ്യാപാരം, ശരിയായ ഏകാഗ്രത ഇവയാണ്.

**മനസ്സു-മാത്രം എന്ന സിദ്ധാന്തവും വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയും**

ആദ്യം പറഞ്ഞതുപോലെ എല്ലാ വസ്തുക്കളും പ്രത്യക്ഷമാകുന്നതും അപ്രത്യക്ഷമാകുന്നതും ഒരിക്കലും നിലയ്ക്കാത്ത ഒരു കാര്യകാരണ വ്യവസ്ഥിതിയുടെ കാരണത്താലാണ്. അജ്ഞരായ മനുഷ്യർ ജീവിതത്തിലെ ഈ പ്രതിഭാസത്തെ മനസ്സിലാക്കാതെ അതിനെ നിത്യമെന്നും അനിത്യമെന്നും തരംതിരിച്ച് കാണുന്നു. എന്നാൽ ബുദ്ധിമാനായ ഒരു മനുഷ്യൻ ഈ വേർതിരിവുകൾക്കതീതമായി ജീവിതത്തെ കാണുകയും ഇത്തരം വേർതിരിവുകളിൽ നിന്നുമുണ്ടാകുന്ന തെറ്റിദ്ധാരണകളിൽ നിന്നും വിഷമങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്നു. ഈ വീക്ഷണത്തെയാണ് മധ്യ മാർഗ്ഗം എന്ന് വിവക്ഷിക്കുന്നത്.

2. ഒരു മരത്തടി വെള്ളത്തിൽ പൊങ്ങികിടക്കുന്നുവെന്ന് വിചാരിയ്ക്കുക, അതിനെ വെള്ളത്തിൽ താഴ്ത്തിക്കളയാതിരിയ്ക്കുകയോ, അല്ലെങ്കിൽ ആരെങ്കിലും മാറ്റിക്കൊണ്ടു പോകാതിരിയ്ക്കുകയോ, ചീഞ്ഞുപോകാതിരിയ്ക്കുകയോ ചെയ്യുകയാണെങ്കിൽ അത് തീർച്ചയായും കടലിൽ ചെന്നുവീഴും. ജീവിതവും അതുപോലെ ഒഴുക്കിൽപ്പെട്ട ഒരു തടിക്കഷണത്തിന് തുല്യമാണ്. ഒരു മനുഷ്യൻ തന്റെ അഹങ്കാരത്തിൽ കേന്ദ്രീകരിച്ചോ സുഖഭോഗങ്ങളിൽ കേന്ദ്രീകരിച്ചോ; അല്ലെങ്കിൽ ജീവിതത്തെ ത്യജിച്ച് ശരീരത്തെ പീഡിപ്പിച്ച് തന്റെ ജീവിതരീതി രൂപപ്പെടുത്തിയെടുക്കാതിരിയ്ക്കുകയോ. അതുമല്ലെങ്കിൽ ഒരുവൻ, തന്റെ കഴിവുകളിലും പ്രാപ്തിയിലും അഹങ്കരിയ്ക്കാതിരിയ്ക്കുകയും സ്വന്തം ദുർവാസനകളിൽ അഭിമാനിയ്ക്കാതിരിയ്ക്കുയും, തന്റെ ജീവിതദുഃഖങ്ങളിൽ നിന്നുള്ള മോചനയാത്രയിൽ മോഹഭംഗത്താൽ അധികം വിഷമിക്കതെ അല്ലെങ്കിൽ ഭയപ്പെടാതെ ജീവിതം നയിക്കുന്ന ഒരു മനുഷ്യൻ തികച്ചും മധ്യമമാർഗ്ഗത്തെ പിൻതുടരുന്നവനാണ്.

നിർവ്വാണം സിദ്ധിക്കുവാനുള്ള ഏറ്റവും സുലഭമായ മാർഗ്ഗങ്ങളിൽ ഒന്നാണ് മധ്യമമാർഗ്ഗം. എല്ലാതീവ്രവീക്ഷണങ്ങളെയും മാറ്റി അവയുടെ പടിമുറുക്കത്തിൽ നിന്ന് മനുഷ്യമനസ്സിനെ ഈ ഉത്തമവീക്ഷണം മുന്നോട്ട് നയിക്കുന്നു.

വസ്തുക്കൾ യഥാർത്ഥത്തിൽ നിലനിൽക്കുകയോ നിലനിൽകാതിക്കുകയോ ചെയ്യുന്നില്ല എന്ന കാര്യവും സ്വപ്നതുല്യമായ വസ്തുക്കളുടെ അവസ്ഥയും മനസ്സിലാക്കിയാൽ ഒരു മുഷ്യന് അവന്റെ വ്യക്തിത്വത്തിൽ അമിതമായി അഹങ്കാരിയ്ക്കുവാനോ അല്ലെങ്കിൽ അവന്റെ നല്ല പ്രവർത്തികളിൽ അമിതാഭിമാനം കൊള്ളുവാനോ അതുമല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും കാര്യത്തിൽ മുഴുവൻ സമയവ്യാപൃതനായി കഴിയുവാൻ സാധിയ്ക്കുകയില്ല.

ഒരു മനുഷ്യൻ തന്റെ ആഗ്രഹങ്ങളെ വസ്തുക്കളുമായി സമൂലം ബന്ധിപ്പിയ്ക്കാതെയിരിയ്ക്കുവാൻ പരിശീലിപ്പിക്കണം,അങ്ങനെയൊരുശീലം ഉണ്ടാക്കിയില്ലെങ്കിൽ വസ്തുക്കളോട് നൈസർഗ്ഗികമായ ഒരു വാസന ഉണ്ടായേക്കൻ സാധ്യതയുണ്ട്. മനുഷ്യൻ പ്രത്യക്ഷ ജീവിതാവസ്ഥകളെന്നു വിവക്ഷിയ്ക്കുന്ന നിത്യത്വം അനിത്യത്വം, അന്തർലീനത്വം ബഹിർമയത്വം, ശരികളും തെറ്റുകളും, നല്ല വസ്തുക്കൾ അല്ലെങ്കിൽ മോശമായവസ്തുക്കൾ തുടങ്ങിയ സാധാരണ വേർതിരുവുകളിൽ അമിതവിശ്വാസം അർപ്പിയ്ക്കരുത്. അങ്ങനെയുള്ളവേർതിരുവുകൾ മനുഷ്യനിർമ്മിതമാണ്.

ഒരുവൻ വസ്തുക്കളോട് അഭിനിവേശം ഉണ്ടാക്കിയെടുക്കുമ്പോൾ ആ നിമിഷം അവൻ മോഹങ്ങൾക്ക് അടിമയാകുന്നു. ആര് നിർവ്വാണം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവോ അയാൾ മോഹഭംഗങ്ങൾക്കോ, നഷ്ടബോധങ്ങൾക്കോ അടിമപ്പെടുകയില്ല പ്രത്യുത എല്ലാ വസ്തുക്കളെയും പ്രതിഭാസങ്ങളേയും സമചിത്തതയോടെ വീക്ഷിയ്ക്കുകയും ഒന്നിലും അമിതമായ വിശ്വാസം അർപ്പിയ്ക്കാതിരിയ്ക്കുകയും ചെയ്യുന്നു.

3. നിർവ്വാണത്തിന് എന്തെങ്കിലും പ്രത്യേകമായ രൂപമോ ഭാവമോ അവതരണ രീതിയോയില്ല. അതിനാൽ നിർവ്വാണത്തിൽ എന്തങ്കിലും നിർവ്വാണപ്പെടുത്തൽ ഇല്ല.

നിർവ്വണമെന്നത് ഒരു മനുഷ്യന്റെ അജ്ഞതയേയും കല്പനാഭാവന കളേയുമാശ്രയിച്ചിരിയ്ക്കുന്നു. എപ്പോൾ അവ മാറിപോകുന്നുവോ അപ്പോൾ നിർവ്വാണം സാധ്യമാകുന്നു. അതിന്റെ മറുവശവും സത്യമാണ്, അജ്ഞതയും കല്പനാഭാവനയുമില്ലെങ്കിൽ നിർവ്വാണം ഒരിക്കലും സാധ്യമാകുന്നില്ല. അത് മനുഷ്യന്റെ അടിസ്ഥാനഭാവമായ അജ്ഞതയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. അജ്ഞതയും കല്പനാഭാവനയും നിർവ്വാണമില്ലെങ്കിൽ നിലനിൽക്കുകയില്ല.

അതുകൊണ്ട് നിർവ്വാണത്തെയൊരു വസ്തുവായോ പ്രതിഭാസമായോ കാണാതിരിയ്ക്കുവാൻ ശ്രമിയ്ക്കണം, അതുപോലെ അതിനെപ്പറ്റി ശരിയായ ധാരണയില്ലാതിരുന്നാലും അത്ര നല്ലതല്ല. അന്ധകാരത്തിൽ അലഞ്ഞുകൊണ്ടിരിയ്ക്കുന്ന.മനസ്സ് നിർവ്വാണംകൊണ്ട് പ്രകാശിതമാകുന്നു.

ആ അന്ധകാരം ക്രമേണ മാറിപ്പോയി മനസ്സ് ശുദ്ധമാകുന്നു, അതോടൊപ്പം നമ്മൾ നിർവ്വാണമെന്ന് വിവക്ഷിച്ച സംജ്ഞയും അപ്രത്യക്ഷമാകുന്നു.

മനുഷ്യർ നിർവ്വാണത്തെ ആഗ്രഹിയ്ക്കുകയും അതിനുവേണ്ടി ശ്രമിയ്ക്കുകയും അതിനുവേണ്ടി തന്റെ പൂർണ്ണശ്രദ്ധയും അർപ്പിക്കുമ്പോൾ അവൻ യഥാർത്ഥത്തിൽ ഒരു മായയുടെ ആകർഷിത വലയത്തിലാണ്; അതുകൊണ്ട് നിർവ്വാണത്തിനായി ശ്രമിയ്ക്കുന്ന വ്യക്തി എപ്പോഴും അതിനെയൊരു ബിംബമായി കാണാതിരിയ്ക്കാനും അതിനോട് തീവ്രമായ അഭിനിവേശം ചെലുത്താതിരിയ്ക്കുവാനും ശ്രദ്ധിയ്ക്കണം. അതുപോലെ നിർവ്വാണം സാധ്യമായാൽ അതിനെപ്പറ്റിയുള്ള ചിന്തയിൽ നിന്ന് മോചിതനാകണം.

എപ്പോൾ ഒരുവൻ നിർവ്വാണം സാധിച്ചെടുക്കുന്നുവോ അപ്പോൾ അവൻ നിർവ്വാണത്തെപ്പറ്റിയുള്ള എല്ലാവസ്തുതകളും സ്വായത്തമാക്കുന്നു. അതുകൊണ്ട് നിർവ്വാണകാംക്ഷികളായ മനുഷ്യർ അവരുടെ അജ്ഞത, അഭിനിവേശം തുടങ്ങിയ അടിസ്ഥാനവികാരങ്ങൾ നിർവ്വാണത്തോടുകൂടി ഇല്ലാതാക്കി ആത്മീയ ഐക്യവും സമാധാനവും പ്രാപിക്കുന്നു.

4. പ്രപഞ്ചത്തിന്റെ ഏകത്വം എന്ന ആശയം - എല്ലാ വസ്തുക്കളും പ്രത്യക്ഷത്തിൽ തുല്യമാണ് വ്യത്യാസങ്ങൾ മനുഷ്യാരോപിതമാണ്, അതിനെ ശൂന്യതയെന്നു പറയുന്നു. ശൂന്യതയെന്നാൽ സ്ഥിതീകരിയ്ക്കപ്പെടാൻ ബുദ്ധിമുട്ടുണ്ടെന്നാണ്, അതിനെ ജനനസാധ്യമല്ലാത്തതും, സ്വയമായ രൂപമില്ലാത്തതും, അദ്വയവുമായതും(രണ്ട് ആക്കാൻ സാധിക്കാത്തത്), തനതായ സ്വഭാവമില്ലാത്തതും വസ്തുക്കൾക്ക് തനതായ സ്വഭാവമില്ലാത്തതിനാലും അവയ്ക്ക് സ്വന്തമായ രൂപഭാവങ്ങളോ ലക്ഷണങ്ങളോയില്ലാത്തതിനാലും നമുക്ക് അവയെ ജനിച്ചവയെന്നോ നശിപ്പിക്കാൻ സാധ്യമായവയെന്നോ കൃത്യമായി പറയുവാൻ സാധിക്കുകയില്ല. വസ്തുക്കളുടെ അന്തസത്തയെപ്പറ്റി കൃത്യമായി നിർവ്വചിക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് വസ്തുക്കളെ നിർവ്വചനാതീതമെന്ന് വിവക്ഷിക്കുന്നത്.

മുമ്പു വിവരിച്ചപോലെ എല്ലാവസ്തുക്കളും പ്രത്യക്ഷമായിക്കാണുന്നതും അപ്രത്യക്ഷിമായി കാണുന്നതും കാര്യകാരണവ്യവസ്ഥിതിയുടെയും മറ്റു വസ്തുക്കളുമായുള്ള ബന്ധത്തെയും.അടിസ്ഥാനപ്പെടുത്തിയാണ്.

ഒന്നും തനിച്ച് സ്വതന്ത്രമായി നില്നിൽക്കുന്നില്ല. സൂക്ഷ്മമായി പരിശോധിച്ചാൽ വസ്തുക്കൾക്ക് സ്വതന്ത്രമായ നിലനിൽപ്പ് അസാധ്യമാണ്. എല്ലാറ്റിനും മറ്റുള്ളവയോട് ബന്ധമുണ്ട്.

എവിടെ വെളിച്ചമുണ്ടോ അവിടെ നിഴലുമുണ്ട്; എവിടെ നീള മുണ്ടോ അവിടെ ഹ്രസ്വവുമുണ്ട്; എവിടെ കറുപ്പുണ്ടോ അവിടെ വെളുപ്പുമുണ്ട്. അതുപോലെ വസ്തുക്കൾക്ക് സ്വതന്ത്രമായ സ്വഭാവമെന്നത് ഒരു പ്രപഞ്ചവസ്തുത കളെ ആധാരപ്പെടുത്തി നോക്കിയാൽ അസാധ്യമായ വസ്തുതയാണ്. വസ്തുക്കളെ നിർവ്വചനാതീതമെന്ന് വിളിക്കുന്നത് അതുകൊണ്ടാണ്.

അതേപോലെ വിലയിരുത്തുമ്പോൾ നിർവ്വാണമെന്നത് അജ്ഞതയെയാശ്രയിച്ച് നിലകൊള്ളുന്നു; മറിച്ച് അജ്ഞതയെന്നത് നിർവ്വാണ ത്തെയാശ്രയിച്ച് നിലകൊള്ളുന്നു . വസ്തുക്കളുടെ അടിസ്ഥാനനിലക്ക് മാറ്റമില്ലാ ത്തതിനാൽ അവയെ ദ്വൈതം (രണ്ടായിക്കാണുവാൻ പറ്റുന്നത്) എന്നു വിവക്ഷി ക്കുവാൻ പ്രയാസമുണ്ട്.

5. സാധാരണ ജനങ്ങൾ അവരുടെ വിശ്വാസങ്ങളനുസരിച്ച് വസ്തുക്കൾ ഉൽപാദിപ്പിക്കപ്പെടുന്നതായും നശിപ്പിക്കപ്പെടുന്നതായും വിശ്ലേഷി ക്കുന്നു; എന്നാൽ യാഥാർത്ഥത്തിൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കപ്പെടുകയോ നശി പ്പിക്കപ്പെടുകയോ ചെയ്യുന്നില്ല.

എപ്പോൾ മനുഷ്യൻ യഥാർത്ഥ അവസ്ഥയെപ്പറ്റി ബോധവാനാ കുന്നുവൊ അപ്പോൾ അവന്റെ മനസ്സിൽ നിന്ന് സൃഷ്ടിയെപ്പറ്റിയും നശീകരണ ത്തെപ്പറ്റിയും പുതിയ ഒരു അവബോധം ഊരുത്തിരിഞ്ഞു വരും.

സ്വന്തം വ്യക്തിത്വത്തിൽ അഹങ്കരിക്കുന്നവ്യക്തിക്ക് അവന്റെ കൈയ്യിലുള്ള വസ്തുക്കളുടെമേൽ അമിതാസക്തിയുണ്ടാകുന്നത് സ്വാഭാവികം മാത്രം അവൻ അവയോട് താദത്മ്യം പ്രാപിക്കുകയും അവമൂലം തന്റെ അഹങ്കാരത്തെ ഉജ്ജ്വലപ്പെടുത്തുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അഹങ്കാര മെന്നത് ഒരു മാനസികാവസ്ഥ മാത്രമാണ് അതിന് നിലനിൽപ്പില്ല അതുകൊണ്ട് അഹങ്കാരത്താൽ പ്രതിഫലിപ്പിക്കപ്പെടുന്ന വസ്തുക്കൾക്കും നിലനിൽപില്ല. മനു ഷ്യൻ യഥാർത്ഥ അവസ്ഥയെപ്പറ്റി മനസ്സിലാക്കുമ്പോൾ അവന് ഈ ലോകത്തിന്റെ അദ്വയ അവസ്ഥ (രണ്ടാക്കാൻ പറ്റാത്തത്) മനസ്സിലാകും.

**മനസ്സു-മാത്രം എന്ന സിദ്ധാന്തവും വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയും**

മനുഷ്യൻ വസ്തുക്കളുടെ ശുദ്ധിയെപ്പറ്റിയും അശുദ്ധിയെപ്പറ്റിയും അനാവശ്യമയ ഒരു അവബോധം സ്വയം രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്, എന്നാൽ വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയിൽ അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലുകൾക്ക് യാതൊരു സ്ഥാനവുമില്ല. അവയുടെ ഉറവിടം മനുഷ്യമനസ്സിന്റെ അടിസ്ഥാന വികാരമായ അജ്ഞതയെ ആസ്പദമാക്കിയുള്ളതാണ്.

അതുപോലെ നല്ലതിനെയും ചീത്തയെയുംപ്പറ്റി വളരെ കൃത്യമായ വീക്ഷണമാണ് മനുഷ്യൻ വെച്ചുപുലർത്തുന്നത്, എന്നാൽ നല്ലതോ ചീത്തയോ യഥാർത്ഥത്തിൽ തരംതിരിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. നിർവ്വാണം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ അങ്ങനെയുള്ള വിശ്ലേഷണങ്ങൾ നടത്തുന്നത് ഒരിക്കലും നന്നല്ല. അവർ നല്ലതിനെ അമിതമായി സ്നേഹിക്കുന്നതോ ചീത്തയെ തിരസ്കരിക്കുന്നതോ അല്ലെങ്കിൽ ചീത്തയെ സ്നേഹിക്കുന്നതോ നല്ലതിനെ തിരസ്കരിക്കുന്നതോ അത്ര അഭികാമ്യമായ കാര്യമല്ല.

മനുഷ്യർ സാധാരണയായി ഭാഗ്യദായകമായ കാര്യങ്ങളെ സ്നേഹിക്കുകയും ദുഃഖദായകമായ കാര്യങ്ങളെ വെറുക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മപരിശോധനയിൽ അത്തരം വ്യത്യാസപ്പെടുത്തലുകൾക്ക് യാതൊരു അർത്ഥവുമില്ല. ദുരവസ്ഥകൾ നല്ലവയായും, നല്ല അവസ്ഥകൾ ദുരവസ്ഥകളായും മാറുന്നത് നമുക്ക് നേരിട്ട് മനസ്സിലാക്കവുന്ന കാര്യങ്ങളാണ്. ഒരു ബുദ്ധിമാനായ മനുഷ്യൻ ഈ സത്യം മനസ്സിലാക്കി സമചിത്തതയോടെ കാര്യങ്ങളെ ഗ്രഹിക്കുന്നു. തന്മൂലം വിജയത്തിൽ അമിതമായി സന്തോഷിക്കുകയോ ദുഃഖത്തിൽ അമിതമായി വ്യസനിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ അവൻ അദ്വയത്തിന്റെ യഥാർത്ഥ അവസ്ഥ ശരിക്കും മനസ്സിലാക്കുന്നു.

അതുകൊണ്ട് എതു സംജ്ഞകളാണോ ദ്വൈതമായ അവസ്ഥകളെ പ്രകീർത്തിക്കുന്നത് അവക്ക് യഥാർത്ഥവുമായി യാതൊരുബന്ധവുമില്ല. മനുഷ്യന് അഭികാമ്യമായ ചിന്ത എപ്പോഴും നല്ലതിനെയും ചിത്തയെയും, നിത്യത്വവത്തിനെയും അനിത്യത്വത്തിനെയും, അധമമായ ചിന്തയെയും ഉന്നതമായ ചിന്തയെയും തുലനംചെയ്യുന്ന രീതിയിലാവരുത്. എപ്പോൾ മനുഷ്യൻ ഇത്തരം സംജ്ഞകൾക്ക് അതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അപ്പോൾ അവർക്ക് ശൂന്യതയുടെ ശരിയായ അർത്ഥം മനസ്സിലാകുകയും അതിനെ പ്രപഞ്ചസത്യങ്ങളെ മനസ്സിലാക്കുന്നതിനുള്ള ഒരു അളവുകോലായി കാണുകയും ചെയ്യുന്നു.

6. താമർച്ചെടി ചെളിനിറഞ്ഞ കുഴികളിൽ തെളിനീരുള്ള കുളങ്ങളെക്കൾ നന്നായി വളരുന്നു. അതുപോലെ ജീവിതത്തിന്റെ ദുഃഖങ്ങളിൽ നിന്നും അജ്ഞതയിൽ നിന്നും നിർവ്വാണവും ബൗദ്ധവും സാധ്യമാവും. അവിശ്വാസികളുടെ വീക്ഷണങ്ങളും, സുഖഭോഗികൾക്ക് വസ്തുക്കളുടെമേലുള്ള അഭിനിവേശവും ബൗദ്ധം സാധ്യമാക്കുവാനുള്ള മർഗ്ഗങ്ങളായി മാറാം.

ഒരു നീന്തൽക്കാരൻ മുത്തും പവിഴവും കിട്ടുന്നതിനായി കടലിൽ മുങ്ങുകയാണെങ്കിൽ അവൻ കടൽജീവികളായ സ്രാവ്, കടലിലെ അപകടകാരികളായ കടൽപുറ്റുകൾ തുടങ്ങിയവയുമായി മല്ലിടണം. അതുപോലെ നിർവ്വാണം ആഗ്രഹിക്കുന്ന ഒരു മനുഷ്യൻ ജീവിത ദുഃഖങ്ങളേയും മോഹങ്ങളേയും മോഹഭംഗങ്ങളേയും അഭിമുഖീകരിക്കണം. ആദ്യമായി അവൻ ഭീമാകാരമായ അഹങ്കാരവും അഹംഭാവും നിറഞ്ഞ അവന്റെ വ്യക്തിത്വത്തെ മറികടക്കണം, അപ്പോൾ അവന്റെ മനസ്സിൽ നിർവ്വാണം സിദ്ധിക്കുന്നതിനുള്ള ശരിയായ ചിന്ത ഉടലെടുക്കും, അത് അവനെ നിത്യശാന്തിയിലേയ്ക്കും സമാധാനത്തിലേയ്ക്കും നയിക്കും.

നിർവ്വാണം സിദ്ധിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം തിരഞ്ഞ ഒരു സന്യാസിവര്യൻ തന്റെ ജീവൻപോലും വകവെക്കാതെ മൂർച്ചയുള്ള കത്തികളാൽ നിർമ്മിതമായ ഒരു മലചവിട്ടി കടന്നതും, കത്തിക്കൊണ്ടിരുന്ന തീയിലേയ്ക്ക് എടുത്തു ചാടിയെന്നുമുള്ള കഥ ആത്യന്തികമായി നിർവ്വാണം സിദ്ധിക്കുവാനുള്ള മനുഷ്യന്റെ അഭിവാഞ്ഛരയെയാണ് കാണിക്കുന്നത്. ആര് തന്റെ തന്നെ ജീവിതം കഠിനമായ പാതയിലൂടെ തന്റെ ജീവിത പാത തിരഞ്ഞെടുക്കുന്നുവോ അവന് മൂർച്ചയുള്ള വാളിലൂം, തന്നെതന്നെ നശിപ്പിക്കുന്ന അഹങ്കാരത്തിലും, പകയുടെയും വൈരാഗ്യത്തിന്റെയും തീവ്രതയിലും ശാന്തിയുടെ ശീതളമായ അനുഭവം ഉണ്ടാകും. അവസാനം അവന്റെ അഹങ്കാരവും അസൂയയും നിർവ്വാണമല്ലാതെ മറ്റൊന്നുമല്ലെന്ന് അവൻ മനസ്സിലാക്കും.

7. ബുദ്ധന്റെ ഉപദേശങ്ങൾ നമ്മളെ വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമായ വീക്ഷണങ്ങളിൽ നിന്ന് ഏകത്വത്തിലേയ്ക്ക് നയിക്കുന്നു. നല്ലതെന്നും ശരിയെന്നും വിവക്ഷിക്കുന്ന വസ്തുക്കളെയുംസംഭവങ്ങളെയും അന്ധമായി പിൻതുടരുന്നത് നല്ലകാര്യമല്ല. അതുപോലെതന്നെ ചീത്തയെന്നും മലിനമെന്നും കരുതുന്നവയിൽ നിന്നും പിൻമാറിപോകുന്നതും അഭികാമ്യമല്ലാത്ത കാര്യമാണ്.

ചില മനുഷ്യർ വസ്തുക്കളെയും മറ്റും ശൂന്യമെന്നും നൈമിഷികമെന്നും വിധിയെഴുതുന്നു, അത് തികച്ചും തെറ്റായ കാര്യമാണ്. അതുപോലെതന്നെ വേറെ ചിലർ വസ്തുക്കളും മറ്റും അനശ്വരങ്ങളും നിത്യവുമാണെന്ന് വിധിയെഴുതി അവയെ മറ്റൊരു വീക്ഷണകോണത്തിലൂടെ വീക്ഷിക്കുന്നു. അതും സത്യവിരുദ്ധവും തെറ്റുമാണ്. ഒരു മനുഷ്യൻ അവന്റെ വ്യക്തിത്വത്തിനോടും

അഹങ്കാരത്തിനോടും അധികമായ പ്രതിപത്തി കാണിക്കുകയാണെങ്കിൽ അവൻ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ വളരെ പരാജയപ്പെടും. അത്തരം ചിന്തകൾ അവനെ ദുഃഖത്തിൽ നിന്നും വേദനകളിൽ നിന്നും ശാശ്വതമായി രക്ഷി ക്കുന്നില്ല. മറിച്ച് അവൻ തന്റെ വ്യക്തിത്വത്തിൽ ഒട്ടും വിശ്വസിക്കുന്നില്ലെങ്കിൽ അവൻ സത്യത്തിന്റെ മാർഗ്ഗം അന്വേഷിച്ച് നടക്കുന്നതിൽ ഒരർത്ഥവുമില്ല. ചില മ നുഷ്യർ ജീവിതം ദുഃഖമാണെന്ന് വിധിയെഴുതി ജീവിക്കുന്നു, അവരും ശരിയായ മാർഗ്ഗമല്ല പിൻതുടരുന്നത്. അതുപോലെതന്നെ ജീവിതം സുഖം മാത്രം നിറ്ഞ്ഞതാണെന്നുള്ളതും അയഥാർത്ഥമായ ഒരു വീക്ഷണമാണ് . ഇത്തരം കാരണങ്ങൾ നിറഞ്ഞ ബുദ്ധിമുട്ടുകൾ സാധാരണ ജീവിതത്തിൽ ഉണ്ടാകുന്നത് മനസ്സിലാക്കിയാണ് ഭഗവാൻ ബുദ്ധൻ മധ്യമിക മാർഗ്ഗം ഉപദേശിക്കുകയും, ആ മാർഗ്ഗത്തിലൂടെ ഏകത്വം ഉണ്ടാക്കിയെടുക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തത്.

## അദ്ധ്യായം മൂന്ന്

# ബുദ്ധ സ്വഭാവം

## I
## മനസ്സിന്റെ ശുദ്ധത

1. സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർക്ക് വ്യത്യസ്തങ്ങളായ മാനോവ്യാപാരങ്ങളാണുള്ളത്: ചിലർ ബുദ്ധിമാന്മാരും, ചിലർ വിഡ്ഢികളും, ചിലർ നല്ല ശീലങ്ങൾ ഉള്ളവരും, മറ്റു ചിലർ മോശമായ ശീലങ്ങൾ വെച്ചു പുലർത്തുന്നവരും, ചിലരെ വളരെ ബുദ്ധിമുട്ടില്ലാതെ നയിക്കാവുന്ന വരും, എന്നാൽ വേറെ ചിലർ നയിക്കപ്പെടുവാൻ ബുദ്ധിമുട്ടുള്ളവരും, ചിലർ ശുദ്ധമായ മനസ്സുള്ളവരും, മറിച്ച് ചിലർ അശുദ്ധമായ മനസ്സും, പ്രവർത്തിയുള്ള വരുമാണ്. എന്നാൽ എല്ലാവരും നിർവ്വാണം സാധ്യമാക്കുവാൻ ശ്രമിക്കുമ്പോൾ അവരുടെ പ്രസ്തുത സ്വഭാവങ്ങൾ കാരണം അവരുടെ ഈ ഉദ്യമത്തിൽ അവർക്ക് വലിയ സ്വാധീനമില്ലാത്തതായി കാണുന്നു. ഈ ലോകത്തെ വിവിധങ്ങളായ പുഷ്പങ്ങൾ നിറഞ്ഞു നിൽക്കുന്ന ഒരു താമരക്കുളത്തിനോട് താരതമ്യം ചെയ്യാം; അവിടെ പല വർണ്ണങ്ങളിലുള്ള പുഷ്പങ്ങൾ വിരിഞ്ഞു നിൽക്കുന്നതുകാണാം. ചിലവ വെളുത്തനിറത്തിലും മറ്റു ചിലവ ചുവപ്പു നിറത്തിലും, നീല നിറത്തിലും, മഞ്ഞനിറത്തിലും; ചില പുഷ്പങ്ങൾ വെള്ളത്തിനടിയിലും, ചിലവ വെള്ളത്തിനു മുകളിലായി ഇലകൾ വിടർത്തിയും, മറ്റു ചിലത് വെള്ളത്തിനു മുകളിലേയ്ക്ക് വളർന്നുവരുകയും ചെയ്യുന്നു. മനുഷ്യരാശിക്ക് ഇതിലും കൂടുതൽ വ്യത്യാസങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആണെന്നും പെണ്ണെന്നുമുള്ള വേർതി രിവ്. എന്നാൽ ശരിയായ പരിശീലനത്തിൽ ആണിനും പെണ്ണിനും ഒരു പോലെ നിർവ്വാണം പ്രാപിക്കുവാൻ സാധിക്കും.

ആനയുടെ പരിശീലകനാകുവാൻ ഒരു വ്യക്തിക്ക് അഞ്ചു ഗുണങ്ങൾ അത്യാവശ്യമായി ഉണ്ടായിരിക്കണം, അവ: നല്ല ആരോഗ്യം, മനോ ധൈര്യം, വിശ്വാസം, ഫലപ്രാപ്തിക്കായുള്ള ആത്മവിശ്വാസവും ശ്രമവും, തിരിച്ച റിവു ബുദ്ധി എന്നിവയുമാണ്. ബുദ്ധൻ പഠിപ്പിച്ചതും സ്വയം പ്രാവർത്തികമാ ക്കിയതുമായുള്ള അഷ്ടാംഗ മാർഗ്ഗങ്ങൾ പരിശീലിക്കുന്നതിനുംഅതുമൂലം നിർവ്വാണം സിദ്ധിക്കുന്നതിനും ഒരു മനുഷ്യൻ ഇതുപോലുള്ള അഞ്ചുകാര്യങ്ങളിൽ പ്രാവീണ്യം നേടണം. ഈ ഗുണങ്ങൾ ഒരു മനുഷ്യനിൽ

ഉണ്ടെങ്കിൽ ലിംഗ ഭേദമില്ലാതെ ആണിനും പെണ്ണിനും നിർവ്വാണത്തിന്റെ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. ബുദ്ധവചനങ്ങളുടെ സാരാംശം മന

സ്സിലാക്കുവാൻ നല്ല ഗുണങ്ങൾ സ്വായത്തമാക്കിയ വ്യക്തിക്ക് വളരെയെളുപ്പം സാധിക്കും .

2. നിർവ്വാണം പ്രാപിക്കുന്നതിനായി പരിശീലനം നടത്തുന്ന ഒരു വ്യക്തിക്ക് സ്വന്തം കണ്ണുകൾകൊണ്ട് ഭഗവാൻ ബുദ്ധനെ കാണുവാനും മനുസ്സു കൊണ്ട് വിശ്വസിക്കുവാനും സാധിക്കുന്നു. ബുദ്ധന്റെ രൂപം കാണുന്നകണ്ണുകളും, ബുദ്ധനിൽ വിശ്വാസമർപ്പിക്കുന്ന മനസ്സും, ഇപ്പോൾവരെ നശ്വരവും മനസ്സിനെ വിഭ്രാന്തിപ്പെടുത്തുന്നതുമായ ഈ ലോകത്തെ കാണുകയും മനസ്സിലാക്കുകയും ചെയ്തിരുന്ന കണ്ണുകളും മനസ്സുമാണ്.

ഒരു രാജാവ് തന്റെ രാജ്യം കള്ളന്മാരാലും അക്രമികളാലും നിറഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കിയാൽ, അദ്ദേഹം ആദ്യമായി അവരുടെ താവളം എവിടെയാണെന്ന് മനസ്സിലാക്കണം എന്നിട്ടുവേണം അവരെ ആക്രമിക്കുവാൻ. അതുപോലെ ലോക സുഖങ്ങളിൽ മുഴുകിജീവിക്കുന്ന ഒരുമനുഷ്യൻ, ആദ്യമായി അവന്റെ സുഖം തേടുന്നതിനുള്ള വാഞ്ഛയുടെ ഉറവിടം കണ്ടുപിടിക്കണം.

മുറിയിലിരിക്കുന്ന ഒരു മനുഷ്യൻ അവന്റെ കണ്ണുകൾ തുറക്കുമ്പോൾ ആദ്യം കാണുന്നത് ആ മുറിയുടെ അകഭാഗവും അതിലുള്ള വസ്തുക്കളെയുമാണ്, അതിനു ശേഷം ജനലിൽ കൂടി വെളിയിലേക്ക് നോക്കുമ്പേൾ മാത്രമാണ് പുറംലോകം കാണുന്നത്. അതുപോലെ നമുക്ക് പുറത്തുള്ളവയെ മാത്രം കാണുവാനുള്ള ഒരു കണ്ണ് ഉണ്ടാക്കിയെടുക്കുവാൻ പ്രയാസമാണ്, ആദ്യം അകത്തുള്ളവയെ കാണുന്നതാണ് കണ്ണുകൾക്ക് അഭികാമ്യം.

മനുഷ്യമനസ്സ് ആദ്യം ആന്തരികഭാവങ്ങളെയും അനുഭവങ്ങളെയും മനസ്സിലാക്കണം അത് മനുഷ്യ ജീവിതവിജയത്തിന് അത്യന്താപേക്ഷിതമായ കാര്യമാണ്. എന്നാൽ സാധാരണമനുഷ്യർ ബാഹ്യമായ കാര്യങ്ങൾ ചെയ്യുന്നതിനും അതിനെപ്പറ്റി ചിന്തിക്കുന്നതിനും സമയം പാഴാക്കുന്നു. ആത്മീയമായ കാര്യങ്ങൾക്ക് വളരെക്കുറച്ചു സമയമേ ചിലവാക്കുന്നുള്ളു.

മനസ്സ് ബാഹ്യമായ കാര്യങ്ങളിൽ വ്യാപൃതമായിരുന്നാൽ അതിന് ശരീരത്തിന്റെ കാര്യങ്ങളിൽ ശ്രദ്ധചെലുത്താൻ ഒരിക്കലും സാധിക്കുകയില്ല. പക്ഷെ, യഥാർത്ഥത്തിൽ മനസ്സ് ശരീരത്തിന്റെ ആവശ്യങ്ങളെപ്പറ്റിയും ശരീരം മനസ്സിന്റെ ആവശ്യങ്ങളെപ്പറ്റിയും വളരെ കൃത്യമായി അറിയുന്നു. അതുകൊണ്ട് മനസ്സും ശരീരവും രണ്ടാണെന്ന തത്വം ഒരിക്കലും അംഗീകരിക്കുവാൻ സാദ്ധ്യമല്ല. എന്നൽ മനസ്സ് എവിടെ നിലകൊള്ളുന്നു അതിന്റെ പരിധി യെത്ര എന്നിങ്ങനെയുള്ള കാര്യങ്ങൾ ആദ്യമായി നിർവ്വചിക്കണം. മനസ്സിന്റെ സ്വതന്ത്രത നിർവചിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല.

3. വളരെ പുരാതനകാലംമുതൽ, മനുഷ്യൻ അവന്റെ കർമ്മങ്ങൾ മൂലവും രണ്ടു പ്രധാന മിഥ്യാധാരണകൾ മൂലവും അജ്ഞതയുടെ ലോകത്ത് അലഞ്ഞു തിരിഞ്ഞിരുന്നു.

ഒന്നാമത്തെ മിഥ്യാധാരണ, അവരുടെ വിശ്വാസത്തിൽ ജനനത്തിനും മരണത്തിനുമിടയിലുള്ള ജീവിതവും, അതിൽ മനസ്സിന്റെ സാധാണ പ്രവർത്തനങ്ങളായ വിലയിരുത്തലുകളും, തരം തിരിക്കലുകളും നിത്യസത്യങ്ങളാണെന്ന് വിവക്ഷിക്കുന്നത്. രണ്ടാമതായി, വ്യത്യസ്തങ്ങളായ തരംതിരിവുകൾ നടത്തുന്ന സാധാരണമനസ്സിന്റെ പിന്നിൽ ശുദ്ധമായ നിർവ്വാണം കാംക്ഷിക്കുന്ന ഏകത്വം അനുഭവിക്കാൻ സാധിക്കുന്ന ഒരു മനസ്സുണ്ടെന്നുള്ളത്.

ഒരു മനുഷ്യൻ തന്റെ കൈപത്തികൾ മടക്കി മുഷ്ടി ഉയർത്തി നടത്തുന്ന പ്രവൃത്തിയെ കണ്ണുകൾ കാണുകയും മനസ്സ് വേറിട്ട് മനസ്സിലാക്കുകയും ചെയ്യുന്നു. പക്ഷെ തരം തിരിച്ച് വസ്തുക്കളെ കാണുന്ന മനസ്സ് അതിന്റെ യഥാർത്ഥ കർമ്മമല്ല ചെയ്യുന്നത്.

തരം തിരിവു നടത്തുകയെന്നത് അസൂയയാലും ആർത്തിയാലും സൃഷ്ടിക്കപ്പെടുന്ന മിഥ്യാബോധത്തിൽ നിന്നുണ്ടാകുന്ന ചിന്തയിൽ ഉടലെടുക്കുന്ന മനോവ്യാപാരമായ ആത്മാവ് നിത്യമായി നിലനിൽക്കുന്നു എന്നു തുടങ്ങിയ കാര്യങ്ങളിൽ നിന്നുമാണ്. തരം തിരിവ് സ്വഭാവമാക്കിയിരിക്കുന്ന മനസ്സ് കാര്യകാരണങ്ങളാൽ ആശ്രിതാമായ ഒരു സൃഷ്ടിയാണ്, അതിന് സ്വന്തമായ നിലനിൽപില്ല. മാത്രമല്ല അത് തുടർന്ന് മാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കും. പക്ഷെ ഇത്തരത്തിൽ മുൻകൂട്ടി നിർവചിക്കാൻ പ്രയാസമുള്ള മനസ്സ് നിത്യമാണെന്നും സത്യമാണെന്നും വിശ്വസിക്കുന്നതുമൂലം മിഥ്യാബോധം ആ കാര്യകാരണ വ്യവസ്ഥിതിയിൽ ആശ്രിതമായ മനസ്സിന്റെ ചിന്താധാരയിൽ കടന്നുകൂടുകയും ദുഃഖഭാവം ചിന്തയിൽ അടിയുറപ്പിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ അവന്റെ കൈകൾ വിടർത്തുന്നുവെന്ന് വിചാരിക്കുക. കൈകൾ വിടർത്തുന്നത് മനസ്സ് മനസ്സിലാക്കുന്നു. കൈകൾ വിടരുന്ന ആ പ്രവൃത്തിക്കനുസരിച്ച് മനസ്സും മാറുന്നതായി തോന്നുന്നു. എന്നാൽ എന്താണ് യഥാർത്ഥത്തിൽ മാറുന്നത്, കൈകളോ അതോ മനസ്സോ, അല്ലെങ്കിൽ രണ്ടും ഒന്നിച്ച് മാറുന്നുവോ? ഒരു കാര്യം സത്യമാണ് കൈകളുടെ പ്രവൃത്തിക്കനുസരിച്ച് മാറുന്നതായി തോന്നുന്ന മനസ്സിന്റെ പ്രവൃത്തി അതിന്റെ യഥാർത്ഥസ്വഭാവമല്ല; മറിച്ച് അതുവെറും തോന്നൽ മാത്രമാണ്.

4. അടിസ്ഥാനപരമായി എല്ലാമനുഷ്യർക്കും ശുദ്ധമായ മനസ്സാണുള്ളത്. എന്നാൽ അതിനെ വളരെപ്പെട്ടെന്ന് മലിനപ്പെടുത്തപ്പെടുന്നു. അതിനുള്ള പ്രധാനകാരണം ലോകജീവിതത്തിൽ നിന്ന് സമ്പാദിക്കുന്ന ദ്രവ്യാഗ്രഹവും തൃഷ്ണയുമാണ്. അങ്ങനെ മലിനപ്പെട്ടമനസ്സ് ഒരു മനുഷ്യമനസ്സിന്റെ യാഥാർത്ഥപ്രകൃതിയല്ല; അത് വീടിനകത്തു കടന്നുകൂടിയ ഒരു കടന്നുകയറ്റക്കാരനെപ്പോലെയോ അല്ലെങ്കിൽ നല്ലരീതിയിൽ പറഞ്ഞാൽ ഒരു അഥിതിയെപ്പൊലെയൊ ആണ് അല്ലാതെ ആ വീട്ടിലെ വീട്ടുകാരനല്ല.

മേഘങ്ങൾ നിലാവിനെ മറയ്ക്കുന്നു, എന്നാൽ മേഘങ്ങൾക്ക് നിലാവിന്റെ പരിശുദ്ധതയെയോ വെളിച്ചത്തെയോ മാറ്റാനൊ നശിപ്പിക്കുവാനോ സാധിക്കുന്നില്ല. അതുപോലെ മനുഷ്യർ ഒരിക്കലും അശുദ്ധമായ ചിന്തയാൽ ആവരണവിധേയമായ അവരുടെ മനസ്സ് യഥാർത്ഥമാണെന്ന് ചിന്തിക്കരുത്. അശുദ്ധത മാറ്റാവുന്ന ഒരു ആവരണം മാത്രമാണ്.

ഈ സത്യം സാധാരണ മനുഷ്യർ മനസ്സിലാക്കുകയും അത് എപ്പോഴും മനസ്സിനെ ഓർമ്മപ്പെടുത്തികൊണ്ടിരിക്കുകയും ചെയ്താൽ അവർക്ക് നിത്യമായി വിശുദ്ധമായ മനസ്സിനെ നിർവ്വാണത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. മിഥ്യാധാരണകളാലും അശുദ്ധചിന്തകളാലും ആവരണം ചെയ്യപ്പെട്ടിട്ടുള്ള മനസ്സ് ഈ ലോകത്തിൽ എന്തിനെയൊതേടി അലഞ്ഞുകൊണ്ടിരിക്കും.

മനുഷ്യമനസ്സിന്റെ സംഘർഷങ്ങളും മനോവ്യാപാരങ്ങളും ഉത്ഭവിക്കുന്നത് അഹങ്കാരത്തിൽ നിന്നും അഹമ്മതിയിൽ നിന്നുമാണ്. മാത്രമല്ല, അത്തരം വികാരങ്ങളോട് വളരെ നേരിട്ട് പ്രതികരിക്കുന്നതും മാനസിക പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്.

ചുറ്റുപാടും നടക്കുന്ന സംഭവങ്ങളോട് വൈകാരികമയി പ്രതികരിക്കാതിരിക്കുകയും, സംഭവങ്ങളെ അവയുടെ രീതിയിൽ നടക്കുവാൻ അനുവദിക്കുകയും, എല്ലാ സന്ദർഭങ്ങളിലും സമചിത്തതയോടെ പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നതാണ്, മനസ്സിന്റെ മൂലസ്വഭാവം. അതാണ് ഒരു മനുഷ്യൻ സ്വായത്തമാക്കേണ്ടത്.

അതിഥികളില്ലാത്ത ഒരു സത്രം മറഞ്ഞു പോകുമെന്ന് പറയുവാൻ സാധിക്കുകയില്ല; അതുപോലെ മനസ്സിൽ നിന്നും സംഘർഷങ്ങളും വ്യത്യസ്തങ്ങളായ മനോവ്യാപരെങ്ങളും അവയ്ക്ക് മൂലകാരണമായ അഹങ്കാരവും അഹമ്മതിയും മാറിപോകുകയാണെങ്കിൽ മനസ്സിന്റെ യഥാർത്ഥഭാവങ്ങളും അവസ്ഥയും മാറിപോകുമെന്ന് പറയുവാൻ സാധിക്കുകയില്ല. അവ സത്രത്തിൽ വരുന്ന അതിഥികളെപ്പോലെയാണ് സ്ഥിരമായി താമസിക്കുന്നസ്വഭാവമല്ല. മാറിപോകാവുന്ന അവസ്ഥകൾ ഒരിക്കലും മനസ്സിന്റെ യഥാർത്ഥസ്വഭാവമല്ല.

5. സൂര്യൻ ഉദിക്കുമ്പോൾ വെളിച്ചം കയറി വരുകയും അസ്തമിക്കുമ്പോൾ ഇരുട്ടിൽ ആഴുകയും ചെയ്യുന്ന ഒരു മുറിയെക്കുറിച്ച് നമുക്ക് വിശകലനം ചെയ്തു നോക്കാം.

നമുക്ക് പ്രകാശം മറഞ്ഞ് പകൽ അസ്തമിക്കുന്നതും ഇരുട്ടിൽ മുഴുകി രാത്രി വരുന്നതും ഊഹിക്കുവാൻ സാധിക്കും; പക്ഷെ, നമുക്ക് രാത്രിയെയും പകലിനെയും മനസ്സിലാക്കുന്ന മനസ്സിനെപ്പറ്റി ചിന്തിക്കുവാൻ സാധിക്കുകയില്ല. പകലിനോടും രാത്രിയോടും നേരിട്ടു പ്രതികരിക്കുന്ന മനസ്സ് വ്യക്തിഗത അഭിരുചികൾക്ക് വിധേയമല്ല, അത് മനസ്സിന്റെ യഥാർത്ഥ അവസ്ഥയാണ്.

തൽക്കലികമായ മനസ്സാണ് പ്രകാശത്തെയും രാത്രിയേയും ആസ്പദമാക്കി സൂര്യൻ ഉദിക്കുന്നതുപോലെയും അസ്തമിക്കുന്നതുപോലെയും മാറുന്നത്.

നിമിഷം തോറും മാറിവരുന്നജീവിത സാഹചര്യങ്ങളെ ആസ്പദമാക്കി വ്യത്യസ്ഥമായ വികാരങ്ങൾ മാറിമാറി വരുന്നത് തൽക്കലികമായ മനസ്സിലാണ്; അത് മനസ്സിന്റെ യഥാർത്ഥമായുള്ള അവസ്ഥയല്ല. അടിസ്ഥനപരമായും യഥാർത്ഥമായും രാത്രിയേയും പകലിനേയും അതിന്റെ യഥാർത്ഥ അവസ്ഥയിൽ മനസ്സിലാക്കുന്ന മനസ്സാണ് യഥാർത്ഥ മനസ്സ്.

മനുഷ്യമനസ്സിൽ ഉറഞ്ഞുകൂടിയിരിക്കുന്ന അഹങ്കാരം, അഹംഭാവം തുടങ്ങിവയുടെ പ്രവർനവും മൂലവും അവയോട് സാധാരണ തോന്നുന്ന ആസക്തിയുമാണ് മനുഷ്യന്റെ നല്ലത്, ചീത്ത, സ്നേഹം, വെറുപ്പ് തുടങ്ങിയ വേർതിരിക്കലുകളുടെ ശരിയായ കാരണം. അത്തരം അശുദ്ധഭാവങ്ങൾ നൈമിഷികങ്ങളായ വികാരങ്ങളെ ഉണർത്തിയെടുക്കുന്നു.

ലൗകിക സുഖങ്ങൾക്ക് പിന്നാലെപോകുന്ന മനസ്സിന്റെ പിന്നിൽ വളരെ യഥാർത്ഥവും സത്യസന്ധവുമായ ഒരു മനസ്സുണ്ട്, അതാണ് മനസ്സിന്റെ മൂലഭാവം.

വെള്ളം അത് ഉൾകൊള്ളുന്ന പാത്രത്തിന്റെ ആകൃതി സ്വീകരിക്കുന്നു, വെള്ളത്തിന് സ്വന്തമായ ഒരു രൂപമില്ല. ഈ സത്യം പലപ്പോഴും നമ്മൾ മറക്കുന്നു.

മനുഷ്യർ സാധാരണയായി എല്ലാറ്റിനെയും പക്ഷപാതപരമായി കാണുന്നു അവർ അഭിരുചിക്കനുസരിച്ച് ഇതു നല്ലത് അതു ചീത്ത തുടങ്ങിയ രീതിയിൽ എല്ലാറ്റിനെയും തരംതിരിച്ച് കാണുന്നു. ഇത്തരം ചിന്തകളുടെ ഇടയിൽ പെട്ട് മനുഷ്യർ സ്വയം ചിലതിനോട് അടുപ്പവും മറ്റുചിലതിനോട് അകൽച്ചയും കൽപിക്കുന്നു, അങ്ങനെ അവർ ദുഃഖബന്ധിതരാകുന്നു.

മനുഷ്യർ, അവരുടെ മനസ്സിനെ ഇത്തരം തിരിവുകൾക്കും കാല്പനികമായ ഭാവനകൾക്കും അടിമപ്പെടുത്താതെ അതിന്റെ തനതു സ്വഭാവമായ പരിശുദ്ധി തിരിച്ചെടുക്കുകയാണെങ്കിൽ അവർക്ക് അവരുടെ മനസ്സിനെയും ശരീരത്തെയും അശുദ്ധമാകുന്നതിൽ നിന്നും, ദുഃഖസാഹചര്യങ്ങളിൽ നിന്നും രക്ഷപെടുത്തിയെടുക്കുവാൻ സാധിക്കും. അവർക്ക് ഈ ശ്രമങ്ങളിൽ നിന്ന് ലഭിക്കുന്ന സ്വാതന്ത്ര്യവും സമധാനവും ശരിയ്ക്ക് അനുഭവിച്ചാസ്വദിക്കുവാൻ സാധിക്കും.

## II
## ബുദ്ധസ്വഭാവം

1. നമ്മൾ ഇതുവരെ ശുദ്ധമായ മനസ്സിനെപ്പറ്റിയാണ് സംസാരിച്ചു കൊണ്ടുവന്നത്; അതാണ് മനുഷ്യമനസ്സിന്റെ അടിസ്ഥാനം അല്ലെങ്കിൽ ബുദ്ധസ്വഭാവം. അതിനെ ബൗദ്ധത്തിന്റെ മൂലവിത്ത് എന്നുവിളിക്കാം.

അഗ്നിയുണ്ടാക്കുവാൻ ഒരുവന് ഒരു ഭൂതക്കണ്ണാടി സൂര്യനും അല്പം വൈക്കോലിനും നടുവിൽ പിടിച്ചാൽ മതി. പക്ഷെ എവിടെ നിന്നാണ് തീ ഉൽപാദിപ്പിക്കപ്പെടുന്നത്? ഭൂതക്കണ്ണാടി സൂര്യനിൽ നിന്നും വളരെ ദൂരത്തിലാണ്. എന്നാൽ അഗ്നി തീർച്ചയായും വൈക്കോലിൽ വരുന്നത് ഭൂതക്കണ്ണാടി മുഖാന്തിരമാണ്. പക്ഷെ ഒരു കാര്യം സത്യമാണ് വൈക്കോലിന് കത്തുവാനുള്ള കഴിവ് ഇല്ലെങ്കിൽ ഭൂതക്കണ്ണാടിക്ക് അഗ്നിയുണ്ടാക്കുവാൻ സാധിക്കുകയില്ല.

അതുപോലെ ബുദ്ധപ്രജ്ഞ ഒരുവന്റെ മനസ്സിലേയ്ക്ക് ആഗിരണം ചെയ്യിക്കുകയാണെങ്കിൽ, അതിന്റെ യഥാർത്ഥ സ്വഭാവമായ ബുദ്ധസ്വഭാവം മനസ്സിനുള്ളിൽ ഒരു അഗ്നിദീപ്തിയായി ഉദിച്ചുയരും അതിന്റെ പ്രകാശം മറ്റു മനുഷ്യമനസ്സുകളേയും ഉദ്ദീപിപ്പിച്ച് ശാന്തിയുടെ പ്രകാശം എല്ലായിടത്തും പരത്തും. അങ്ങനെയുണ്ടായിട്ടുള്ള പ്രജ്ഞയും വിവേകവും ഒരു ഭൂതക്കണ്ണാടിയെപ്പോലെ മറ്റു മനുഷ്യമനസ്സുകളെ പ്രകാശിപ്പിച്ച് അവർക്ക് ജീവിതത്തിനോട് വിശ്വാസവും ശാന്തിയും പ്രദാനം ചെയ്യുന്നു.

2. സാധാരണയായി മനുഷ്യർ അവരുടെ മനസ്സിൽ അന്തർലീന മായിക്കിടക്കുന്ന ബുദ്ധസ്വഭാവത്തെ തിരിച്ചറിയാതേയും ആ സത്യത്തെ അവഗണിച്ചും ജീവിക്കുന്നു, ആ ഒരേകാരണം കൊണ്ട് അവർ ജീവിതത്തിലെ കഷ്ടതകൾക്കും പരീക്ഷണങ്ങൾക്കും വ്യഥയ്ക്കുംവിധേയനാകുന്നു. അത്തരം മലിനപ്പെട്ട മനസ്സ് ജീവിതസന്ദർഭങ്ങളെ തന്റെ അധമ വികാരങ്ങൾക്ക് അടിമപ്പെടുത്തി നല്ലത്, ചീത്ത തുടങ്ങിയ വേർതിരിക്കപ്പെടുത്തലിന്റെ രീതിയിൽ വീക്ഷിച്ച് ദുഃഖവും ബന്ധങ്ങളും നിറഞ്ഞജീവിതം തിരഞ്ഞെടുക്കുന്നു.

എന്തുകൊണ്ടാണ് മനുഷ്യൻ മനസ്സിന്റെ യഥാർത്ഥസ്വഭാവമായ ബുദ്ധസ്വഭാവത്തെ അവഗണിച്ചുകൊണ്ട് ദുഃഖദായകവും മിഥ്യയാൽ പ്രഭാവിതവുമായ മനസ്സിനെ ആശ്രയിക്കുന്നു എന്നതാണ് പ്രധാന ചോദ്യം. മായയെ ആശ്രയിക്കുന്ന മനസ്സ് തീർച്ചയായും ദുഃഖത്തിലേയ്ക്കും നിരന്തരമായവേദനയിലേയ്ക്കും നയിക്കപ്പെടുന്നു. എന്നാൽ ബുദ്ധസ്വഭാവം ഇത്തരം ഇരുൾനിറഞ്ഞ ഭാവങ്ങളെ സ്വസിദ്ധമായ പ്രകാശത്താൽ മാറ്റാവുന്നതല്ലെ?

ഒരിക്കൽ ഒരു മനുഷ്യൻ അറിയാതെ ഒരു കണ്ണാടിയുടെ മറുവശം നോക്കി തന്റെ യഥാർത്ഥരൂപം കാണാതെ ഭയന്ന് വിഭ്രാന്തിപ്പെട്ടു. എന്തൊരു വിഡ്ഢിത്തമാണ് ആ മനുഷ്യൻ ചെയ്തത് എന്തിനു വേണ്ടിയാണ് അവൻ കണ്ണാടിയുടെ മറുവശം നോക്കി ഭയചകിതനായത് !

ഒരു മനുഷ്യൻ തന്റെ അജ്ഞതമൂലവും വിഡ്ഢിത്തരങ്ങൾ മൂലവും നിർവ്വാണം സിദ്ധിക്കുവാൻ കഴിവുള്ള മനസ്സിന്റെ അവസ്ഥയെ അറിയാതെ ദുഃഖിക്കുന്നത് അവൻ ആഗ്രഹിക്കന്നതു വിട്ട് നിർവ്വാണത്തെ കാണാത്തതുകൊണ്ടാണ്. ഇത് യഥാർത്ഥത്തിൽ നിർവ്വാണത്തിന്റെ പരാജയമല്ല. പക്ഷെ, പരാജയം മനുഷ്യന്റെ അജ്ഞതയും മനസ്സിന്റെ വിവേചനാസ്പദമായ ചിന്തയുമാണ്. ഈ കാര്യങ്ങൾ അഹങ്കാരവും മിഥ്യനിറഞ്ഞതുമായ ചിന്തകൾ യഥാർത്ഥമനസ്സിനെ മൂടിയിരിക്കുന്നതുമൂലമാണ്.

മനസ്സിൽ ഉറഞ്ഞുകൂടിയിരിക്കുന്ന അജ്ഞതയും മിഥ്യാധാരണകളും മാറി പോയാൽ നിർവ്വാണം പ്രത്യക്ഷമാകും, മാത്രമല്ല, അവർക്കു തീർച്ചയായും ഒരു കാര്യം മനസ്സിലാകും മിഥാധാരണകളും അജ്ഞതയുമില്ലെങ്കിൽ നിർവ്വാണവും അസാധ്യമാണ്.

3. ബുദ്ധസ്വഭാവമെന്നത് ഒരുകാരണവശാലും അവസാനിക്കുന്ന തല്ല. ദുഷ്ടനായ ഒരു മനുഷ്യൻ ഒരു മൃഗമായോ, വിശപ്പടക്കാൻ കൊതിക്കുന്ന ഒരു ഭൂതമായോ, അല്ലെങ്കിൽ കത്തികൊണ്ടിരിക്കുന്ന നഗരത്തിലേക്ക് തള്ളിയിട പ്പെടുകയാണെങ്കിലോ അവനിൽ നിന്ന് ബുദ്ധസ്വഭാവം ഒരിക്കലും മാറിപോകു ന്നില്ല.

മനുഷ്യമനുഷ്യന്റെ ബുദ്ധസ്വഭാവം ആർജ്ജിക്കുവാനുള്ള ആഗ്രഹം നിസ്സീമമാണ്, അത് നരകത്തിന്റെ കാഠിന്യത്തിലും ജീവിതത്തിൽ അമിത ദ്രവ്യാഗ്രഹം ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്കും അതീതമാണ്. ഒരിക്കലും അതിനെ നശിപ്പിക്കുവാൻ സാധിക്കുകയില്ല.

4. മദ്യപിച്ച് മദോന്മത്തനായ ഒരു മനുഷ്യൻ ലഹരിയുടെ സ്വാധീനത്താൽ ഉറക്കം പ്രാപിച്ച ഒരു പഴയ കഥയുണ്ട്. അവന്റെ സുഹൃത്ത് അവന് പറ്റുന്നത്രയും സമയം മദ്യലഹരിയിലുറങ്ങിയിരുന്ന സുഹൃത്തിന്റെ കൂടെ ചിലവ ഴിച്ചു. എന്നാൽ സ്വന്തം തൊഴിലിനെപ്പറ്റിയും ഉത്തരവാദിത്വങ്ങളെപ്പറ്റിയും ബോധവാനായ ആ മനുഷ്യൻ അവിടെനിന്ന് പോകുവാൻ തീരുമാനിച്ചു. എന്നാൽ അവൻ സുഹൃത്തിന്റെ വസ്ത്രങ്ങൾക്കടിയിൽ ഒരു സ്വർണ്ണാഭരണം ഒളി ച്ചുവെച്ചു. ലഹരിയിൽ നിന്ന് വിമുക്തനായ ആ മനുഷ്യൻ ഉണർന്ന് അവിടെയു മിവിടെയും അലയുവാൻ തുടങ്ങി. വിശപ്പും ദാഹവും കീഴടക്കിയ ആ മനുഷ്യൻ തന്റെ കൈയ്യിലുള്ള ആ വിലപിടിപ്പുള്ള ആഭരണത്തെക്കുറിച്ച് ഓർക്കാതെ കഷ്ട തയിൽ അലഞ്ഞുനടന്നു. വളരെ നാളുകൾക്കുശേഷം ആ സുഹൃത്തുക്കൾ വീണ്ടും കണ്ടുമുട്ടുകയും ആ വിലപിടിപ്പുള്ള ആഭരണത്തെപ്പറ്റി സുഹൃത്തി നോട് പറയുകയും അത് തിരയുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഈ കഥയിൽ വിവരിച്ച മദ്യപാനിയായ ആ മനുഷ്യനെപ്പോലെ, തന്റെ കൈയ്യിലുള്ള വിലപിടപ്പുള്ള ആഭരണത്തെപ്പറ്റി അറിയാതെ മനുഷ്യർ ദുഃഖ ത്തിലും കഷ്ടതയിലും അലഞ്ഞുതിരിഞ്ഞ് തീവ്രദുഃഖത്തിൽ ജീവിക്കുന്നു. ലൗകിക ജീവിതം കഷ്ടതയിൽ നയിക്കുന്ന മനുഷ്യൻ അവനിൽ അന്തർലീനമായി കിട ക്കുന്ന അമൂല്യമായ ബുദ്ധസ്വഭാവം അറിയുന്നില്ല.അതിനു മാത്രമെ അവന്റെ കഷ്ടതകളെ മാറ്റുവാൻ സാധിക്കുകയുള്ളൂ.

ഒരു മനുഷ്യൻ അവനിൽ ഒളിഞ്ഞുകിടക്കുന്ന ബുദ്ധസ്വഭാവത്തെപ്പറ്റി എത്രയൊക്കെ അബോധവാനായാലും അത് അവനിൽ അന്തർലീനമായി ഒളിഞ്ഞുകിടക്കുന്നു. എത്രയൊക്കെ അവന്റെ മനസ്സ് അധമമായാലും അജ്ഞത നിറഞ്ഞതായിരുന്നാലും ബുദ്ധൻ ഒരിക്കലും അവനോടുള്ള അനുകമ്പ വിടുകയോ അവനെ കഷ്ടതയിൽ ജീവിക്കുവാനായി ലോകത്തിലേയ്ക്ക് തള്ളിവിടുകയോ ചെയ്യുകയില്ല. എന്തെന്നാൽ എല്ലാമനുഷ്യനിലും അന്തർലീനമായി ഒരു സ്വച്ഛന്തമായ ബുദ്ധസ്വഭാവം തെളിഞ്ഞുവരുവാനായി കാത്തുകിടക്കുന്നുണ്ട്.

അജ്ഞതയിലും ദ്രവ്യാഗ്രഹങ്ങളിലും പെട്ട് വഞ്ചിക്കപ്പെട്ടു കിടക്കുന്ന മനുഷ്യന്റെ മനസ്സിൽ ഭഗവാൻ ബുദ്ധൻ വിശ്വാസത്തിന്റെ വിത്തുവിതയ്ക്കുന്നു. അവന്റെ മനസ്സിൽ നിന്ന് മിഥ്യാധാരണകളും അജ്ഞതയും തുടച്ചുനീക്കുകയും അവരോട് യഥാർത്ഥത്തിൽ അവരും ബുദ്ധസ്വഭാവവും തമ്മിൽ വലിയ വ്യത്യാസമില്ലായെന്ന് മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്നു.

5. ബുദ്ധൻ എന്നത് ബുദ്ധസ്വഭാവം മനസ്സിലാക്കുന്ന വ്യക്തിയെന്നർത്ഥം; മറിച്ച് സാധാരണമനുഷ്യർ ബുദ്ധസ്വഭാവം ആർജ്ജിക്കുവാൻ സാധിക്കുന്നവർ എന്നർത്ഥം. ഇതാണ് ബുദ്ധനും സാധാരണമനുഷ്യരും തമ്മിലുള്ളവ്യത്യാസം.

എന്നാൽ ഒരു മനുഷ്യൻ തനിക്ക് നിർവ്വാണമാർജ്ജിക്കുവാൻ സാധിച്ചുവെന്ന് അഹങ്കരിക്കുകയാണെങ്കിൽ ആ വിചാരം അവൻ അവനെത്തന്നെ ചതിക്കുന്നതിനു തുല്യമാണ്. അവൻ ബുദ്ധസ്വഭാവം ആർജ്ജിക്കുന്നതിനുള്ളദിശയിലേയ്ക്ക് സഞ്ചരിക്കുന്നുവെങ്കിലും അയാൾ ബുദ്ധസ്വഭാവം സിദ്ധിക്കുന്നതിൽ തികച്ചും വിജയിച്ചുവെന്ന് പറയുവാൻ സാധിക്കുകയില്ല.

ബുദ്ധസ്വഭാവം ഉണ്ടാക്കിയെടുക്കുന്നതിന് കഠിനമായ പരിശ്രമം ആവശ്യമാണ്. അതിന് നിരന്തരമായ ശ്രമവും തികഞ്ഞ അർപ്പണബോധവും അത്യാവശ്യമാണ്. ആ പ്രയത്നം ബുദ്ധസ്വഭാവം. സിദ്ധിച്ചാലും അവസാനിക്കുന്നതല്ല.

6. ഒരിക്കൽ ഒരു രാജാവ് കുറച്ച് അന്ധന്മാരോട് ഒരു ആനയെ സ്പർശനത്തിലൂടെ വിവരിക്കുവാൻ ആവശ്യപ്പെട്ടു. ആദ്യത്തെയാൾ തുമ്പിക്കൈയ്യിൽ പിടിച്ചിട്ടു പറഞ്ഞു ആന ഒരു വലിയ കിഴങ്ങിനു തുല്ല്യമാണെന്ന്; മറ്റൊരുവന് ചെവിയാണ് തൊടുവാൻ കിട്ടിയത് ആനയുടെ ചെവിയിൽ തൊട്ടിട്ട് അവൻ പറഞ്ഞൂ ആന ഒരു വലിയ വിശറിക്കു തുല്യമാണെന്ന്; ഇനിയൊരാൾ ആനയുടെ ശരീരം തൊട്ടിട്ട് പറഞ്ഞു ആന ഒരു വലിയ പിണ്ഡത്തിനെപ്പോലെയാണ്; കാലിൽ പിടിച്ചയാൾ ആനയെ ഒരു വലിയ തൂണിനെപ്പൊലെയെന്ന് വിവരിച്ചു; വാലിൽ പിടിച്ചയാൾ അതിനെയൊരു വലിയ വടത്തിനോടൂപമിച്ചു. ആർക്കും ആനയുടെ യഥാർത്ഥ രൂപം രാജാവിന് വിവരിച്ചു കൊടുക്കൂവാൻ സാധിച്ചില്ല.

ഈ കഥയിലെപ്പോലെ മനുഷ്യന്റെ യഥാർത്ഥരൂപവും സ്വഭാവവും ആർക്കും ശരിക്ക് വിവരിക്കാൻ സാധിക്കുകയില്ല. എല്ലാ വിവരണങ്ങളും വസ്തുതയുടെ ഒരുവശം മാത്രമെ വിവരിക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യന്റെ യഥാർത്ഥസ്വഭാവമായ ബുദ്ധസ്വഭാവം വിവരണങ്ങക്കൾതീതമാണ്.

ബുദ്ധഭഗവാൻ നൽകിയ ഉപദേശങ്ങൾക്കു മാത്രമെ അനശ്വരവും. നിത്യവുമായ ബുദ്ധസ്വഭാവം ആർജ്ജിക്കുവാൻ സഹായിക്കുകയുള്ളു. അത് ദ്രവ്യാഗ്രഹങ്ങളാലും മരണത്താലും നശിപ്പിക്കുവാൻ സാധിക്കുകയില്ല.

## III
## അഹങ്കാരമില്ലായ്മ

1. നമ്മൾ ബുദ്ധസ്വഭാവത്തെക്കുറിച്ച് സംസാരിച്ചത് വളരെ കൃത്യമായി വിവരിക്കുവാൻ സാധിക്കുന്ന ഒരുവസ്തുതയെന്നരീതിയിലാണ്, അല്ലെങ്കിൽ മറ്റു ചില തത്വശാസ്ത്രങ്ങളിൽ, പ്രത്യേകിച്ച് ബ്രാഹ്മണദർശനത്തിൽ, പറയുന്നതു പോലെ നിത്യമായി നിലനിൽക്കുന്ന ആത്മാവിന് തുല്യം എന്ന നിലയിലാണ്, എന്നാൽ ബുദ്ധസ്വഭാവമെന്നത് അതൊന്നുമല്ല.

**ബുദ്ധ സ്വഭാവം**

വ്യക്തിത്വത്തെക്കുറിച്ചുള്ള ആത്മബോധം മനുഷ്യന്റെ തരംതിരിച്ച് വ്യത്യസ്തമായി വസ്തുതകളെയും സംഭവങ്ങളെയും കാണുവാനുള്ള തൃഷ്ണയിൽ നിന്ന് ഉണ്ടായതാണ്. ആദ്യം മനസ്സ് അങ്ങനെയൊരവസ്ഥയെ സ്വയം തരംതിരിച്ച് സൃഷ്ടിച്ചെടുക്കുന്നു പിന്നീട് അതിനോട് വളരെ അടുക്കുന്നു, ഈ അവസ്ഥയിൽ നിന്നാണ് അഹംഭാവം ഉരുത്തിരിഞ്ഞുവരുന്നത്. ഇങ്ങനെ അഹംഭാവത്തെയു ണ്ടാക്കുന്ന മാനസിക ബന്ധനങ്ങളെ മനസ്സിൽ നിന്ന് മാറ്റിയെടുക്കണം. മറിച്ച് ബുദ്ധസ്വഭാവമെന്നത് തൃഷ്ണയിൽ നിന്നോ അല്ലെങ്കിൽ അഹംഭാവത്തിൽ നിന്നോ ഉണ്ടാകുന്നതല്ല. അത് ഒരോ മനുഷ്യനും അവനിൽ തന്നെ സ്വയം കണ്ടെ ത്തണം. ഒരുതരത്തിൽ മനുഷ്യവ്യക്തിത്വമായി തുലനം ചെയ്യപ്പെടാമെങ്കിലും , ഒരിക്കലും അഹംഭാവമായോ, ഞാൻ എന്നഭാവവുമായോ അതിന് യാതൊരു ബന്ധവുമില്ല.

അഹംഭാവവുമായി ബന്ധപ്പെടുത്തി വിശ്വാസപ്രമാണങ്ങളെ സൃഷ്ടി ക്കുന്നത് തെറ്റായ രീതിയാണ്, ആ രീതിയിലുള്ള വിശ്വാസങ്ങളാണ് നിത്യത്വത്തെക്കുറിച്ചും അനിത്യത്വത്തെക്കുറിച്ചുമുള്ള ചിന്ത. വിശ്വാസപ്രമാണങ്ങളെ സൃഷ്ടിക്കുന്നത് തെറ്റായ രീതിയാണ്, ആ രീതിയിലുള്ള വിശ്വാസങ്ങളാണ് നിത്യത്വത്തെക്കുറിച്ചും അനിത്യത്വത്തെക്കുറിച്ചുമുള്ള ചി ന്തയിൽ വ്യാപൃതരാകുന്നത്. ബുദ്ധസ്വഭാവത്തെ തിരസ്കരിക്കുന്നത് തെറ്റാണ്, അത് നമ്മുടെ പ്രത്യക്ഷത്തിൽ വരുന്ന കാര്യങ്ങളെ ഇല്ലെന്നു പറയുന്നതിനു തുല്യ മാണ്.

ഒരു ഉദാഹരണം വിവരിക്കാം, ഒരു മാതാവ് അവരുടെ കുട്ടിയെ ഒരു വൈദ്യനെ കാണിക്കുവാനായി കൊണ്ടുപോയി. കുട്ടിക്ക് ഒരു മരുന്ന് കൊടുത്തിട്ട് വൈദ്യൻ കുട്ടിയുടെ അമ്മയോട് കുട്ടിയെ മരുന്ന് ഫലിക്കുന്നതുവരെ ശ്രുശ്രൂഷി ക്കരുത് എന്ന് നിഷ്കർഷിച്ചു.

ആ അമ്മ മുലയൂട്ടുന്നതിൽ നിന്ന് കുട്ടിയെ നിരുത്സാഹപ്പെടുത്തുന്നതി നായി കയ്പുരസം മുലകളിൽ തടവി. മരുന്ന് ഫലിച്ചു കഴിഞ്ഞപ്പോൾ ആ മാതാവ് കയ്പു രസം കഴുകി കളഞ്ഞ് കുട്ടിയെ വീണ്ടും മുലയൂട്ടി. കയ്പു രസം കൊണ്ട് കുട്ടിയെ മുലയൂട്ടുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തിയ മാതാവ് അതുചെയ്തത് കുട്ടിയോടുള്ള അതീവസ്നേഹം കൊണ്ടാണ്, വിരോധം കൊണ്ടല്ല.

ഈ കഥയിലെ മാതാവിനെപ്പോലെ, ശ്രീ ബുദ്ധൻ, തെറ്റിധാരാണകൾ മാറ്റുന്നതിനും അഹങ്കാരം നിറഞ്ഞ വ്യക്തിത്വം നശിപ്പിക്കുന്നതിനും അഹന്തയെ നിഷേധിക്കുവാൻ പഠിപ്പിച്ചു. അങ്ങനെ അഹങ്കാരം നിറഞ്ഞ മിഥ്യാധാരണകളും അതുമൂലമുണ്ടാകാവുന്ന അഭിനിവേശവും വ്യക്തിത്വത്തിൽ നിന്നു മാറ്റിക്കഴിഞ്ഞാൽ മനസ്സ് അതിന്റെ യഥാർഥ സ്വഭാവമായ ബുദ്ധസ്വഭാവം ആർജ്ജിക്കും.

അഹങ്കാരം നിറഞ്ഞ വ്യക്തിത്വം മനുഷ്യനെ മിഥ്യയുടെ ലോകത്തിലേയ്ക്ക് എത്തിക്കും, എന്നാൽ ബുദ്ധസ്വാഭാവത്തിന്മേലുള്ള വിശ്വാസം അവനെ യഥാർത്ഥജ്ഞാനത്തിലേയ്ക്ക് നയിക്കും.

ഇത് ഒരു സ്ത്രീക്ക് അവളുപോലുമറിയാതെ നല്കപ്പെട്ട ഒരു ഉപഹാരത്തിന്റെ കഥയോട് ഉപമിക്കാം. ആ ഉപഹാരപ്പെട്ടിയിലുണ്ടായിരുന്ന അമൂല്യമായ സമ്പത്തിന്റെയും സ്വർണ്ണത്തിന്റെയും വില മനസ്സിലാക്കാതെ അവൾ നിത്യദാരിദ്ര്യത്തിൽ ജീവിതം നയിച്ചു. എന്നാൽ ഒരു ദിവസം ആരോ അത് അവൾക്ക് തുറന്നു കൊടുക്കുകയും അതിലുള്ള സ്വർണ്ണവും ധനവും കാണിച്ചുകൊടുക്കുകയും ചെയ്തു. ബുദ്ധൻ മനുഷ്യഹൃദങ്ങളെ തുറന്ന് അതിലുള്ള അമൂല്യ നിക്ഷേപമായ ബുദ്ധസ്വഭാവത്തെ അന്ധതയിൽ ജീവിക്കുന്ന മനുഷ്യന് കാണിച്ചുകൊടുക്കുന്നു.

2. എല്ലാമനുഷ്യനിലും അമൂല്യമായ ഈ ബുദ്ധസ്വഭാവമുണ്ടങ്കിൽ പിന്നെയെന്തിനാണ് മനുഷ്യൻ പരസ്പരം ദ്വേഷിക്കുന്നതും, വഴക്കുകൂടുന്നതും, അന്യോന്യം കൊല്ലുന്നതും? മാത്രമല്ല മനുഷ്യരുടെയിടയിൽ എന്തിനാണ് ധനത്തിന്റെ അടിസ്ഥാനത്തിലും, ജാതിയുടെ അടിസ്ഥാനത്തിലും മറ്റും ഇത്രയധികം വേർതിരിവുകൾ?

ഈ പ്രശ്നത്തിന്റെ ഉത്തരം അമൂല്യമായ ഒരു രത്നം ധരിച്ചു കൊണ്ട് ഗുസ്തിക്കു പോകുന്ന ഒരു ഗുസ്തിക്കാരനോട് ഉപമിക്കാം. ഒരിക്കൽ ഗുസ്തിയുടെ ഇടയിൽ ആ രത്നം അയാളുടെ നെറ്റിയിൽ തറച്ചുകയറുകയും അതുമൂലം അത് നഷ്ടപ്പെട്ടു പോയിയെന്ന് ധരിക്കുകയും ചെയ്തു. എന്നാൽ ആ മുറിവ് മരുന്നു വെച്ച് കെട്ടുന്നതിനായി ഒരു വൈദ്യനെ സമീപിക്കുകയും അദ്ദേഹം ആ മുറിവു തുറന്ന് ഗുസ്തിക്കാരന് രക്തത്തിലും മാംസത്തിലും പൊതിഞ്ഞ ആ രത്നം കാണിച്ചുകൊടുക്കുകയും ചെയ്തു.

**ബുദ്ധ സ്വഭാവം**

ബുദ്ധസ്വഭാവം ഈ കഥയിലെ അമൂല്യരത്നത്തിനു തുല്യമാണ്. ജീവിതത്തിന്റെ കഷ്ടപ്പാടുകളിലും വിഷമങ്ങളിലും അലയുമ്പോൾ മനുഷ്യൻ അവനിലുള്ള അമൂല്യ സമ്പത്തായ ബുദ്ധസ്വഭാവം നഷ്ടപ്പെട്ടതായി ധരിക്കും, എന്നാൽ ഒരു നല്ല ഗുരു അത് അവന് കാണിച്ചു കൊടുക്കും.

എത്ര ആഴത്തിൽ അഹങ്കാരത്തിന്റേയും ദുഃഖത്തിന്റേയും വിഡ്ഢിത്വങ്ങളുടേയും അല്ലെങ്കിൽ അവന്റെ തന്നെ പ്രതികാര വാഞ്ഛയുടേയും അടിയിൽ മറഞ്ഞുപോയാലും, ബുദ്ധസ്വഭാവം എല്ലാമനുഷ്യനിലും അന്തർലീനമായി കിടക്കുന്നുണ്ട്. അതിനെ ഒരിക്കലും നശിപ്പിക്കുവാൻ സാധിക്കുകയില്ല. മാത്രമല്ല, എല്ലാ മാലിന്യങ്ങളും നീക്കിക്കളഞ്ഞാൽ അത് അതിന്റെ സ്വന്തം സ്വഭാവത്തിൽ പ്രത്യക്ഷപ്പെടും.

കഥയിലെ ഗുസ്തിക്കാരന് തന്റെ തലയിൽ തറച്ചിരുന്ന രത്നത്തെ ഒരു കണ്ണാടിയിൽക്കൂടി വെളിവായതുപോലെ, ബുദ്ധസ്വഭാവം അഹങ്കാരത്തിന്റേയും അമിതാവേശത്തിന്റേയും, ആഗ്രഹങ്ങളുടേയും അടിയിൽ മറഞ്ഞിരിക്കുന്നു അത് ബുദ്ധവചനങ്ങളുടെ പ്രകാശത്തിൽ വെളിവാകും.

3. ബുദ്ധസ്വഭാവം എപ്പോഴും പരിശുദ്ധവും നിർമ്മലവും ശാന്തവുമാകുന്നു. അത് മനുഷ്യന്റെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് മാറുന്നതല്ല. പാല് പശുവിന്റെ നിറത്തിനനുസരിച്ച് മാറാത്തതുപോലെ, ബുദ്ധസ്വഭാവം മനുഷ്യന്റെ ജീവിതസാഹചര്യങ്ങളും വീക്ഷണരീതികളും അനുസരിച്ച് മാറുന്നില്ല.

ഭാരതത്തിൽ ഒരു പഴയകഥ പ്രചാരത്തിലുണ്ട്. ഹിമാലയ പർവതനിരകളിൽ ഒളിഞ്ഞുകിടന്ന ഒരു അമൂല്യ ഔഷധസസ്യത്തെത്തേടി കാലാകാലമായി വ്യർത്ഥമായി മനുഷ്യർ തിരഞ്ഞു കൊണ്ടിരുന്നു എന്നാൽ ഒരുദിവസം ഒരു സന്യാസി ആ സസ്യം തിരഞ്ഞുപിടിക്കുകയും അതിനെ ഒരു പാത്രത്തിൽ ശേഖരിക്കുകയും അത് എല്ലാവരുടേയും നന്മക്കായി ഉപയോഗിക്കുകയും ചെയ്തു. ആ മനുഷ്യന്റെ മരണത്തിനുശേഷം ആ അമൂല്യ ഔഷധം മനുഷ്യദൃഷ്ടിയിൽ നിന്ന് എവിടെക്കോ മറഞ്ഞുപോകുകയും ചെയ്തു. ആ അമൂല്യ രത്നം ശേഖരിച്ചു വെച്ചിരുന്ന പാത്രം മലിനമാകുകയും അതിൽ അവശേഷിച്ച ഔഷധം വിഷ തുല്യമാകുകയും ചെയ്തു.

മേലുദ്ധരിച്ച ഉദാഹരണത്തിലെപ്പോലെ ബുദ്ധസ്വഭാവം മനുഷ്യന്റെ അഹങ്കാരത്തിന്റെയും, ആശയുടെയും ആഗ്രഹങ്ങളുടെയും ഭീമാകാരമായ വനത്തിനടിയിൽ ഒളിഞ്ഞു കിടക്കുന്നു. അത് വളരെ അപൂർവമായേ കണ്ടെത്താറുള്ളു. എന്നാൽ ശ്രീ ബുദ്ധൻ അത് കണ്ടു പിടിക്കുകയും ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അത് മനുഷ്യർ അവരുടെ ബുദ്ധിതാൽപ്പര്യങ്ങൾക്കനുസരണമായി വിനിയോഗിച്ചു.

4. വജ്രം ഭൂമിയിലെ അറിയപ്പെടുന്ന വസ്തുക്കളിൽ ഏറ്റവും കഠിനമാണ്. അത് അത്ര എളുപ്പത്തിൽ പൊട്ടിക്കുവാൻ സാധിക്കുകയില്ല. കല്ലുകളും മണലും മറ്റും സാധാരണയായി പൊടിക്കുവാൻ സാധിക്കും എന്നാൽ വജ്രം ഏതു കഠിനമായ പ്രഹരണത്തെയും താങ്ങിനിൽക്കും, അത് അതിന്റെ അടിസ്ഥാന സ്വഭാവമാണ്. ബുദ്ധസ്വഭാവും വജ്രം പോലെ അനശ്വരമാണ്.

മനുഷ്യശരീരവും മനസ്സും കാലാനുസരണമായി നശിച്ചു പോകും, എന്നാൽ ബുദ്ധസ്വഭാവം അങ്ങനെ നശിച്ചു പോകുന്നതല്ല.

**ബുദ്ധ സ്വഭാവം**

ബുദ്ധസ്വഭാവം ഒരു മനുഷ്യന് ആർജ്ജിക്കാവുന്നതിൽ ഏറ്റവും ശ്രേഷ്ഠമായ അവസ്ഥയാണ്. ശ്രീ ബുദ്ധൻ പഠിപ്പിച്ചതനുസരിച്ച് ബുദ്ധസ്വഭാവമെന്നത് മനുഷ്യന്റെ എല്ലാ വേർതിരിവുകൾക്കും മനുഷ്യനിർമ്മിതമായ പിരിവുകൾക്കും അതീതമാണ്.

ശുദ്ധമായ സ്വർണ്ണം സ്വർണ്ണ അയിര് ഉരുക്കി അതിലുള്ള മാലിന്യങ്ങൾ നീക്കി ഉണ്ടാക്കിയെടുക്കുന്നതാണ്. അതുപോലെ മനുഷ്യർ അവരുടെ മനസ്സുകളാകുന്ന അയിരിനെയുരുക്കി അതിലുള്ള മാലിന്യങ്ങളാകുന്ന അഹങ്കാരത്തെയും അസൂയയെയും അമിതാഗ്രഹങ്ങളെയും മാറ്റുകയാണെങ്കിൽ അവർക്ക് ബുദ്ധസ്വഭാവമെന്ന ശുദ്ധമായ തങ്കത്തെ ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും.

## അദ്ധ്യായം നാല്
# മനോമാലിന്യങ്ങൾ

## I
## മനുഷ്യജന്യമായ മാലിന്യങ്ങൾ

1. രണ്ടുതരത്തിലുള്ള ലൗകിക അഭിനിവേശങ്ങൾ ബുദ്ധസ്വഭാവത്തെ ആവരണം ചെയ്യുകയും മലിനപ്പെടുത്തുകയും ചെയ്യുന്നു.

ആദ്യത്തേത് വിശകലനം ചെയ്തും വാദിച്ചും മനുഷ്യർ തീരുമാനത്തിൽ വ്യക്തത നഷ്ടപ്പെടുത്തുന്നത്. രണ്ടാമത്തേത്, വൈകാരിക അനുഭവത്തിനുവേണ്ടിയുള്ള അമിതാഗ്രഹവും അതിൽ നിന്നുളവാകുന്ന മൂല്യ ശോഷണവും അവ്യക്തതയും.

ഈ രണ്ടു കാര്യങ്ങളും, അവ്യക്തമായ തീരുമാനങ്ങൾക്കും അവ്യക്തമായ പ്രവർത്തന രീതികൾക്കും മനുഷ്യജന്യമായ മലിന്യപ്പെടുത്തലിനു കാരണമായി കണക്കിലാക്കാം, എന്നാൽ അതിലുമുപരിയായി ഇവക്കാധാരമായി കാണാവുന്നവ അജ്ഞതയും തൃഷ്ണയുമാണ്.

അവ്യക്തമായ തീരുമാനങ്ങൾക്ക് അജ്ഞതയും അവ്യക്തമായ പ്രവർത്തനങ്ങൾക്ക് തൃഷ്ണയും മൂലകാരണമായി നിലകൊള്ളുന്നു. ഇവ രണ്ടും രണ്ടു വ്യത്യസ്തങ്ങളായ സംഭവങ്ങളല്ല മറിച്ച് ഇവ തുല്യമായി അസന്തോഷത്തിന് കാരണമാകുന്നു.

മനുഷ്യർ അജ്ഞരാണെങ്കിൽ അവർക്ക് ശരിയായി വസ്തുതകൾ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അതിനാൽ അവർ വളരെപ്പെട്ടെന്ന് ജീവിതാഗ്രഹങ്ങൾക്ക് വശംവദരാകുന്നു.

അതിനെ തുടർന്ന് തൃഷ്ണ, മോഹം, താരതമ്യപ്പെടുത്തൽ, കാമം തുടങ്ങിയ വികാര വിസ്ഫോടങ്ങളിൽ ചെന്നു നിൽക്കുന്നു. ഇത്തരം ആഗ്രഹങ്ങളും അവയെ തുടർന്നുള്ള തിരച്ചിലുകളും മനുഷ്യമനസ്സിനെ അവ്യകതമായ തലങ്ങളിലേയ്ക്ക് ഉയർത്തും അത് ഒരു ജീവിതരീതിയായി മാറുകയും ചെയ്യുന്നു. ചില മനുഷ്യർ അവരുടെ ശരീരത്തിന്റെ മരണത്തെപ്പോലുമാഗ്രഹിക്കുന്നു.

ഈ പ്രാഥമികമായ ലോഭം, അഹങ്കാരം, അസൂയ, വിഡ്ഢിത്തരങ്ങൾ, തെറ്റിധാരണകൾ, വൈരാഗ്യം, മോഹഭംഗങ്ങൾ, പുകഴ്ത്തലുകൾ, ലുബ്ധത, അഹന്ത, ചതിക്കൽ തുടങ്ങിയ കാര്യങ്ങൾ ജീവിതത്തിൽ ഉൽഭവിക്കുകയും അവ ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു.

2. ലോഭം ഉൽഭവിക്കുന്നത് തെറ്റായ ആശയങ്ങളുടെ പൂർത്തികരണത്തിനുവേണ്ടിയാണ്; ദേഷ്യം(ക്രോധം) ഉൽഭവിക്കുന്നത് ഒരുവൻ തന്റെ സാഹചര്യങ്ങളെയും ചുറ്റുപാടുകളെയും തെറ്റായി മനസ്സിലാക്കുന്നതുകൊണ്ടാണ്; വിഡ്ഢിത്വം എന്നത് ശരിയായ പേരുമാറ്റത്തെക്കുറിച്ചുള്ള അവ്യക്തമായ നിർണ്ണയരീതികൊണ്ടുമാണ്.

ഈ മൂന്ന് കാര്യങ്ങൾ: ലോഭം, ക്രോധം, വിഡ്ഢിത്വം എന്നിവ ലോകത്തിന്റെ മൂന്നു നാശാഗ്നികളെന്നു വിളിക്കാം. ആരുടെ മനസ്സാണോ ദേഷ്യത്താൽ മുഖരിതമായിരിക്കുന്നുവോ അവനെ ക്രോധമാകുന്ന അഗ്നി നശിപ്പിക്കും. ആരുടെ മനസ്സ് ലോഭത്തിന്റെയും പിശുക്കിന്റെയും സ്വാധീനത്തിൽ വരുന്നുവോ അവൻ ആ അഗ്നിയാൽ നശിപ്പിക്കപ്പെടും. ശ്രദ്ധയില്ലാതെ വിഡ്ഢിത്വത്തിന്റെ സ്വധീനത്തിൽ കാര്യങ്ങൾ ചെയ്യുന്നവൻ ആ അഗ്നിയാൽ നശിക്കും, അവൻ ബുദ്ധവചനങ്ങളിൽ ശ്രദ്ധിച്ചാൽ അവന് വിഡ്ഢിത്വത്തിന്റെ സ്വാധീനത്തിൽ നിന്ന് രക്ഷപ്രാപിക്കുവാൻ സാധിക്കും.

ഇവ മാത്രമല്ലാതെ ഈ ലോകം ശരിക്കും മറ്റു വിവിധ തരത്തിലുള്ള അഗ്നികളാൽ ബാധിതമാണ്. അവ ലോഭാഗ്നി, ക്രോധാഗ്നി, കാമാഗ്നി, മോഹാഗ്നി, അഹങ്കാരാഗ്നി, മരണാഗ്നി, ദുഃഖാഗ്നി, വേദനകൾ, രോദനങ്ങൾ, വിങ്ങിപ്പൊട്ടലുകൾ.

അത് ഒരുവനെ മാത്രമല്ല സ്വാധീനപ്പെടുത്തുന്നത് അത് അവനുചുറ്റുമുള്ളവരെയും വളരെ സാരമായി ബാധിക്കും. അത് അവരെയും തെറ്റായ രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കും. ഈ അഗ്നികളാൽ ഉണ്ടാകുന്ന വ്രണങ്ങളിൽ നിന്ന് ചളിയും രക്തവും വമിക്കുന്നതു മാത്രമല്ല, അതിമാരകമായ പകർച്ച വ്യാധികളും ഉണ്ടാകുന്നു. അത് ചുറ്റുപാടുമുള്ളവരെ സാരമായി ബാധിക്കു കയും അവരെയും ഇവയുടെ സ്വാധീനത്തിൽ വരുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

3. സംതൃപ്തി ലഭിക്കാത്തതുമൂലം ലോഭം ഉണ്ടാകുന്നു; അസംതൃപ്തിയെന്താണെന്നറിയാത്തവന് ദേഷ്യവും ക്രോധവും ധാരാളമുണ്ടാകുന്നു; എന്നാൽ വിഡ്ഢിത്വം അപക്വവും അവിശുദ്ധവുമായ ചിന്തയിൽ നിന്ന് ഉൽഭവിക്കുന്നു. ലോഭത്തിനുള്ളിൽ വളരെ കുറച്ചു മാലിന്യങ്ങൾ മാത്രമെയുള്ളു, എങ്കിലും മാറ്റുവാൻ വളരെ ബുദ്ധിമുട്ടാണ്; ദേഷ്യത്തിനുള്ളിൽ വളരെയധികം മാലിന്യങ്ങൾ ഉണ്ട് എന്നാൽ മാറ്റുവാൻ വളരെയെളുപ്പമാണ്; വിഡ്ഢിത്വത്തിൽ ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകൂടിയിരിക്കുന്നു അതിനെ മാറ്റുവാൻ അത്ര എളുപ്പമല്ല.

അതുകൊണ്ട് മനുഷ്യർ ഈ അഗ്നികളെ എപ്പോഴൊക്കെയോ എങ്ങനെയൊക്കെയോ സാധിക്കുന്ന വിധത്തിൽ നശിപ്പിക്കുവാൻ ശ്രമിക്കണം. അത് ശരിയായി നിർണ്ണയം ചെയ്തശേഷം, എന്ത് ശരിയായ സംതൃപ്തി നല്കുന്നുവെന്നും, അല്ലെങ്കിൽ കൃത്യമായ മനോനിയന്ത്രണത്തിൽകൂടി അസംതൃപ്തി തരുന്ന കാര്യങ്ങൾ മനസ്സിലാക്കിയോ, അതുമല്ലെങ്കിൽ ബുദ്ധവചനങ്ങളുടെ സാരാംശം മനസ്സിലാക്കി ക്ഷേമത്തിനും ആർദ്രതക്കും പ്രാമുഖ്യം നൽകികൊണ്ടുമായിരിക്കണം. മനസ്സ് ശുദ്ധവും, ജ്ഞാനദൃഷ്ടിയിലൂടെ പ്രകാശിതവുമാണെങ്കിൽ അവന്റെ ചിന്തകളെ ഒരിക്കലും സ്വാർത്ഥചിന്തകൾ കീഴപ്പെടുത്തുകയില്ല, അവിടെ ലൗകികമായ വികാരങ്ങൾ ഒരിക്കലും മുള പൊട്ടുകയില്ല.

4. ലോഭം, ക്രോധം, വിഡ്ഢിത്വം തുടങ്ങിയവ ജ്വരത്തെപോലെയാണ്, ഈ പനിപിടിച്ച മനുഷ്യൻവളരെ സുഖമായ മെത്തയിൽ സുഖകരമായ മുറിയിൽ കിടന്നാലും അവൻ അസുഖം കൊണ്ട് പുളയുകയും നിദ്രയെ പ്രാപിക്കുവാൻ കഷ്ടപ്പെടുകയും ചെയ്യും.

ഈ ജ്വരം ബാധിക്കാത്തവന് ഒരിക്കലും ഉറങ്ങാൻ യാതൊരു ബുദ്ധിമുട്ടുമില്ല. അവന് സുഖനിദ്ര ഏതു സാഹചര്യത്തിലും പ്രാപിക്കുവാൻ സാധിക്കും, അത് ശൈത്യത്തിന്റെ പാരമ്യതയിലും ഉഷ്ണത്തിന്റെ നടുവിലും സാധിക്കും. മെത്തക്കു പകരം ഒരു ലോലമായ ഇലപോലും അവന് സുഖനിദ്ര പ്രദാനം ചെയ്യുന്നു.

ഈ മൂന്നു കാര്യങ്ങൾ അതുകൊണ്ട് മനുഷ്യന്റെ ദുഃഖങ്ങളുടെ ഏറ്റവും പ്രധാനകാരണമായി കണക്കാക്കാം. ഈ ദുഃഖകാരണങ്ങളെ മനസ്സിലാക്കി അവയെ ഉന്മൂലനം ചെയ്യണമെങ്കിൽ ഒരുവൻ അവന്റെ അനുഭവങ്ങളെ തീവ്രമായി പരിശോധിക്കണം അതിന് പ്രജ്ഞയും അത്യന്താപേക്ഷിതമാണ്. അനുഭവങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതുമൂലം അവയിൽ നിന്ന് ലോഭചിന്തകൾ മാറിപ്പോകും; ശരിയായ ഏകാഗ്രത ആർജ്ജിക്കുന്നതിലൂടെ ക്രോധം മൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ മാറ്റിയെടുക്കുവാൻ സാധിക്കും; അതുപോലെ പ്രജ്ഞ ആർജ്ജിക്കുന്നതുമൂലം വിഡ്ഢിത്തരങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നീങ്ങികിട്ടുന്നു.

5. മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് അളവില്ല. ഇത് ഉപ്പുവെള്ളം കുടിക്കുന്നവന്റെ ദാഹശമനം പോലെയാണ്, കുടിക്കുംതോറും അത് കൂടിക്കൊണ്ടിരിക്കും. ഒരിക്കലും അവന് പൂർണ്ണതൃപ്തി ലഭിക്കുന്നില്ല.

അതുകൊണ്ട് എതുമനുഷ്യനാണോ അവന്റെ ആഗ്രഹങ്ങൾ പൂർത്തികരിക്കുവാൻ ശ്രമിക്കുന്നത് അവന് കൂടിയ തോതിൽ അസംതൃപ്തിയും അവന്റെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുന്നതുമായി കാണപ്പെടുന്നു.

ആഗ്രഹപൂർത്തീകരണത്തിനുള്ള ശ്രമം ഒരിക്കലും തൃപ്തി നല്കുന്നില്ല. ആ ശ്രമങ്ങൾ എപ്പോഴും അസ്വാസ്ഥ്യവും സന്താപവും ഉണ്ടാക്കുന്നു; അതുപോലെ ആ ശ്രമങ്ങളെ മാറ്റിമറിക്കുവാൻ ശ്രമിച്ചാൽ അത് ആ മനുഷ്യനെ ഭ്രാന്തിലേയ്ക്ക് കൊണ്ടു ചെന്നെത്തിക്കും.

ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി മനുഷ്യർ തമ്മിൽ കലഹിക്കുകയും അവ വലിയ യുദ്ധങ്ങളിൽ ചെന്നവസാനിക്കുകയും ചെയ്യാറുണ്ട്. രാജാവ് മറ്റു രാജാക്കന്മാർക്കെതിരെയും, പിതാവ് പുത്രനെതിരെയും, സഹോദരന്മാർ തമ്മിലും, സുഹൃത്തുക്കൾ തമ്മിലും, സഹോദരിമാർ തമ്മിലും നിരന്തരമായ കലഹത്തിലേർപ്പെടുകയും ചിലപ്പോൾ അന്യോന്യം കൊല്ലുകയും ചെയ്യുന്നു.

മനുഷ്യർ അവരുടെ ജീവിതം തന്നെ ഈ ആഗ്രഹപൂർത്തികെരണങ്ങൾക്കായി നശിപ്പിക്കാറുണ്ട്. അവർ മോഷ്ടിക്കുകയും, ചതിക്കുകയും വിശ്വാസവഞ്ചന നടത്തുകയും ചെയ്യും; പിടിക്കപ്പെടുമ്പോൾ അതിൽനിന്നുണ്ടാകുന്ന അപമാനത്താലും ശിക്ഷയാലും അത്യന്തം വ്യാകുലപ്പെടുന്നു.

അവർ അവരുടെ ശരീരത്താലും വാക്കാലും പാപകർമ്മങ്ങൾ ചെയ്യുന്നു, മനസ്സുകൊണ്ടും തെറ്റായ കർമ്മങ്ങളിൽ വ്യാപൃതരാകുന്നു. അത്തരം പ്രവർത്തികളുടെ നശ്യമായ പര്യവസാനം മനസ്സിലാക്കിയാലും ആ പ്രവർത്തികളെ തുടർന്നും പിൻതുടരുന്നു. വരും ജന്മങ്ങളിലും വിവിധങ്ങളായ വേദനകളും ബുദ്ധിമുട്ടുകളും ഒരു പിൻതുടർച്ചപോലെ വന്നുകൊണ്ടിരിക്കും.

6. തൃഷ്ണയാണ് ആഗ്രഹങ്ങളുടെ ഇടയിൽ ഏറ്റവും തീവ്രമായുള്ളത്. മറ്റ് ലൗകികാഗ്രഹങ്ങൾ അതിന്റെ പിന്നിൽ സഞ്ചരിക്കുന്നവയാണ്.

തൃഷ്ണ മറ്റ് ആഗ്രഹങ്ങൾക്ക് സുഗമമായി വളരുവാനുള്ള ഒരു വിളനിലമായി വർത്തിക്കുന്നു. ഒരു ഭൂതത്തെ പ്പോലെ അത് ലോകത്തിലുള്ള എല്ലാ നല്ലകാര്യങ്ങളെയും നശിപ്പിക്കും. തൃഷ്ണ പൂന്തോട്ടത്തിനുള്ളിൽ ഒളിഞ്ഞു കിടക്കുന്ന ഒരു വിഷ സർപ്പത്തിനെപ്പോലെയാണ്, അത് പൂന്തോട്ടത്തിന്റെ ഭംഗികാണാനെത്തുന്ന സഹൃദയരായ മനുഷ്യരെ ആക്രമിക്കുന്നു. അത് ഒരു വൃക്ഷത്തിൽ പടർന്നുകയറുന്ന ഒരു പടർപ്പിനു തുല്യമാണ്. അത് അഭയം നൽകിയ ആ വൃക്ഷത്തെ പാടെ നശിപ്പിക്കും. തൃഷ്ണ അതിന്റെ പത്തി മനുഷ്യന്റെ വൈകാരിക ചിന്തയിലേക്ക് വിടർത്തി ഇറങ്ങി ചെല്ലുന്നു.

അവിടെനിന്നും നന്മയുടെ അംശം ഊറ്റി കുടിച്ചശേഷം ആ മനസ്സിനെ സ്വയം നശിക്കുവാൻ വിടുന്നു. തൃഷ്ണ വിഡ്ഢികളായ മനുഷ്യരെ തന്റെ ആകർഷണവലയത്തിൽ വരുത്തുന്ന ഒരു ഭൂതമാണ്. അത് അവരെ വളരെ എളുപ്പത്തിൽ തിന്മയുടെ ലോകത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നു.

ഒരുണങ്ങിയ അസ്ഥികഷ്ണം രക്തത്തിൽ മുക്കി ഒരുനായുടെ മുന്നിലിട്ടു കൊടുക്കുകയാണെങ്കിൽ ആ നായ അതിനു പിന്നാലെ വ്യർഥമായി കടിച്ചുകൊണ്ട് നടക്കും. നായ, അത് ക്ഷിണിച്ചാലും അരിശം കൊണ്ട് അലമുറയിട്ടാലും ഈ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കും. തൃഷ്ണയെന്നത് നായിന്റെ മുന്നിൽ വീണ ഉണങ്ങിയ എല്ലുകഷ്ണം പോലെയാണ്, അത് മനുഷ്യനെ നശിപ്പിക്കുന്നതിനേ ഉതകൂ.

ഒരു ചെറിയ ഇറച്ചികഷ്ണത്തിനുവേണ്ടി രണ്ടു മൃഗങ്ങൾ കഠിനമായി പൊരുതുന്നു. അവ അവയുടെ ശരീരം മുഴുവനും വ്രണം കൊണ്ടുനിറക്കുന്നു. ഒരു തീ പന്തം കാറ്റിനെതിരെ പിടിച്ചുനടക്കുന്ന മനുഷ്യൻ തീർച്ചയായും അവന്റെ കൈകൾ തീയാൽ പൊള്ളിക്കുന്നു. ആ മൃഗങ്ങളെപ്പോലെയും വിഡ്ഢിയായ ഈ മനുഷ്യനെപ്പോലെയും മനുഷ്യർ ലൗകിക സുഖങ്ങളുടെ പിന്നാലെ നടന്ന് സ്വയം പീഡിപ്പിക്കുന്നു.

7. പുറംശരീരം പടച്ചട്ടകൊണ്ട് ആവരണം ചെയ്ത് വിഷശര പ്രഹരത്തിൽ നിന്ന് രക്ഷപ്രാപിക്കാം, എന്നാൽ മനസ്സിനെ അതുപോലൊരു ചട്ടകൊണ്ട് മനസ്സിൽ ഉണ്ടാകുന്ന വിഷചിന്തകളെ പ്രതിരോധിക്കുവാൻ സാധിക്കുകയില്ല. ലോഭം, ക്രോധം, വിഡ്ഢിത്വം, അഹങ്കാരം എന്നിവ മനുഷ്യമനസ്സിൽ ഉൽപത്തികൊള്ളുന്ന വികാരങ്ങളാകുന്നവിഷശരങ്ങളാണ്.

മനുഷ്യർ ലോഭം, ക്രോധം, വിഡ്ഢിത്വം, എന്നീ വികാരങ്ങളാൽ ബാധിക്കപ്പെട്ടാൽ അവർ ചതി, വഞ്ചന, അവഹേളനം, ചതിപ്രയോഗം എന്നീ ഹീനമായ കൃത്യങ്ങളിൽ ഏർപ്പെടുകയും അവസാധ്യമാക്കുവാനായി കൊല, മോഷണം, വ്യഭിചാരം തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യും.

ഈ മൂന്ന് തെറ്റായ മാനസികാവസ്ഥ, നാല് വാക് പ്രയോഗങ്ങൾ, മൂന്ന് പാപനിർഭരമായ പ്രവർത്തനങ്ങൾ, എല്ലാംകൂടിചേർത്താൽ പത്ത് തെറ്റുകളുടെ കണക്കു കിട്ടും.

മനുഷ്യർ നുണ പറയുന്നത് ശീലിക്കുകയാണെങ്കിൽ, അവർ അറിയാതെതന്നെ എല്ലാ തെറ്റായ പ്രവർത്തങ്ങളും നടത്തും. ഒരിക്കൽ നുണ പറയുവാൻ തുടങ്ങിയാൽ ഭോഷത്തരമായി അശ്രദ്ധമായേ എല്ലാകാര്യങ്ങളും ചെയ്യുകയുള്ളു.ലോഭം, കാമം, ഭയം, ക്രോധം, ദൗർഭാഗ്യം, അസന്തോഷം തുടങ്ങിയ കാര്യങ്ങൾ സാധാരണയായി മഠയത്തരത്തിൽ നിന്നാണ് ഉണ്ടാകുന്നത്. അതിനാൽ മഠയത്തരം ഏറ്റവും വലിയ പാപകാരണമായി കണക്കാക്കണം.

ക്രോധം, ലോഭം വിഡ്ഢിത്വം തുടങ്ങിയ അധമ വികാരങ്ങൾക്ക് അടിമപ്പെട്ട് ദുഷ്കർമ്മങ്ങളാൽ ബന്ധിതനായി ദുരിതപൂർണ്ണമായ പുനർജന്മങ്ങൾ ഒന്നിനു പുറകെ ഒന്നായി എടുത്ത് ജീവിക്കുന്ന ഒരു സാധാരണ ജീവിതത്തിൽ ബുദ്ധസുക്തങ്ങളും പഠനങ്ങളും ഒരു രക്ഷാമാർഗ്ഗമായി വർത്തിക്കുകയും അതിൽ നിന്ന് ഒരുവന് ദുരിതപൂർണ്ണമായ ജീവിതത്തിൽ നിന്ന് മോചനവും ലഭിക്കുന്നു.

8. ആഗ്രഹങ്ങളിൽ നിന്ന് കർമ്മം ഉണ്ടാകുന്നു; കർമ്മത്തിൽ നിന്ന് ദുഃഖം ജനിക്കുന്നു. ആഗ്രഹം, കർമ്മം, ദുഃഖം തുടങ്ങിയവ ഒരു ചക്രം തിരിയുന്നതുപോലെ അവസാനമില്ലാതെ തിരിഞ്ഞുകൊണ്ടിരിക്കും.

തിരിയുന്ന ഈ ചക്രം ആദിമധ്യാന്തമില്ലാതെ തിരിഞ്ഞുകൊണ്ടിരിക്കും. മനുഷ്യർ ഈ പുനർജ്ജന്മങ്ങളിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുവാൻ സാധിക്കുകയില്ല. ഒരു ജീവിതം മറ്റൊന്നിനെ പിൻതുടർന്ന് പോയികൊണ്ടിരിക്കും അത് ഇടതടവില്ലാത്ത ഒരു പ്രവാഹമായി തുടർന്നുകൊണ്ടിരിക്കും.

ഈ അവസാനമില്ലാതെ തുടർന്നുകൊണ്ടിരിക്കുന്ന ജന്മങ്ങളുടെ ചിതാഭസ്മം സൂക്ഷിക്കുകയാണെങ്കിൽ, അത് ഒരു പർവ്വതസമാനമായി കാണപ്പെടും. ആരെങ്കിലും ഈ തുടർ ജന്മങ്ങളിലൂടെ കുടിച്ചു തീർത്ത മുലപ്പാലിന്റെ കണക്കെടുക്കുകയാണെങ്കിൽ അത് ഒരു മഹാസാഗര സമാനമായിരിക്കും.

എല്ലാ മനുഷ്യരിലും ബുദ്ധസ്വഭാവം കുടികൊള്ളുന്നുണ്ടെങ്കിലും അത് ലൗകികാഗ്രഹങ്ങളാകുന്ന മനോമാലിന്യങ്ങളുടെ അടിയിൽ പുതഞ്ഞു കിടക്കുകയാണ്. അത് വളരെക്കാലമയി അറിയപ്പെടാതെ കിടക്കുകയാണ്. അതിനാലാണ് ലോകത്തിൽ ദുഃഖം ഒരു തീരാബാധപോലെ പിടിപെട്ടിരിക്കുന്നത്. മത്രമല്ല അതിനാലാണ് അവസാനമില്ലാത്ത രീതിയിൽ ദുരിതം നിറഞ്ഞജീവിതങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നത്.

## II
## മനുഷ്യ സ്വഭാവം

1. മനുഷ്യന്റെ സ്വഭാവത്തെ കടന്നുചെല്ലുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു നിബിഡ വനത്തോട് ഉപമിക്കാം. മൃഗസ്വഭാവത്തെ ഒരുപക്ഷെ വളരെ എളുപ്പമായി വിവരിക്കുവാൻ സാധിക്കും. എന്നിരുന്നാലും മനുഷ്യസ്വഭാവത്തെ പൊതുവായി നാലു വിധത്തിൽ തരം തിരിച്ചു വിവരിക്കുവാൻ സാധിക്കും .

ആദ്യമായി ചില മനുഷ്യർ തെറ്റായ പഠനങ്ങൾകൊണ്ട് വളരെ കഠിനമായ സന്യാസജീവിതം നയിക്കുകയും അതുമൂലം സ്വയം പീഡിപ്പിക്കുകയും ചെയ്യുന്നു. രണ്ടാമതായി ചില മനുഷ്യർ ഹീനപ്രവൃത്തികളായ കൊല, മോഷണം, ക്രൂരത എന്നിവയുടെ സ്വാധീനത്താൽ മറ്റുള്ളവരെ പീഡിപ്പിക്കുന്നു

മൂന്നാമതായികാണപ്പെടുന്നവർ തങ്ങളൊടൊപ്പം മറ്റുള്ളവരെയും ദുഃഖിക്കാൻ പ്രേരിപ്പിക്കുന്നു. നാലാമത്തെ തരത്തിൽ വരുന്ന മനുഷ്യർ സ്വയം കഷ്ടപ്പാടുകൾ അനുഭവിക്കതെ മറ്റുള്ളവരെ കഷ്ടപ്പാടുകളിൽ നിന്ന് രക്ഷിക്കുന്നു. ഈ നാലാമത്തെ തരത്തിലുള്ള ആളുകൾ ബുദ്ധവചനങ്ങൾ പഠിക്കുകയും അതുമൂലം അഹങ്കാരം, ക്രോധം, വിഡ്ഢിത്വം തുടങ്ങിയവയ്ക്ക് വിരാമമിടുകയും കരുണാർദ്രവും സമാധാനം നിറഞ്ഞതുമായ ജീവിതം നയിക്കുകയും മറ്റുള്ളവർക്ക് അത് അനുഭവവേദ്യമാക്കികൊടുക്കുകയും ചെയ്യുന്നു.

2. മൂന്നുതരത്തിലുള്ള മനുഷ്യരെ പ്രധാനമായും ഈ ലോകത്തിൽ കാണുവാൻ സാധിക്കും. ആദ്യ വകുപ്പിൽപ്പെടുന്നവർ കല്ലിലെ എഴുത്തുപോലെ ദൃഢമാണ്; അവർ എളുപ്പത്തിൽ ദേഷ്യത്തിനും വൈരാഗ്യ ചിന്തക്കും അടിമപ്പെടുകയും അത് നീണ്ടകാലം നിലനിർത്തുകയും ചെയ്യുന്നു. രണ്ടാം വകുപ്പിൽപ്പെടുന്നവർ മണലിൽ എഴുതിയ അക്ഷരങ്ങൾ പോലെയാണ്, പക്ഷെ, അവരുടെ ദേഷ്യം വളരെവേഗം മാറിപ്പോകുന്നു. അവസാനത്തെ വകുപ്പിൽ പ്പെടുന്നവർ ഒഴുകുന്നവെള്ളത്തിൽ എഴുതിയ അക്ഷരങ്ങൾപോലെയാണ്, അവർ ഒരിക്കലും മാറികൊണ്ടിരിക്കുന്ന ചിന്തകളെ പിൻതുടരാറില്ല, അവർ മറ്റുള്ളവരുടെ ദുഷ്വാക്കുകളെയും പ്രവർത്തികളെയും വിലക്കെടുക്കാറില്ല മാത്രമല്ല അത്തരം കുശലങ്ങളെയും നുണകളെയും പിൻതുടരാറില്ല. അവരുടെ മനസ്സ് ശുദ്ധവും ശാന്തവുമായിരിക്കും .

മറ്റു മൂന്നു തരത്തിലുള്ള മനുഷ്യരും ഈ ലോകത്തിൽ കാണപ്പെടുന്നു. ഒന്നാം ഗണത്തിൽ പെട്ടവർ ധിക്കാരികളും കഠിനപ്രയത്നശീലമുള്ളവരും ഒരിക്കലും തൃപ്തിവരാത്തവരുമാകുന്നു. അതിനാൽ അവരുടെ സ്വഭാവം വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. മറ്റു ചിലർ വളരെ ശാന്തശീലം പ്രകടിപ്പിക്കുന്നവരും കാര്യങ്ങൾ ശ്രദ്ധയോടെ നടത്തുന്നവരുമാണ്; ഇവരുടെ സ്വഭാവവും രീതികളും എളുപ്പത്തിൽ മനസ്സിലാക്കുവാൻ പ്രയാസമാണ്. അവസാനത്തെ വിഭാഗത്തിൽപ്പെടുന്നവർ തങ്ങളുടെ ആഗ്രഹങ്ങൾ പൂർണ്ണമായും നിയന്ത്രണത്തിൽ കൊണ്ടുവന്നവരായതിനാൽ അവരുടെ പ്രവർത്തന രീതികൾ മനസ്സിലാക്കുവാൻ പ്രയാസമാണ്.

മനുഷ്യനെ ഇങ്ങനെ പലരീതികളിലും ഗണത്തിലും തരം തിരിക്കപ്പെടാമെങ്കിലും മനുഷ്യ സ്വഭാവം യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കുവാൻ വിഷമമാണ്. ശ്രീബുദ്ധന് മനുഷ്യസ്വഭാവം കൃത്യമായി നിർണ്ണയിക്കാനും മനസ്സിലാക്കുവാനും കഴിഞ്ഞിരുന്നു. ബുദ്ധസൂക്തങ്ങളിൽ നിന്നാർജ്ജിക്കുന്ന പ്രജ്ഞയിൽ നിന്ന് നമുക്കും ആ കഴിവ് നേടിയെടുക്കുവാൻ സാധിക്കും.

# III
# മനുഷ്യജീവിതം

1. മനുഷ്യജീവിതത്തെ നദിയിൽ വള്ളം തുഴഞ്ഞു കൊണ്ടുപോകുന്ന ഒരു തോണിക്കാരന്റെ പ്രശ്നങ്ങളോട് ഉപമിക്കാം. തോണിക്കാരൻ വിദൂരത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു, അത് അവനെ ഇങ്ങനെ ഓർമ്മപ്പെടുത്തി, സൂക്ഷിച്ച് തുഴയുക, നദി മുന്നോട്ടു നീങ്ങുംതോറും വേഗതകൂടിവരുന്നതാണ്, അതിനകം താമസിയാതെ ഒരുവലിയ ചുഴി മുന്നിൽ ഒളിഞ്ഞിരിക്കുന്നുണ്ട്. മാത്രമല്ല അവിടവിടെ മുതലകളും ഭൂതങ്ങളും പാറക്കൂട്ടങ്ങളുമുണ്ട്. ഈ യാത്ര തുടർന്നാൽ ഒരുപക്ഷെ നീ നശിച്ചുപോകും.

ഈ കഥയിൽ വേഗമുള്ള ഒഴുക്കെന്ന് ഉദ്ദേശിച്ചത് തൃഷ്ണ നിറഞ്ഞ ജീവിതത്തെയാണ്; തോണിക്കാരന്റെ തുഴച്ചിലിനെ അവന്റെ വികാരങ്ങൾക്ക് അടിമപ്പെടുവാനുള്ള വാഞ്ഛയെയാണ്; ശക്തമായ ഒഴുക്കെന്ന് ഉദ്ദേശിച്ചത് വരാൻപോകുന്ന ദുഃഖങ്ങളും വേദനയുമാണ്; ചുഴിയെന്നുദ്ദേശിച്ചത് നൈമിഷികമായ അനുഭൂതിയെയും സുഖത്തിനെയുമാണ്; മുതലകളെന്നും ഭൂതങ്ങളെന്നും ഉദ്ദേശിച്ചത് നാശവും ദുഃഖവും മരണവും പതിയിരിക്കുന്ന സ്വയം മുഴുകിപോകുന്ന വൈകാരികജീവിതത്തിന്റെ അവസ്ഥയെയാണ്. തീരത്തിൽ നിന്നുവന്ന അദൃശ്യമായ ശബ്ദം ബുദ്ധവചനങ്ങൾ നല്കുന്ന താക്കീതാണ്.

മറ്റൊരു കഥ ശ്രദ്ധിക്കുക കുറ്റവാളിയായ ഒരു മനുഷ്യൻ ഭടന്മാരുടെ കണ്ണുവെട്ടിച്ച് ഒരു പൊട്ടക്കിണറിന്റെ നടുവിലേക്ക് തൂങ്ങികിടക്കുന്ന മരവള്ളിയിൽ പിടിച്ചുതൂങ്ങി ഒളിച്ചിരുന്നു. തൂങ്ങി കിടന്നുകൊണ്ട് താഴേക്കിറങ്ങിയ ആ മനുഷ്യൻ കണ്ടത് വിഷസർപ്പങ്ങൾ തന്നെയും നോക്കിയിരുക്കുന്നതാണ്. അയാൾ സുരക്ഷക്കായി വള്ളിയിൽ ആഞ്ഞുപിടിച്ചു അപ്പോൾ അയാളുടെ ഭയബഹുലമായ മനസ്സിലേക്ക് മറ്റൊരു കാര്യം

വെളിവായിവന്നു. താൻ പിടിച്ചിരിക്കുന്ന വള്ളി ഒരു കറുപ്പു നിറത്തിലും വെള്ളനിറത്തിലുമുള്ള രണ്ടെലികൾ കാർന്നു തിന്നുകൊണ്ടിരിക്കുന്നു.

ഏതു സമയവും താൻ താഴെ തനിക്കായി കാത്തിരിക്കുന്ന സർപ്പങ്ങൾക്കിരയായേക്കാം. അപ്പോൾ അയാൾ തന്റെ തലയ്ക്കുമുകളിൽ തൂങ്ങികിടക്കുന്ന തേനീച്ച കൂട്ടിൽ നിന്ന് തന്റെ മുഖഭാഗത്തേയ്ക്ക് തേൻ ഇറ്റിറ്റു വീഴുന്നതു കണ്ടു. അപായത്തെപ്പറ്റിയുള്ള ഭയം വിസ്മൃതിയിലേക്ക് മാറ്റികൊണ്ട് അയാൾ തേനിന്റെ രുചി ആസ്വദിക്കുവാൻ തുടങ്ങി.

ഈ ഉദാഹരണത്തിലെ ഹതഭാഗ്യനായ മനുഷ്യൻ ദുഃഖത്തിൽ ജീവിച്ച് ഏകനായി മരിക്കുവാൻ വിധിക്കപ്പെട്ട സാധാരണമനുഷ്യജീവിതത്തിനെ പ്രതിനിധാനം ചെയ്യുന്നു. അയാളെ തുരത്തുന്ന ഭടന്മാരും കിണറ്റിലെ സർപ്പവും അവന്റെ ശരീരത്തെയും അതിൽ കുടികൊള്ളുന്ന ലൗകികാഗ്രഹങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. അവൻ ആശ്രയമായി തൂങ്ങിപിടിച്ച വള്ളി ജീവിതത്തിന്റെ തുടർച്ചയെ സൂചിപ്പിക്കുന്നു. കറുപ്പും വെള്ളുപ്പും നിറത്തിലുള്ള എലികൾ രാത്രി പകലുകളായി തിരിക്കാവുന്ന സമയദൈർഘ്യത്തെയും വർഷങ്ങളുടെ പിൻതുടർച്ചയെയും സൂചിപ്പിക്കുന്നു. എന്നാൽ തേൻ സൂചിപ്പിക്കുന്നത് ദുഃഖങ്ങളെ മറന്ന് ലൗകികമായ സുഖാനുഭൂതികളിൽ മുഴുകുവാനുള്ള രീതിയെയും കാണിക്കുന്നു.

2. മറ്റൊരു ദൃഷ്ടാന്തം ശ്രദ്ധിക്കുക. ഒരു രാജാവ് ഒരിക്കൽ ഒരു പെട്ടി തന്റെ ഒരു ഭൃത്യനെ ഏൽപ്പിച്ചിട്ട് പറഞ്ഞു: ''ഈ പെട്ടിയിൽ നാലു പാമ്പുകളുണ്ട്, ഇവയെ നീ നിന്റെ നിയന്ത്രണത്തിൽ വെക്കണം ഇതിൽ ഒന്നിനു പോലും ഒരു ആപത്തും വരുത്തരുത്. മറിച്ച് ഏതെങ്കിലുമൊന്നിന് എന്തെങ്കിലും ആപത്തോ വിഷമമോ സംഭവിച്ചാൽ, നീ മരണ ശിക്ഷക്ക് അർഹനാകും.'' രാജാവിന്റെ ഈ പ്രസ്താവനകേട്ടു ഭയന്ന് ആ പെട്ടികൾ എറിഞ്ഞുടച്ചിട്ട് അവൻ അവിടെനിന്നും ഓടി രക്ഷപ്പെട്ടു.

രാജാവ് തന്റെ അഞ്ചു ഭടന്മാരെ ആ ഭൃത്യന്റെ അടുത്തേയ്ക്ക് അയച്ചു. ആദ്യം ആ ഭടന്മാർ അയാളെ കൂടെ കൂട്ടികൊണ്ടു പോകാം എന്ന ചിന്തയിൽ ഭൃത്യനോട് വളരെ സൗമ്യമായി സംസാരിച്ചു. എന്നാൽ അവരുടെ സൗമ്യതയിൽ അവിശ്വസിച്ച് അവിടെ നിന്നും രക്ഷപെട്ട് മറ്റൊരു ഗ്രാമത്തിൽ അഭയം പ്രാപിച്ചു.

എന്നാൽ അവിടെ അവൻ മറ്റൊരു സത്യം മനസ്സിലാക്കി. ആ ഗ്രമത്തിൽ ആറുകിങ്കരന്മാരുണ്ടെന്നും അവർ അവനെ ഏതുനേരം വേണമെങ്കിലും ആക്രമിക്കും. ഈ വിവരമറിഞ്ഞ അയാൾ ആ കിങ്കരന്മാരിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനായി അവിടെനിന്നും ഓടി ഒരു നദിക്കരയിൽ ചെന്നുചേർന്നു. അവനെ പിൻതുടർന്നുകൊണ്ടിരിക്കുന്ന ആപത്തുകളെ ശരിക്കും മനസ്സിലാക്കിയ ആ മനുഷ്യൻ ഒരു ചെറിയ വള്ളം സ്വയം നിർമ്മിച്ച് ആ ദുർഘടമായ നദി സ്വയം തുഴഞ്ഞു കടന്ന് രക്ഷ പ്രാപിച്ചു.

ഈ കഥയിലെ ''നാലു സർപ്പങ്ങൾ'' ശരീരത്തിന്റെ നിർമ്മാണ ഘടകങ്ങളായ വായു, ജലം, ഭൂമി, അഗ്നി എന്നി നാല് ഭൂതങ്ങളെ സൂചിപ്പിക്കുന്നു. രാജാവിന്റെ ആദേശം ആഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. അവ ശുദ്ധമായ മനസ്സിന്റെ ശത്രുവാണ്, അതിനാൽ അതിനെ ഭയന്ന് അവൻ അവിടെ നിന്നും രക്ഷപെടുന്നു.

സൗഹൃദ ഭാവത്തിൽ പിൻതുടർന്നു പോകുന്ന അഞ്ചുഭടന്മാർ പഞ്ചസ്കന്ധങ്ങളായ(അഞ്ച് സമുച്ചയങ്ങളെ) രൂപം, വികാരം, പ്രത്യക്ഷം, സംസ്കാരം, ബോധം എന്നിവയെ സൂചിപ്പിക്കുന്നു. ഈ അഞ്ചുകാര്യങ്ങളാണ് മനുഷ്യന്റെ ശരീരത്തിന്റെയും മനസ്സിന്റെയും പ്രവർത്തനങ്ങളെ രൂപപ്പെടുത്തുന്നത്.

സുരക്ഷിതമായ ഗ്രാമം എന്നുദ്ദേശിക്കുന്നത് ആറു ഇന്ദ്രിയങ്ങളെയാണ്. എന്നാൽ ആറ് കിങ്കരന്മാർ എന്നാൽ ആറ് ഇന്ദ്രിയ ചോദിതങ്ങളായ ദ്രവ്യങ്ങളെയാണ്. ആ ദ്രവ്യങ്ങളുമായുള്ള ബന്ധത്തിൽ നിന്നുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെ മനസ്സിലാക്കിയ ആ സ്വതന്ത്രദാഹിയായ മനുഷ്യൻ, ഓടി ജീവിതദുഃഖങ്ങളാകുന്ന ആ നദിക്കരയിൽ എത്തിനിന്നു.

അതിനുശേഷം അയാൾ ഒരു ചങ്ങാടം സ്വയം നിർമ്മിച്ച് അവിടെ നിന്ന് രക്ഷപ്രാപിച്ചു. ആ ചങ്ങാടം ബുദ്ധന്റെ വചനങ്ങളെയും പഠനങ്ങളെയും സൂചിപ്പിക്കുന്നു. ബുദ്ധധർമ്മത്തെ പിൻതുടരുന്നത് ഒരു മനുഷ്യന് അവനിൽ തന്നെ അന്തർലീനമായിരിക്കുന്ന പ്രതിസന്ധികളിൽ നിന്ന് രക്ഷനേടുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗമാണ്.

3. ഒരു മകന് അവന്റെ മാതാവിനെയും മാതാവിന് മകനെയും രക്ഷിക്കുവൻ ബുദ്ധിമുട്ടുള്ള മൂന്നവസരങ്ങൾ ജീവിതത്തിൽ ഉണ്ട് : അവ, തീപിടുത്ത സമയത്ത്, വെള്ളപൊക്കത്തിന്റെ സമയത്ത്, അല്ലെങ്കിൽ കൊള്ളയുടെ സമയത്ത്. ഇത്തരം പ്രതികൂല സമയങ്ങളിൽ പോലും ഒരു മനുഷ്യന് ഒരുപക്ഷെ അങ്ങോട്ടുമിങ്ങോട്ടും സഹായിക്കുവാൻ സാധിച്ചേക്കും.

എന്നാൽ മറ്റു മൂന്നു സമയങ്ങളിൽ എത്ര ശ്രമിച്ചാലും ഒരു മകന് അവന്റെ മാതാവിനെയോ, മാതാവിന് പുത്രനെയോ ഒരുതരത്തിലും സഹായിക്കുവാൻ സാധിക്കുകയില്ല. അവ, രോഗസമയത്തും, വാർദ്ധക്യം വരുന്നതിനെതിരെയും, മരണത്തെ തടുക്കുന്നതിലുമാണ്.

എങ്ങനെയാണ് ഒരു പുത്രൻ മാതാവിന്റെ വാർദ്ധക്യം ഏറ്റെടുത്ത് അവരെ വാർദ്ധക്യം വരുന്നതിൽ നിന്ന് രക്ഷിക്കുന്നത്? അതുപോലെ എങ്ങനെ ഒരു മാതാവിനെക്കൊണ്ട് തന്റെ പുത്രന്റെ രോഗം ഏറ്റുവാങ്ങി അവനെ അതിൽ നിന്ന് രക്ഷിക്കുവാൻ സാധിക്കുന്നത്? എങ്ങനെ അവർക്കു മരണം അടുത്തുവരുമ്പോൾ പരസ്പരം സഹായിച്ച് മരണത്തെ തടഞ്ഞു നിർത്താൻ സാധിക്കും? അവർ പരസ്പരം എത്രയധികം സ്നേഹിച്ചിരുന്നാലും, അവർ അങ്ങോട്ടു മിങ്ങോട്ടും എത്രവിശ്വാസം ഉറപ്പിച്ചിരുന്നാലും ഇത്തരം സന്ദർഭങ്ങളിൽ സാഹായിക്കുകയെന്നത് ദുഷ്കരമായ കാര്യങ്ങളാണ്.

4. ഒരിക്കൽ നരകത്തിന്റെ രാജാവായ യമൻ സ്വകർമ്മ സിദ്ധിയാലും അധർമ്മജീവിതത്തിന്റെ ഫലമായും നരകത്തിൽ വന്നുപെട്ട ഒരു ഹതഭാഗ്യനായ വ്യക്തിയോട് അവന്റെ ജീവിതത്തിലെപ്പോഴെങ്കിലും സ്വർഗ്ഗദൂതന്മാരെ കണ്ടിട്ടുണ്ടോയെന്നു ചോദിച്ചു. അതിനു മറുപടിയായി അയാൾ അങ്ങനെയൊരനുഭവം ജീവിതത്തിൽ ഉണ്ടായിട്ടില്ലെന്ന് മറുപടി പറഞ്ഞു.

തുടർന്ന് യമൻ അയാളോട് അയാളുടെ അറിവിൽ മറ്റാരെങ്കിലും വാർദ്ധക്യം ബാധിച്ച് അവശനായി വടിയും കുത്തിപിടിച്ച് നടക്കുന്നതു കണ്ടിട്ടുണ്ടോയെന്ന് മറ്റൊരു ചോദ്യവും ചോദിച്ചു. അയാൾ തന്റെ ഭൂലോക ജീവിതത്തിൽ അങ്ങനെ പലരെയും കണ്ടിട്ടുള്ളതായി മറുപടി പറഞ്ഞു. യമൻ

പറഞ്ഞു: ''നീ ഈ ദുഃഖം അനുഭവിക്കുന്നത് ഈ ജീവിതത്തിൽ ചെയ്യേണ്ടുന്ന മാറ്റങ്ങളെക്കുറിച്ചും വാർദ്ധക്യത്തെ നേരിടേണ്ടുന്ന വഴികളെക്കുറിച്ചും മറ്റും ആ ദൈവദൂതൻ കൊണ്ടുവന്ന സന്ദേശം ശ്രവിക്കാതെ തള്ളി കളഞ്ഞതു കൊണ്ടാണ്.''

വീണ്ടും യമൻ അയാളോട് വേറെയൊരു ക്ഷീണിതനും ദരിദ്രനും വിമുഖനുമായ മറ്റൊരു മനുഷ്യനെ കണ്ടു മുട്ടിയിട്ടുണ്ടോ എന്നൊരു ചോദ്യവും ചോദിച്ചു. അതിനുത്തരമായി അങ്ങനെ പലരേയും കണ്ടുമുട്ടിയിട്ടുണ്ടന്ന് ഉത്തരവും നല്കി. അപ്പോൾ അതിനുത്തരമായി യമൻ പറഞ്ഞു: '' ഇവിടെ വരുവാൻകാരണം അസുഖങ്ങളെ പ്പറ്റിബോധവനാകത്തതും ആ ദൈവദൂതനെ മനസ്സിലാക്കാതെ തിരസ്കരിച്ചതു കൊണ്ടാണ്. അവർ വന്നത് നിനക്ക് ആ വഴി പറഞ്ഞു തരുവാൻ വേണ്ടിയായിരുന്നു.''

അതിനുശേഷം യമൻ അവനോട് ഒരിക്കൽകൂടി ഒരു ചോദ്യം ചോദിച്ചു, അവൻ എപ്പോഴെങ്കിലും ശവശരീരം കണ്ടിട്ടുണ്ടോയെന്ന്. അതിനും അയാൾ താൻ ധാരാളം അങ്ങനെയുള്ള ശരീരങ്ങൾ കണ്ടിട്ടുണ്ടെന്ന് ഉത്തരം നല്കി. അപ്പോൾ യമൻ പറഞ്ഞു: ''നീ ഇവിടെ വരുവാൻ കാരണം ആ സ്വർഗ്ഗീയ ദൂതന്മാരെ മനസ്സിലാക്കാതെ പോയതും അവർ കൊണ്ടുവന്ന സന്ദേശം കേൾക്കാതെ പോയതും കൊണ്ടാണ്. അവർ നിന്നെ ദുഃഖത്തെപ്പറ്റി പഠിപ്പിക്കുവാൻ വേണ്ടി വന്നവരായിരുന്നു അവരെ ശ്രദ്ധയോടെ കേട്ടിരുന്നെങ്കിൽ നിനക്ക് ഈ വിധി വരുകയില്ലായിരുന്നു.''

5. ഒരിക്കൽ ധനികന്റെ ഭാര്യയും യുവതിയുമായ കിസഗൊതമിയെന്നൊരു സ്ത്രീ വളരെ വിവശയായി കരഞ്ഞുകൊണ്ട് തന്റെ മരിച്ചുപോയ കുഞ്ഞിന്റെ ശവവും എടുത്തുകൊണ്ട് വീടു വീടാന്തരം കയറിയിറങ്ങി. ആ മൃത ശിശുവിന് ജീവൻ തിരികെ കിട്ടണം അതിനു വേണ്ടി അവർ കാണുന്നവരോടൊക്കെ കേണപേക്ഷിച്ചു.

ആർക്കും അവളെ ഒരുവിധത്തിലും സഹായിക്കുവാൻ സാധിച്ചില്ല. എല്ലാവരും അവളോട് സഹതാപം കാണിച്ചുവെങ്കിലും ആർക്കും ഒന്നും ചെയ്യാൻ സാധിച്ചില്ല. എന്നാൽ ഒരു ബുദ്ധശിഷ്യൻ അവളെ സഹായിക്കാമെന്ന് ഉറപ്പു നല്കുകയും അവളെ ജീതാവനത്തിൽ ഉണ്ടായിരുന്ന ബുദ്ധഭഗവാന്റെ അടുത്ത് എത്തിക്കുകയും ചെയ്തു.

ഭഗവാൻ അവളെ വളരെ കാരുണ്യപൂർവം നോക്കുകയും അവളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള ദുഃഖം മനസ്സിലാക്കുകയും ചെയ്തു. അതിനുശേഷം അവളോട് കുട്ടിയെ രക്ഷിക്കുന്നതിനായി കുറച്ച് മുതിരവിത്തുകൾ വേണമെന്നും അത് മരണം ഇതുവരെ വന്നിട്ടില്ലാത്ത ഏതെങ്കിലും വീട്ടിൽ നിന്ന് വേണമെന്ന് പ്രത്യേകം പറയുകയും ചെയ്തു.

അവൾ അവിടെയുമിവിടെയും അങ്ങനെയൊരു വീട് കണ്ടുപിടിക്കുന്നതിനായി ശ്രമിച്ചുവെങ്കിലും അതെല്ലാം വിഫലമായി. അതിനുശേഷം അവൾ സ്വയം ഭഗവാന്റെ അടുത്തുവരുകയും അവളുടെ ആത്മാർത്ഥശ്രമം വിഫലമായതിനെപ്പറ്റി അറിയിക്കുകയും ചെയ്തു. ബുദ്ധഭഗവാന്റെ ശാന്തവും കരുണാഭരിതവുമായ മുഖഭാവത്തിൽ നിന്ന് അവൾക്ക് എല്ലാകാര്യങ്ങളും വളരെ വ്യക്തമായി മനസ്സിലാകുകയും ചെയ്തു. അതിനുശേഷം മറ്റൊന്നുമുരിയാടാതെ അവൾ ആ മൃതശിശുവിനെ എടുത്ത് ശവശരീരം അടക്കം ചെയ്യുകയും ചെയ്തു. പ്രായേണ അവൾ ബുദ്ധഭഗവാന്റെ ശിഷ്യയായി തീരുകയും ചെയ്തു.

## IV
## മനുഷ്യ ജീവിതത്തിന്റെ യാഥാർത്ഥ്യം

1. ഈ ലോകത്തിലുള്ള മനുഷ്യർ സ്വാർത്ഥരും കരുണയില്ലാത്തവരുമാകുവാനുള്ള രീതിയിലുള്ളവരാണ്; അവർക്ക് എങ്ങനെ സ്നേഹിക്കണമെന്നോ പരസ്പരം എങ്ങനെ ബഹുമാനിക്കണമെന്നോ അറിഞ്ഞുകൂടാ. അവർ വളരെ ചെറിയ കാര്യങ്ങളുടെ പേരിൽ കലഹിക്കുകയും സ്വന്തം വ്യക്തിത്വത്തെ നഷ്ടപ്പെടുത്തുകയും ദുഃഖം ഏറ്റു വാങ്ങുകയും ചെയ്യുന്നു, മാത്രമല്ല, അവർ അവരുടെ തന്നെ ദുരിതങ്ങൾക്കും ദുഃഖത്തിനും കാരണമാകുന്നു.

ധനവാന്മാരെന്നോ ദരിദ്രരെന്നോ ഉള്ള വ്യത്യാസമില്ലാതെ അവർ പണത്തിനെപ്പറ്റി ചിന്തിച്ച് വിഷമിക്കുന്നു; അവർ ദാരിദ്ര്യത്തിൽ നിന്നും സുഭിക്ഷിതയിൽ നിന്നും കഷ്ടപ്പെടുന്നു. എന്തെന്നാൽ അവരുടെ ജീവിതം ലോഭത്താൽ നിയന്ത്രിതവും ഒരിക്കലും തൃപ്തിവരാത്തതുമാണ്.

ധനവാൻ അവന്റെ സ്വത്തിനെപ്പറ്റി ബോധവാനായിരിക്കും; അവൻ അവന്റെ മന്ദിരങ്ങളെപ്പറ്റിയും മറ്റ് സ്വത്തുവകകളെപ്പറ്റിയും വളരെ ചിന്താഭരിതനായിരിക്കും. അവൻ അതിന്റെ മേൽ എന്തെങ്കിലും നാശം വന്നു വീഴുമോയെന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കും, തീപിടുത്തം , കള്ളന്മാരുടെ ആക്രമണം, ചൂഷിതർ കവർന്നെടുത്തുകൊണ്ടുപോക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അയാളുടെ മനസ്സ് ഓടിക്കൊണ്ടിരിക്കും. അതു മാത്രല്ല, മരണം, അതുമൂലം സ്വത്ത് നഷ്ടപ്പെട്ടുപോകുന്നത് തുടങ്ങിയ കാര്യങ്ങൾ ഈ വലിയ ബുദ്ധിമുട്ടിന്റെ ഭാഗമായി വന്നുകൊണ്ടിരിക്കും. യഥാർത്ഥത്തിൽ അവന്റെ മരണം അവൻ തന്നെ പോകുന്ന ഒരു യാത്രയാണ്. ആരും അവനെ സഹായിക്കുകയില്ല.

ഒരു ദരിദ്രനായ മനുഷ്യൻ എപ്പോഴും ഇല്ലായ്മയിൽ നിന്ന് കഷ്ടപ്പെട്ടുകൊണ്ടിരിക്കും. അത് അവനിൽ അവസാനമില്ലാത്ത ആഗ്രഹങ്ങളുടെ ഉറവിടത്തിന് കാരണമാകുന്നു. ആദ്യമായി നിലവും അതിൽ ഒരുവീടും. ഇത്തരം സുഖസൗകര്യങ്ങളെ തേടിയുള്ള യാത്രയിൽ അയാൾ മനസ്സും ശരീരവും അത്യധികം ക്ഷീണിതനായി തന്റെ മദ്ധ്യവയസ്സിൽ മരണമടയുന്നു.

ഈ ലോകം മുഴുവൻ അവനെതിരെ നിലകൊള്ളുന്നതായി തോന്നും. മരണം പോലും വളരെ നീളമുള്ളതും താൻ തന്നെ ഏകനായി നടത്തേണ്ട ഒരു സവാരിയായും അവന് തോന്നും. ദരിദ്രന്റെ വേദന പീഡനപൂരിതമാണ്.

2. ഈ ലോകത്തിൽ അഞ്ചു ക്രുരവും കഠിനവുമായ പാപങ്ങളുണ്ട്. ആദ്യമായി, കൊടുവൈരം: എല്ലാ ജീവജാലങ്ങളും, ചെറിയ പ്രാണികൾ പോലും ഒന്നിനെതിരായി മറ്റൊന്ന് എന്നരീതിയിൽ അധിക്രമിച്ചുകൊണ്ടിരിക്കും. ശക്തമായവ ദുർബലമായവയെ കീഴ്പ്പെടുത്താൻ ശ്രമിക്കും; ദുർബലമായവ ശക്തമായവയെ തന്ത്രങ്ങളിലൂടെ കീഴ്പ്പെടുത്തും. എല്ലായിടത്തും ഇ തുപോലുള്ള സംഘർഷങ്ങളും പീഡനങ്ങളും തുടർന്നു കൊണ്ടിരിക്കും.

രണ്ടാമതായി, ഇവിടെ ഒരോരുത്തരുടേയും അധികാരങ്ങളുടെ പരിധികളെക്കുറിച്ച് യാതൊരു മുൻ ധാരണയുമില്ല. പിതാവിന് പുത്രന്റെയും; മൂത്തസഹോദരന് ഇളയവന്റെയും; ഭർത്താവിന് ഭാര്യയുടെയും; ബന്ധുവിന് ചാർച്ചക്കാരന്റെയും ആവശ്യങ്ങളെക്കുറിച്ചും അധികാരത്തെക്കുറിച്ചും യാതൊരു അറിവുമില്ല. അവർ പരസ്പരം ചതിക്കുകയും മറ്റുള്ളവരുടെ മേൽ അധികാരം സ്ഥാപിക്കുവാനും നിയന്ത്രിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കും അവരുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോ സ്നേഹമോ വിശ്വാസമോ ഉണ്ടാവില്ല.

മൂന്നാമതായി, സ്ത്രീപുരുഷന്മാരുടെയിടയിൽ ശരിയായ അതിർവരമ്പുകൾ ഇല്ലാത്ത പെരുമാറ്റവും ജീവിതരീതികളും. എല്ലാസമയത്തും അഭിലഷണീയമല്ലാത്ത പ്രവർത്തനങ്ങളും അവയുണ്ടാക്കാവുന്ന ലൗകിക ചേഷ്ടകളും പിന്നീട് സംഭവിക്കാവുന്ന അക്രമപ്രവർത്തനങ്ങളും ഒരു കഥയിലെന്നപോലെ തുടരുന്നു.

നാലമതായി, മനുഷ്യരിൽ മറ്റുള്ളവരെ മനസ്സിലാക്കാതിരിക്കുവാനും അവരുടെ അവകാശങ്ങളെപ്പറ്റി അശ്രദ്ധ ഭാവിക്കുവാനും, മറ്റുള്ളവരുടെ പ്രവർത്തനങ്ങളുടെ ഫലം സ്വന്തം ഭാഗത്തേക്ക് കൊണ്ടുവരുവാനും അത് സ്വന്തം കഴിവായി പ്രഖ്യാപിക്കാനും ഒരു വലിയ ത്വര സാധാരണജനങ്ങളിൽ കാണാറുണ്ട്. അതുമാത്രമല്ല മറ്റുള്ളവരെപ്പറ്റി പരദൂഷണം പറയുവാനും, ചതിക്കുവാനും, അവഹേളിക്കുവാനും ഒരു വലിയ ത്വര മനുഷ്യരിൽ കാണാൻ സാധിക്കും.

അഞ്ചാമതായി, മനുഷ്യരിൽ കാണുന്ന ഒരു രീതിയാണ് അവർക്ക് മറ്റുള്ളവരോടുള്ള കടമയിൽ നിന്നും ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടുകയോ കണ്ടില്ലെന്നു നടിക്കുകയോ ചെയ്യുന്നത്. സാധാണയായി ഒരു മനുഷ്യന്റെ പ്രവർത്തനങ്ങൾക്കാധാരം അവന്റെ സുഖസൗകര്യങ്ങളും താൽപര്യങ്ങളുമാണ്. ഒരു സാമൂഹ്യജീവിയെന്ന നിലയിൽ തന്റെ കടമകൾ മറക്കുകയും സമുഹത്തിൽ നിന്ന് തനിക്കു കിട്ടേണ്ടതുമാത്രം പിടിച്ചു വാങ്ങുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പെരുമാറ്റം അവനെ ഒരു സ്വാർത്ഥനായി ചിത്രീകരിക്കപ്പെടുന്നതിനിടയാക്കും.

3. മനുഷ്യന് പരസ്പരം കാരുണ്യവും സ്നേഹവും ഉണ്ടായിരിക്കണം; അങ്ങോട്ടുമിങ്ങോട്ടും വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടുവേണം അവർ ജീവിതം നയിക്കുവാൻ; കഷ്ടപ്പാടിൽ സഹായിക്കുന്നതായിരിക്കണം അവരുടെ മനസ്സ്. എന്നാൽ യഥാർത്ഥത്തിൽ മനുഷ്യൻ സ്വാർത്ഥനും തന്നിഷ്ടക്കാരനുമാണ്. അവൻ തന്റെ പരാജയങ്ങളെ മറ്റുള്ളവരുടെ മേൽ കെട്ടിവയ്ക്കുവാനും വിജയത്തിൽ അമിതമായി അഹങ്കരിക്കുകയും ചെയ്യുന്നു. അവരിൽ ഇത്തരം സ്വഭാവം വളരെ വേഗത്തിൽ വളരുകയും ചിലയവസരങ്ങളിൽ സഹിക്കുവാൻ സാധിക്കാത്ത വിധത്തിൽ മോശമാകുകയും ചെയ്യും.

ഇത്തരം വികാരങ്ങൾ പെട്ടെന്ന് ബലപ്രയോഗത്തിലോ രക്തചൊരിച്ചിലിലോ അവസാനിക്കുന്നില്ല. അവ മറ്റുരീതികളിൽ മനുഷ്യമനസ്സിനെ മദിച്ചുകൊണ്ടിരിക്കും. അവ ശത്രുതാ മനോഭാവം, ദേഷ്യസ്വഭാവം തുടങ്ങിയവയായി മനസ്സിന്റെ അടിയിൽ കല്ലിലെഴുതിയ എഴുത്തു പോലെ ഉറഞ്ഞുകിടക്കും, അത് അവനെ കാലാകാലങ്ങളിൽ വളരെ സാരമായും പ്രതികൂലമായും സ്വാധീനിച്ചുകൊണ്ടിരിക്കും.

സത്യത്തിൽ ഈ ലൗകിക ജീവിതത്തിൽ ഒരു മനുഷ്യൻ തനിയെ ജനിച്ച് മരിക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. അവന്റെ പ്രവർത്തനങ്ങളുടെ ഫലം ആരും അവനൊടൊപ്പം അനുഭവിച്ചു തീർക്കുന്നില്ല.

കർമ്മവും അതിന്റെ ഫലവും സാർവലൗകികമാണ്. ഒരോ മനുഷ്യനും അവന്റെ പാപഭാരം ചുമലിലേറ്റി നടക്കുകയും അതിന്റെ ഫലം സ്വയം അനുഭവിച്ച് തീർക്കുകയും ചെയ്യുന്നു. അതേ തത്വം തന്നെയാണ് സകർമ്മങ്ങളുടെ കാര്യത്തിലും സംഭവിക്കുന്നത്. കാരുണ്യത്തിലും സ്നേഹത്തിലുമധിഷ്ഠിതമായ ജീവിതം നല്ല ഫലങ്ങളായ സുഖവും സമാധാനവും സന്തോഷവും മനുഷ്യന് നൽകുന്നു.

4. വർഷങ്ങൾ കടന്നുപോകുംതോറും മനുഷ്യന് അവന്റെ അവസ്ഥയെപ്പറ്റി ശരിയായ ബോധം ലഭിക്കുന്നു. അവൻ എത്രമാത്രം അസൂയയോടും, ദുഃഖത്തോടും അടുത്തിരിക്കുന്നുവെന്നും മസ്സിലാക്കുമ്പോൾ അവൻ കൂടുതൽ അശക്തനാകുന്നു. അശക്തനായ മനുഷ്യൻ മറ്റുള്ളവരുമായി കലഹിക്കുകയും പാപകർമ്മങ്ങളിൽ കൂടുതൽ മുഴുകുകയും ശരിയായ പാതയിൽ നിന്ന് വ്യതിചലിച്ച് ദുഷ്കർമ്മങ്ങളുടെ ബലിയാടാകുന്ന അവൻ അവസാനമായി ആ കുഴിയിൽ നിന്ന് രക്ഷപെടാനാവതെ അവിടെ തന്നെ കിടന്നു നശിക്കുന്നു.

ഇങ്ങനെ നാശത്തിന്റെ പാതയിൽ ജീവിക്കുവാൻ വിധിക്കപ്പെട്ട മനുഷ്യൻ സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും അലിഖിതമായ നിയമങ്ങൾക്കു വിരുദ്ധമായി ജീവിക്കുന്നതിനാൽ അവൻ ഈ ലോകത്തിലും പരലോകത്തിലും കഷ്ടപ്പെടുവാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ഈ ലോകത്തിലുള്ളതെല്ലാം മാറ്റങ്ങൾക്കു വിധേയമായവയും കൃത്യതയില്ലാത്തവയുമാകുന്നു. അതുകൊണ്ട് ഈ ലോകത്തിൽ നിന്നും യഥാർത്ഥമായ സുഖവും സന്തോഷവും ആഗ്രഹിക്കുന്നുവെങ്കിൽ അവനെപ്പറ്റി സഹതപിക്കുവാനെ നിവൃത്തിയുള്ളു.

5. ദുഖങ്ങളും പരിതാപങ്ങളും നിറഞ്ഞ ഈ ജീവിതത്തിൽ ഒരു മനുഷ്യൻ സുഖം തേടി നടക്കുന്നതിൽ അതിശയമില്ല. എന്നാൽ അതുകൊണ്ടു തന്നെ ദുഖവും അസന്തോഷവും അവനെ പിൻതുടർന്നുകൊണ്ടിരിക്കും.

സ്വാർത്ഥമായ കാര്യങ്ങളെ കേന്ദ്രീകരിച്ച് ഒരു മനുഷ്യൻ പ്രവർത്തിക്കുകയും തനിക്കു ചുറ്റുപാടുമുള്ള കാര്യങ്ങളെ അവഗണിക്കുകയും ചെയ്യുന്നതിനാലാണ് അവസാനമില്ലാത്ത ദുഃഖവും സന്താപവും അവനെ പിൻതുടരുകയും അവന്റെ മനസ്സിൽ വൈരാഗ്യവും ദ്വേഷവും അവസാനമില്ലാതെ തുടരുകയും ചെയ്യും.

ആർഭാടത്തിന്റെയും സുഖത്തിന്റെയും സമയം വളരെ വേഗത്തിൽ കടന്നുപോകും; ഈ ലോകത്തിൽ ഒന്നും അവസാനമില്ലാതെ അനുഭവിക്കുവാൻ സാധിക്കുകയില്ല.

6. അതുകൊണ്ട് മനുഷ്യർ ചെറുപ്പവും ആരോഗ്യവുമുള്ളപ്പോൾ അഹങ്കാരത്തിൽ നിന്നും ലോഭത്തിൽ നിന്നും ലൗകിക സുഖങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ പഠിക്കണം. അതുമാത്രമല്ല, വളരെ കാര്യമായി യഥാർത്ഥജ്ഞാനം ആർജ്ജിക്കുവാൻ പഠിക്കണം. എന്തെന്നാൽ സുഖവും സന്തോഷവും നിലനിർത്തുന്നതിൽ ഈ ലോകത്തിൽ ജ്ഞാനത്തെക്കാൾ വലിയ ആശ്രയമായി ഒന്നും തന്നെയില്ല.

സാധാരണയായി മനുഷ്യർ കർമ്മബന്ധിതമായ ജീവിത പശ്ചാത്തലത്തെ ശരിക്കും മനസ്സിലാക്കുന്നില്ല. അവർ അവരുടെ തനതുശീലമായ ലോഭത്തിലും അഹങ്കാരത്തിലുമധിഷ്ഠിതമായ ജീവിത സന്ധാരണം തുടർന്നുകൊണ്ടിരിക്കും. നല്ല പ്രവർത്തികൾ സന്തോഷവും പാപപ്രവർത്തികൾ ദുഃഖവും നൽകുമെന്നറിഞ്ഞിരുന്നാൽ തന്നെയും അവർ ആന്തരിക ചോദനകൾക്ക് വിധേയമായി പ്രവർത്തിക്കുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങളിലുള്ള വൈകല്യം അവനെ ഈ ജീവിതത്തിൽ മാത്രമല്ല വരും ജീവിതത്തിലും അവനെ ചുറ്റിപ്പറ്റി ജീവിക്കുന്ന മനുഷ്യരുടെയിടയിലും വളരെ മോശമായ സ്വാധീനം ചെലുത്തും.

അവർ അവരുടെ ദുഃഖങ്ങളുടെ കാര്യത്തിൽ വളരെ വ്യാകുലരും അതിനെപ്പറ്റി ചിന്താധീനരുമാണ്. ആർക്കറിഞ്ഞുകൂടാ അവരുടെ വർത്തമാനകാല പ്രവർത്തനങ്ങൾക്ക് അവരുടെ ജീവിതത്തിൽ സാരമായ സ്വാധീനം ചെലുത്തുവാൻ സാധിക്കുമെന്ന്. അവരുടെ വർത്തമാനകാലജീവിതം ഒരു കണക്കിന് അവരുടെ ഭൂതകാല ജീവിതത്തിന്റെ പ്രതിഫലനമാണ്. എന്നാൽ അവർ അവരുടെ വർത്തമാനകാല ജീവിതത്തെപ്പറ്റിയും അതിലെ ആഗ്രഹങ്ങളെ പ്പറ്റിയും മാത്രമെ ചിന്തിക്കാറുള്ളു.

ഈ ജീവതത്തിൽ ഒന്നുംതന്നെ നിത്യമായി നിൽക്കുന്നില്ല; എല്ലാം മാറിക്കൊണ്ടിരിക്കുന്നു മാത്രമല്ല പ്രവചനവിധേയവുമല്ല. എന്നാൽ മനുഷ്യർ അജ്ഞരും സ്വാർത്ഥരുമാണ്, മാത്രമല്ല അവർ മാറിക്കൊണ്ടിരിക്കുന്ന നിമിഷങ്ങളെ ആസ്പദമാക്കിമാത്രമെ ചിന്തിക്കുകയുള്ളു. അവർക്ക് ഒരിക്കലും ഉത്തമമായ വചനങ്ങളുടെ അർത്ഥം മനസ്സിലാകുകയില്ല. അവർ സാധാരണയായി മാറിക്കൊണ്ടിരിക്കുന്ന നിമിഷങ്ങളെപ്പറ്റി മാത്രമെ ചിന്തിക്കുകയുള്ളു, അവ കൂടുതൽ ധനം ശേഖരിക്കുന്നതിനെപ്പറ്റിയുള്ള ആഗ്രഹങ്ങളെ ആസ്പദമാക്കിയുള്ളതുമാകുന്നു.

7. കാലാന്തരങ്ങളായി അസംഖ്യം ജനങ്ങൾ ദുരിതം നിറഞ്ഞതും ദുഃഖഭരിതവുമായ ഈ ലോകത്തിൽ ജനിച്ചിട്ടുണ്ട്. അങ്ങനെയുള്ള മനുഷ്യർ ഇപ്പോഴും ജനിച്ചുമരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ലോകത്തിന്റെ ഒരു ഭാഗ്യമാണ് ശ്രീബുദ്ധന്റെ വചനങ്ങൾ, എന്തെന്നാൽ അവക്ക് മനുഷ്യനെ അവന്റെ ദുഃഖപൂരിതമയ ജീവിതത്തിൽ നിന്ന് രക്ഷിക്കുവാൻ സാധിക്കും. ആ വചനങ്ങളുടെ അന്തസത്തയും അതാണ്.

അതിനാൽ മനുഷ്യർ ആഴത്തിൽ ചിന്തിക്കണം. മനസ്സും ശരീരവും ശുദ്ധമാക്കി ക്രൂരത, ലോഭം, പാപചിന്തകൾ എന്നിവകളിൽ നിന്ന് മാറി നിന്ന് നന്മയെപ്പറ്റി മാത്രം ചിന്തിക്കണം.

നമുക്ക് ഒരു നന്മ പോലെ കിട്ടിയതാണ് ബുദ്ധവചനങ്ങൾ, നാം അവയെ സംരക്ഷിക്കണം. നാം അതിൽ വിശ്വസിച്ച് ബുദ്ധന്റെ സ്വർഗ്ഗരാജ്യത്തിൽ പുനർജ്ജനിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യണം. ബുദ്ധവചനങ്ങളുടെ സത്ത മനസ്സിലാക്കിയ നാം മറ്റുള്ളവരെ പാപത്തിന്റെ വഴിയിൽ നടക്കുവാൻ പ്രേരിപ്പിക്കരുത്. മാത്രമല്ല, നമ്മൾ ബുദ്ധവചനങ്ങൾ നമുക്കായി മാത്രം മാറ്റി വയ്ക്കരുത്, നാം ആ വഴിയിൽ നടന്ന് മറ്റുള്ളവർക്ക് ഒരു മാതൃകയായി ജീവിക്കണം, അതുപോലെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്യണം.

## അദ്ധ്യായം അഞ്ച്

# ഭഗവാൻ ബുദ്ധൻ അനുഗ്രഹിച്ചു നല്കിയ ആശ്വാസമാർഗ്ഗങ്ങൾ

## I

## അമിതാഭ ബുദ്ധന്റെ ശപഥങ്ങൾ

1. ഇവിടെ വിവരിച്ചതുപോലെ മനുഷ്യർ സാധരണയായി ഭൗതികമായ ലൗകിക വികാരങ്ങൾക്ക് അടിമപ്പെടുന്നു. തെറ്റുകൾ മാറിമാറി ചെയ്യുന്നു, തുടർന്ന്, അതുമൂലമുണ്ടാകുന്ന ദുഃഖഭാരത്താൽ സ്വന്തം പ്രജ്ഞയെയോ വിവേചനബുദ്ധിയെയോ ആശ്രയിക്കുവാൻ സാധിക്കാതെ അഹങ്കാരത്തിന്റെയും തിന്മയുടെയും വഴിയിലേക്ക് വഴുതി വീഴുന്നു. മനുഷ്യർക്ക് അവരുടെ ലൗകികാസക്തിയിൽ നിന്ന് മോചനം നേടുവാൻ സാധിച്ചില്ലെങ്കിൽ അവർക്ക് എങ്ങനെ അവരുടെ യഥാർത്ഥ അവസ്ഥയായ ബുദ്ധസ്വഭാവം വീണ്ടെടുക്കുവാൻ സാധിക്കും

ഈ വസ്തുതകൾ യഥാർത്ഥമായി മനസ്സിലാക്കിയ ബുദ്ധൻ തന്റെ സ്വതസിദ്ധമായ കാരുണ്യത്താൽ മനുഷ്യരക്ഷയ്ക്കായി തന്നാൽ ആവുന്നതെല്ലാം ചെയ്യുവാൻ തയ്യാറാകുകയും സ്വയം വളരെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കുകയും, അതിൽ നിന്ന് ഉരുവാക്കി ഉൾക്കൊണ്ടമാർഗ്ഗങ്ങൾ മനുഷ്യരുടെ നന്മക്കായി ഉപദേശിച്ചുകൊടുക്കുകയും ചെയ്തു. ആ മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിനായി സ്വയം ഒരു ബോധിസത്തമനായി അവതരിക്കുകയും പത്ത് ശപഥങ്ങൾ മാർഗ്ഗദർശിയായി സ്വീകരിക്കുകയും ചെയ്തു.

(1) '' ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും ഞാൻ ഒരിക്കലും ഈ ഭൂമിയിലുള്ള എല്ലാവരും ബുദ്ധസ്വഭാവം ആർജ്ജിച്ച് നിർവ്വാണം സിദ്ധിക്കുന്നതുവരെ നിർവ്വാണം സ്വീകരിക്കുകയില്ല.''

(2) '' ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, ഞാൻ, ഈ ലോകം സർവ്വപ്രകാശിതപൂരിതമാകുന്നതുവരെ തികവുറ്റവനായി തീരുന്നില്ല.''

(3) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, ഞാൻ എന്റെ പരിശ്രമങ്ങൾകൊണ്ട് കാലത്തെ കീഴ്പ്പെടുത്തുകയും ദുഃഖം അനുഭവിക്കുന്ന അസംഖ്യം ജനങ്ങളെ രക്ഷിക്കുകയും ചെയ്യുന്നതുവരെ തികവുറ്റവനായി തീരുന്നില്ല.''

(4) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, പത്തുദിക്കിൽ നിന്നുമുള്ള ബുദ്ധന്മാർചേർന്ന് എന്റെ മേന്മ വർണ്ണിക്കുന്നതുവരെ ഞാൻ തികഞ്ഞവനായി തീരുന്നില്ല.''

(5) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, മനുഷ്യർ അവരുടെ ആത്മാർത്ഥ സ്നേഹത്താലും പരിശ്രമത്താലും എന്റെ രാജ്യത്തിൽ പുനർജ്ജനിക്കുകയും എന്റെ നാമം ഉരുവിട്ട് അതിൽ നിന്നു ലഭിക്കുന്ന ശക്തിയാൽ ഈ പുനർജന്മത്തിൽ വിജയിക്കുകയും ചെയ്യുന്നതുവരെ ഞാൻ തികവിനെ പ്രാപിക്കുകയില്ല.''

(6) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും എല്ലായിടങ്ങളിലുമുള്ള മനുഷ്യർ ജ്ഞാനം പ്രാപിക്കുകയും നന്മകളെ ഒരു ജീവിതചര്യയായി സ്വീകരിക്കുയും, എന്റെ രാജ്യത്തിൽ പുനർജ്ജനിക്കുവാൻ ആഗ്രഹിക്കുകയും, അതിനെതുടർന്ന് അവരുടെ മരണസമയത്ത് അവരുടെ അടുത്ത് വലിയൊരു കൂട്ടം ബോധിസത്തമന്മാരുടെ കൂടെ അവിടെയെത്തി അവരെ കൂട്ടികൊണ്ടുവരുന്നതുവരെ, ഞാൻ തികവുറ്റവനായി നിർവ്വാണം പ്രാപിക്കുകയില്ല.''

(7) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, എല്ലാ ദിക്കുകളിലും മനുഷ്യർ എന്റെ നാമം കേട്ടാലുടൻ എന്റെ രാജ്യത്തിൽ പുനർജ്ജനിക്കുവാൻ ആഗ്രഹിക്കുകയും അതു സാധിക്കുന്നതിനായി ആത്മാർത്ഥമായി ശ്രമിക്കുകയും, തുടർന്ന് അതിനായി നന്മയുടെയും ഗുണങ്ങളുടെയും വിത്തുകൾ അവരുടെ മനസ്സിൽ വിതയ്ക്കുകയും ചെയ്യുന്നതുവരെ ഞാൻ നിർവ്വാണമാഗ്രഹിക്കുകയില്ല.''

(8) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും പരിശുദ്ധമായ എന്റെ രാജ്യത്ത് ജന്മമെടുത്ത മനുഷ്യർ അവരുടെ അടുത്തജന്മത്തിൽ ബുദ്ധനായി ജനിക്കുവാൻ പ്രാപ്തരാകുകയും അതുപോലെതന്നെ നിർവ്വാണം പ്രാപിക്കുവാനാഗ്രഹിക്കാത്തവർക്ക് ലോകനന്മക്കായി താൽപര്യത്തോടും ആത്മാർത്ഥതയോടും പ്രവർത്തിക്കുവാൻ പ്രാപ്തനാകുന്നതുവരെ ഞാൻ തികഞ്ഞവനായിത്തീരുകയില്ല.''

(9) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും ലോകത്തിലുള്ള മനുഷ്യരെല്ലാം എന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും യഥാർത്ഥ അർത്ഥം മനസ്സിലാക്കുകയും അത് അവരുടെ മനസ്സിനെ നിറയ്ക്കുകയും അത് അവരെ ലോകത്തിലെ സർവ്വ വസ്തുക്കളുടെയും മൂല്യത്തെക്കാൾ ശ്രേഷ്ഠരാക്കുകയും ചെയ്യുന്നതുവരെ ഞാൻ നിർവ്വാണം ആഗ്രഹിക്കുകയില്ല.''

(10) ''ഞാൻ ബുദ്ധസ്വഭാവം സ്വായത്തമാക്കി ബുദ്ധനായി തീർന്നവനായിരുന്നാലും, ലോകത്തിലെല്ലായിടത്തും മനുഷ്യർ എന്റെ നാമം കേൾക്കുമ്പോൾ ജീവിതത്തെപ്പറ്റിയും മരണത്തെപ്പറ്റിയും ശരിയായ വസ്തുതകൾ മനസ്സിലാക്കുകയും തുടർന്ന് സ്ഥിരപ്രജ്ഞ പ്രാപിക്കുകയും മനസ്സ് ശുദ്ധവും ശാന്തവുമാകുകയും അതുമൂലം കഷ്ടതകളും ദുഃഖങ്ങളും നിറഞ്ഞ ജീവിതത്തെ വിജയകരമായി തരണം ചെയ്യുവാൻ സാധിക്കുന്നതുവരെ ഞാൻ നിർവ്വാണം പ്രാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയില്ല.''

''ഞാൻ ഇത്താരം കഠിനമായ ശപഥങ്ങൾ എടുക്കുന്നതുമൂലം അവ പൂർത്തീകരിക്കപ്പെടുന്നതുവരെ ഞാൻ ബുദ്ധാവസ്ഥ പ്രാപിക്കാത്തവനായി തീരട്ടെ, ഞാൻ എല്ലാത്തിനെയും പ്രകാശിപ്പിക്കുകയും അതുമൂലം അജ്ഞതയാകുന്ന ഇരുട്ടിനെ നീക്കി എന്റെ പ്രജ്ഞയെയും ഗുണങ്ങളെയും ഉദ്ദീപ്പിക്കുന്ന ഒരു പ്രകാശ ശ്രോതസ്സായിത്തിരട്ടെ, മാത്രമല്ല അതിന്റെ പ്രഭാവംമൂലും എല്ലാനാടുകളിലും ദുഃഖമനുഭവിക്കുന്ന മനുഷ്യരെ സഹായിക്കുവാൻ പ്രാപ്തനുമായിതീരട്ടെ.''

2. അങ്ങനെ ആഗ്രഹിച്ച ബുദ്ധൻ വളരെക്കാലത്തെ ശ്രമഫലമായി ആർജ്ജിച്ച ഗുണങ്ങളുടെ പൂർത്തീകരണം എന്നവണ്ണം 'അമിതാഭ' അല്ലെങ്കിൽ അനന്തമായ പ്രകാശവും ജീവനുമായിത്തിരുകയും, തന്റെ നിർമ്മലവും അനശ്വരവുമായ രാജ്യത്തിൽ അമരത്വം പ്രാപിച്ച് എല്ലാജനങ്ങളെയും അറിവിന്റെയും പ്രകാശത്തിന്റെയും പാതയിൽ നയിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

ആ പരിശുദ്ധരാജ്യം ദുഃഖങ്ങളില്ലാത്തതും ശാന്തവും സമാധാനവും എപ്പോഴും നിലനിൽക്കുന്നതുമാകുന്നു. ആഹാരങ്ങളും വസ്ത്രങ്ങളും മറ്റു സുന്ദരങ്ങളായവസ്തുക്കളും അവിടെ ആഗ്രഹാനുസരണം അന്തേവാസികൾക്ക് ലഭിക്കുന്നു. മന്ദമായ ഒരു കാറ്റ് ആ പുഷ്പാലംകൃതമായ ശാഖകളിലൂടെ വീശുമ്പോൾ സുന്ദരമായ ഒരു ഗാനം പ്രവഹിക്കുകയും അതിന്റെ മാസ്മര ശക്തിയിൽ അതിനെ ശ്രവിക്കുന്ന എല്ലാമനസ്സുകളും നിത്യമായി ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

ഈ പരിശുദ്ധ രാജ്യത്ത് വളരെ മനോഹാരികളായ താമരപുഷ്പങ്ങൾ നയനാനന്ദം നൽകുന്ന രീതിയിൽ സുന്ദര രൂപിണികളായ ഇതളുകൾ വിടർത്തി വിരിഞ്ഞുനിൽക്കുന്നുണ്ട്. ആ താമര പുഷ്പങ്ങളുടെ സൗന്ദര്യം പ്രജ്ഞയെ ഉദ്ദീപിപ്പിക്കുവാൻ ആഗ്രഹിക്കുന്ന മനസ്സുകളെ പ്രശോഭിപ്പിക്കുന്നു, അതിനോടൊപ്പം പരിശുദ്ധ വചനങ്ങളാകുന്ന മന്ത്രധ്വനികൾ ശ്രവിക്കുന്നവർക്ക് നിത്യമായ ശാന്തിയും സമാധാനവും ലഭിക്കുന്നു.

3. എപ്പോഴും ആ സ്വർഗ്ഗരാജ്യത്തിൽ പത്തു ദിക്കുകളിൽ നിന്നും അനേകം ബുദ്ധന്മാരും ബോധിസത്തമന്മാരും കർണ്ണാനന്ദങ്ങളായ സ്വരങ്ങളിൽ അമിതാഭ ബുദ്ധന്റെ നാമവും ഗുണങ്ങളും പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ ബുദ്ധന്റെ നാമം ശ്രവിക്കുന്ന മനുഷ്യരുടെ മനസ്സ് ആനന്ദമയമായിത്തീരുകയും, അവന്റെ മനസ്സ് ബുദ്ധമനസ്സിന് തുല്യമായി ഭവിക്കുകയും ചെയ്യുന്നു, മാത്രമല്ല അവൻ പരിശുദ്ധമായ ആ സ്വർഗ്ഗരാജ്യത്തിൽ പുനർജ്ജനിക്കുകയും ചെയ്യുന്നു.

**ഭഗവാൻ ബുദ്ധൻ അനുഗ്രഹിച്ചു നല്കിയ ആശ്വാസമാർഗ്ഗങ്ങൾ**

ആ പരിശുദ്ധ സ്വർഗ്ഗരാജ്യത്തിൽ ജനിക്കുന്ന ഒരോ വ്യക്തിയും ബുദ്ധനിൽ നിത്യജീവൻ പ്രാപിക്കുന്നു. അവരുടെ മനസ്സ് വളരെ വേഗം സ്നേഹവും കരുണയുമാർജ്ജിക്കുന്നതിനോടൊപ്പം ദുഃഖമനുഭവിക്കുന്നവരുടെ രക്ഷയ്ക്കായി ബുദ്ധമാർഗ്ഗത്തിൽ സഞ്ചരിക്കുകയും ബുദ്ധൻ പഠിപ്പിച്ച മാർഗ്ഗങ്ങൾ പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു.

ശപഥങ്ങളുടെയും തീരുമാനങ്ങളുടെയും സ്വാധീനത്താൽ അവർ എല്ലാ ലൗകിക ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചിതരാകുകയും അതോടൊപ്പം അവരാർജ്ജിച്ച ഗുണങ്ങളും അറിവും ദുഃഖമനുഭവിക്കുന്നവരുടെ മോചനത്തിനായും രക്ഷയ്ക്കായും ഉപയോഗിക്കുന്നു; അവർ മറ്റുള്ളവരുടെ ജീവിതവുമായി തങ്ങളുടെ ജീവിതത്തെ താദാത്മ്യപ്പെടുത്തി മറ്റുള്ളവരുടെ ദുഃഖത്തിലും മോഹങ്ങളിലും മോഹഭംഗങ്ങളിലും പങ്കുചേരുകയും ചെയ്യുന്നു. എന്നാൽ അവർ സാധരണ മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി അത്തരം അവസ്ഥകളെ പക്വതയോടും വിവേചനബുദ്ധിയോടും കൂടി നിരീക്ഷിക്കുകയും ലോകദുഖങ്ങളുടെ കാരണം അമിതാഗ്രഹമാണെന്നുള്ള സത്യം മനസ്സിലാക്കി സമചിത്തതയോടെ പ്രവർത്തിക്കുകയും ചെയ്യുന്നു.

അവർ ലോകജീവിതത്തിന്റെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ശരിക്കും മനസ്സിലാക്കുന്നതിനോടൊപ്പം ബുദ്ധ കാരുണ്യത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി തങ്ങളുടെ ജീവിതം കെട്ടിപ്പടുക്കുന്നു. അവർ ഇഷ്ടാനുസരണം എന്തും ചെയ്യാൻ പ്രാപ്തരാണെങ്കിലും ബുദ്ധന്റെ കാരുണ്യത്തിനും സ്നേഹത്തിനും പാത്രമാകാൻ ആഗ്രഹിക്കുന്നവരോടൊപ്പം നിലകൊള്ളുന്നു.

അതുകൊണ്ട് അമിതാഭബുദ്ധന്റെ നാമം ആര് ശ്രവിക്കുന്നുവൊ, അവരെ ആ നാമം പൂർണ്ണ വിശ്വാസത്തൊടുകൂടി ഉരുവിടുവാൻ പ്രേരിപ്പിക്കുന്നു, എന്തെന്നാൽ അവർ അമിദാഭ ബുദ്ധന്റെ കാരുണ്യം പങ്കുവെക്കുവാൻ പ്രാപ്തരാണ്. അതുകൊണ്ട് എല്ലാ മനുഷ്യരും ബുദ്ധന്റെ ഉപദേശങ്ങൾ ശ്രവിക്കുക്കുയും അതനുസരിച്ച് ജീവിക്കുകയും ചെയ്യണം അതിനുവേണ്ടി ഒരു പക്ഷെ അവർ ജീവിതത്തിന്റെ പല കഠിനമായ അവസ്ഥകളെ തരണം ചെയ്യേണ്ടതായി വന്നേക്കാം, ഒരു പക്ഷെ ജീവനും മരണത്തിനുമിടയിലൂടെ കടന്നു പോകേണ്ടതായുംവരും.

ആര് സത്യസന്ധമായി ജ്ഞാനമാർഗ്ഗത്തിലൂടെ നിർവ്വാണം സിദ്ധിക്കുവാൻ ആഗ്രഹിക്കുന്നുവോ, അവർ അമിതാഭ ബുദ്ധന്റെ ശക്തിയെ ആശ്രയിക്കണം. ഒരിക്കലും ഒരു മനുഷ്യന് ഈ ബുദ്ധന്റെ സാഹായമില്ലാതെ സ്വതസിദ്ധമായ ബുദ്ധസ്വഭാവം ആർജ്ജിക്കുവാൻ സാധിക്കുകയില്ല.

4. അമിതാഭ ബുദ്ധൻ ആരിൽ നിന്നും ദൂരെയല്ല. അദ്ദേഹത്തിന്റെ പരിശുദ്ധമായ രാജ്യം പടിഞ്ഞാറു ഭാഗത്തേയ്ക്ക് മാറി വളരെ ദൂരെയാണെന്നു പറയപ്പെടുന്നെങ്കിലും, അത് ആര് അദ്ദേഹത്തോട് അടുത്ത് നിൽക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവോ അയാളുടെ മനസ്സിനുള്ളിൽ കുടികൊള്ളുന്നു.

മനുഷ്യർ എപ്പോൾ അവരുടെ മനസ്സിൽ അമിതാഭ ബുദ്ധന്റെ രൂപം സ്വർണ്ണാഭമായ ശോഭയോടുകൂടി തിളക്കുന്നുവോ, ആ രൂപം എൺപത്തിനാലു വിധത്തിലും ഭാവത്തിലും വരുകയും, ഓരോ രൂപവും എൺപത്തിനാലായിരം കിരണങ്ങളുള്ള പ്രകാശമായി ലോകത്തെ മോചനത്തിന്റെ മാർഗ്ഗത്തിലേയ്ക്കു നയിക്കുന്നു. ആ പ്രകാശം ബുദ്ധന്റെ നാമം നമിക്കുന്ന ആരെയും സഹായിക്കുന്നു. അതുകൊണ്ട് അമിതാഭ ബുദ്ധൻ സഹായം അർഹിക്കുന്നവർക്ക് സഹായത്തിന്റെ ലാഭം ഉണ്ടാക്കുവാൻ സഹായിക്കുന്നു.

ഒരുവൻ ബുദ്ധന്റെ രൂപം കാണുന്നതിലൂടെ അവനിൽ അന്തർലീനമായിരിക്കുന്ന ബുദ്ധമനസ്സിനെ ഉണർത്തുവാൻ സാധിക്കുന്നു. തുടർന്ന്, ബുദ്ധമനസ്സിന്റെ കാരുണ്യം ഭൂമിയിലുള്ള എല്ലാവസ്തുക്കളിലും കാണുവാനും സാധിക്കും. ആ കാരുണ്യത്തെക്കുറിച്ച് അറിവില്ലാത്തവർക്കും അതിനെക്കുറിച്ച് അജ്ഞതഭാവിക്കുന്നവർക്കുപോലും അതിന്റെ മഹത്തരമായ സാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ സാധിക്കുന്നു. അതിൽ വിശ്വാസമർപ്പിച്ച് ബുദ്ധമാർഗ്ഗം പിൻതുടരുന്നവരെ അത് ഒരിക്കലും കൈവെടിയുകയില്ല.

ആർക്ക് ബുദ്ധനിൽ വിശ്വാസമുണ്ടോ അവനെ ആ മഹത്തായ കാരുണ്യം അതിനോട് ഒന്നായി ചേരുവാൻ അനുവദിക്കുന്നു, എന്തെന്നാൽ ബുദ്ധശരീരമെന്നത് ലോകത്തിലുള്ള എല്ലാറ്റിന്റെയും സമീകരണമാണ്. ആര് ആ പരിശുദ്ധനാമം സ്മരിക്കുന്നുവൊ അവന്റെ മനസ്സിൽ ബുദ്ധൻ നിർവിഘ്നം പ്രവേശിക്കുന്നു.

അതിന്റെ അർത്ഥം എപ്പോൾ ഒരുമനുഷ്യൻ ബുദ്ധനെപ്പറ്റി ചിന്തിക്കുന്നുവോ അപ്പോൾ അവനിൽ ബുദ്ധമനസ്സും ഭാവവും, ശുദ്ധവും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു തികവിനെ തിരിച്ചറിയുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവന്റെ മനസ്സ് ബുദ്ധമനസ്സായി മാറുന്നു.

അതുകൊണ്ട് ഒരോ മനുഷ്യനും അവന്റെ പരിശുദ്ധവും ആത്മാർത്ഥവുമായ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട്, അവന്റെ മനസ്സിനെ ബുദ്ധമനസ്സായി മാറ്റണം.

5. ബുദ്ധൻ വളരെയധികം രൂപഭാവങ്ങളിലും ജന്മങ്ങളിലും പ്രത്യക്ഷപ്പെടുന്നു. മാത്രമല്ല ബുദ്ധന് അദ്ദേഹത്തെ ആഗ്രഹിക്കുന്ന മനുഷ്യരുടെ മനോധർമ്മത്തിനും ബുദ്ധിശക്തിക്കുമനുസരിച്ച് വിവിധ രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെടുവാൻ സാധിക്കും.

അദ്ദേഹത്തിന് സ്വന്തം ശരീരം അഭൗമമായ ആകൃതിയിൽ വികസിപ്പിച്ച് ആകാശവും ഭൂമിയും മുഴുവനായും നിറയ്ക്കുവാൻ സാധിക്കും. ലോകത്തിൽ വിവിധങ്ങളായ രീതിയിൽ വിവിധ രൂപങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെടുവാൻ സാധിക്കും. ചില സമയങ്ങളിൽ ആകൃതരൂപത്തിലും, ചില സമയങ്ങളിൽ ശക്തിയായും ചില സമയങ്ങളിൽ മനസ്സിന്റെ ഭാവങ്ങളായും, മറ്റുചില സമയങ്ങളിൽ രൂപീകൃതമായ ചിലവ്യക്തിത്വമായും പ്രത്യക്ഷപ്പെടും.

എത്രയൊക്കെയായാലും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ബുദ്ധന്റെ പരിശുദ്ധനാമം ജപിക്കുന്നവർക്ക് മുന്നിൽ പ്രത്യക്ഷനാകും. അതനുസരിച്ച് അമിതാഭ രണ്ട് ബോധിസത്തമന്മാരുടെ അകമ്പടിയോടുകൂടി പ്രത്യക്ഷപ്പെടുന്നു. ആ ബോധിസത്തമന്മാർ അവലോകിതേശ്വരൻ കാരുണ്യത്തെയും, മഹാസ്ഥമപ്രാപ്താൻ പ്രജ്ഞയേയും പ്രതിനിധാനം ചെയ്യുന്നു. അവന്റെ പ്രത്യക്ഷീഭാവങ്ങൾഎല്ലാവർക്കുമായി ലോകം മുഴുവനും നിറഞ്ഞുനില്ക്കുന്നതാണെങ്കിലും ആരിൽ വിശ്വാസമുണ്ടോ അവനു മാത്രമെ അതു കാണുവാൻ സാധിക്കുകയുള്ളു.

ബുദ്ധന്റെ പ്രത്യക്ഷഭാവങ്ങൾ അനുഭവിച്ചറിയാൻ ഭാഗ്യം ലഭിച്ചവർ വളരെ ഹൃദ്യമായ ശാന്തിയും സമാധാനവും അനുഭവിക്കുന്നു. മാത്രമല്ല ആർക്ക് യഥാർത്ഥബുദ്ധനെ കാണുവാൻ സാധിക്കുന്നുവോ അവർക്ക് അവർണ്ണനീയഭാഗ്യമായ സന്തോഷവും സമാധാനവും ലഭിക്കുന്നു.

6. അമിതാഭ ബുദ്ധന് അവർണ്ണനീയമായ സ്നേഹവും കഴിവുകളുമുള്ളതുകൊണ്ട് ഈ ബുദ്ധനെ കാരുണ്യമെന്നുതന്നെ വിവക്ഷിക്കുന്നു. ആ ബുദ്ധന് എല്ലാവരെയും രക്ഷിക്കുവാൻ സാധിക്കുന്നു.

ആര് പാപത്തിന്റെയും തെറ്റിന്റെയും പാതയിൽ ജീവിതം നയിക്കുന്നുവോ: ആര് അവിശ്വസനീയമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നുവോ, ആരുടെ മനസ്സ് അഹങ്കാരം, ദേഷ്യം, ലോഭം തുടങ്ങിയ വികാരങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നുവോ; ആര് നുണപറയുകയും ആഭാസഭാഷയിൽ മനസ്സിൽ തോന്നുന്ന വിഷയങ്ങൾ അങ്ങനെ തന്നെ സംസാരിക്കുകയോ; ആര് കൊല, മോഷണം, നിയന്ത്രണമില്ലാത്ത പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ ചെയ്യുകയോ; ആര് വർഷങ്ങളോളം ദുഷ്കർമ്മങ്ങൾ ചെയ്യുകയും ജീവിതാവസാനത്തിൽ വന്നുചേർന്നിരിക്കുകയും ചെയ്യുന്നുവോ അവർ വർഷങ്ങളോളമുള്ള ശിക്ഷയ്ക്ക് അർഹരാകുന്നു.

അങ്ങനെയുള്ളവരുടെയിടയിലേയ്ക്ക് അവരുടെ അവസാന നിമിഷത്തിൽ ഒരു സുഹൃത്തിന്റെ രൂപത്തിൽ ബുദ്ധൻ കടന്നുവരുകയും നല്ല ഉപദേശങ്ങൾ നല്കുകയും ചെയ്യുന്നു: '' നിങ്ങൾ ഇപ്പോൾ മരണത്തെ അഭിമുഖീകരിക്കുകയാണ്, നിങ്ങൾക്ക് എന്നും തെറ്റിന്റെ പാതയിൽ തുടർന്ന് ഇങ്ങനെ ജീവിക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ ബുദ്ധന്റെ കാരുണ്യത്തിൽ അഭയം പ്രാപിക്കുകയും ആ നാമം ഉരുവിടുകയും ചെയ്യുക, അപ്പോൾ നിങ്ങൾക്ക് രക്ഷപ്രാപിക്കുവാനുള്ള മാർഗ്ഗം തുറന്നു കിട്ടും.''

ഒരു പാപിയായ മനുഷ്യൻ അമിതാഭ ബുദ്ധന്റെ നാമം ഏകാഗ്രതയോടുകൂടി ജപിക്കുകയാണെങ്കിൽ, അവനാൽ ഈ ജീവിതത്തിൽ അഭിമുഖികരിക്കേണ്ടിവരുന്ന എല്ലാ പാപങ്ങളും അവനിൽ നിന്ന് വിട്ടകന്നുപോകുകയും ചെയ്യുന്നു.

ആ ശുഭനാമം ജപിക്കുന്നതുമൂലം ഒരു മനുഷ്യന് പാപ ജീവിതത്തിൽ നിന്ന് മുക്തിനേടുവാൻ സാധിക്കും. എന്നാൽ ഒരു മനുഷ്യൻ അവന്റെ ശ്രദ്ധയെ ബുദ്ധമനസ്സിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ വളരെയധികം അമൂല്യ സിദ്ധികളെ ആർജ്ജിക്കുവാൻ സാധിക്കും.

അങ്ങനെ ആ പുണ്യപാവനമായ നാമം ഒരുവൻ തന്റെ അന്ത്യനാളുകളെ സമീപിപ്പിക്കുമ്പോൾ ഉരുവിടുകയാണെങ്കിൽ അവന് അമിതാഭ ബുദ്ധനെയും, രക്ഷകരായ കാരുണ്യത്തിന്റെയും പ്രജ്ഞയുടെയും ബോധിസത്തമന്മാരെയും കാണുവാനും അവരുടെ സഹായത്താൽ ബുദ്ധന്റെ പരിശുദ്ധരാജ്യത്ത് ഒരു വെളുത്ത താമരപ്പൂവിന്റെ വിശുദ്ധിയോടെ പുനർജ്ജനിക്കുവാനും സാധിക്കും.

അതുകൊണ്ട് എല്ലാവരും അവരുടെ മനസ്സിൽ 'നമോ അമിതാഭ ബുദ്ധായ' എന്ന മന്ത്രധ്വനി ഉരുവിട്ട് ശീലിക്കണം. അതിന്റെ അർത്ഥം ഒരുവൻ ബുദ്ധന്റെ അനന്തമായ ജീവനിലും പ്രകാശത്തിലും വിശ്വാസമർപ്പിക്കുന്നുവെന്നാണ്.

## II
## അമിതാഭ ബുദ്ധന്റെ പരിശുദ്ധരാജ്യം

1. അനന്തമായ ജീവനും പ്രകാശവും ചൊരിയുന്ന ബുദ്ധൻ നിത്യമായി ജീവിക്കുകയും സത്യത്തിന്റെ പ്രഭ ചൊരിയുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പരിശുദ്ധരാജ്യത്തിൽ ഒരിക്കലും വേദനയോ വിഷമമോ ഇരുട്ടോ ഇല്ല, അത് എപ്പോഴും പ്രകാശിതവും എല്ലാ നിമിഷവും സന്തോഷമുഖരിതവുമായ അവസ്ഥയിൽ ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആ രാജ്യത്തെ അനുഗ്രഹങ്ങളുടെ ഉറവിടമെന്ന് പ്രകീർത്തിക്കപ്പെടുന്നു.

ആ രാജ്യത്തിന്റെ മദ്ധ്യത്തിൽ ഒരുതടാകം ശുദ്ധമായ ജലം കൊണ്ട് നിറഞ്ഞിരിക്കുന്നു. ആ ജലം നിത്യമായി പരിശുദ്ധവും സ്ഫടികം പോലെ തിളങ്ങുന്നതും, ആ ജലത്തിലുണ്ടാകുന്ന മന്ദമായ തിരകൾ മെല്ലെ സ്വർണ്ണവർണ്ണ നിറത്തിലുള്ള അതിന്റെ തീരത്തിൽ മെല്ലെ തഴുകികൊണ്ടിരിക്കുന്നതുമാകുന്നു.

ആ തടാകതീരം ഒരു രഥത്തിന്റെ ചക്രത്തിനോടുപമിക്കാവുന്ന വലുപ്പത്തിലുള്ള താമരപുഷ്പങ്ങൾ നിറഞ്ഞിട്ടുള്ളതുമാകുന്നു. ആ പുഷ്പങ്ങളുടെ ശോഭ വർണ്ണനാതീതമാണ്, അവ നീലപ്രകാശത്തിൽ നീലയായും, മഞ്ഞനിറത്തിലുള്ള സൂര്യപ്രകാശത്തിൽ മഞ്ഞയായും, അസ്തമയകിരണങ്ങൾ പതിക്കുമ്പോൾ ചുവപ്പായും, പ്രഭാതകിരണങ്ങളിൽ വെള്ളയായും കാണപ്പെടുന്നു, അതിന്റെ ശോഭ അവിടുത്തെ അന്തരീക്ഷം നിറച്ചിരിക്കുന്നു.

ആ തടാകത്തിന്റെ തീരത്ത് വിവിധ സ്ഥലങ്ങളിൽ സ്വർണ്ണവും വെള്ളിയും കൊണ്ടുണ്ടാക്കിയിട്ടുള്ള സുന്ദരങ്ങളായ പന്തലുകൾ നിറഞ്ഞിരിക്കുന്നു. അതിൽ അമൂല്യങ്ങളായ രത്നങ്ങൾ പതിച്ചിട്ടുണ്ട്. മറുവശത്തിൽ ചെറിയ കൽമതിലുകളും അതിൽ വിവിധങ്ങളായ രത്നങ്ങളും അമൂല്യങ്ങളായ പരവതാനികളും വിരിച്ചിട്ടുണ്ട്, അതിനിടയിൽ സുന്ദരങ്ങളായ ചെറിയ ഉദ്യാനങ്ങളുമുണ്ട്.

അന്തരീക്ഷം ദിവ്യവും അനുഗ്രഹീതവുമായ ശാന്തിയെ പ്രാപിച്ചിരിക്കുന്നു, അതുപോലെ അവിടം വർണ്ണാനാതീതമായ ഒരു സൗന്ദര്യത്താൽ വിലസിക്കുന്നു. അതുപോലെ ആറുപ്രാവശ്യം അവിടം പുഷ്പങ്ങളാൽ നിറയുകയും, ആ പുഷ്പങ്ങളെ അവിടെ കൂടിയിരിക്കുന്ന ആളുകൾ പെറുക്കിയെടുക്കുകയും, അവയെ പാത്രങ്ങളിൽ നിറച്ച് അവിടെയുള്ള ബുദ്ധന്മാർക്കും മറ്റും പൂജയും അഞ്ജലിയും നടത്തുന്നതിനായി നല്കുന്നു.

2. ഈ അത്ഭുതകരമായ രാജ്യത്തിൽ വളരെ വിശിഷ്ടങ്ങളായ പക്ഷികളും മറ്റുമുണ്ട്. അവയിൽ മഞ്ഞുപോലെ പരിശുദ്ധമായ വർണ്ണത്തിലുള്ള ഹംസങ്ങളും, അവർണ്ണനീയമായ ശോഭയോടുകൂടിയ മയിലുകളും, വിവിധങ്ങളായ കുരുവികളും കുയിലുകളും ആ പറുദീസയെ കർണ്ണമനോഹരങ്ങളായ ഗാനങ്ങളും മറ്റും കൊണ്ട് ശോഭനീയമാക്കിയിരിക്കുന്നു. ഈ പക്ഷികൾ ബുദ്ധന്റെ ആ പരിശുദ്ധരാജ്യത്ത് ബുദ്ധസൂക്തങ്ങളും ഗീതങ്ങളും പാടി ദിവ്യമാക്കിയിരിക്കുന്നു.

ആര് ആ സുന്ദരങ്ങളായ സംഗീതം ശ്രവിക്കുന്നുവോ അവർ ബുദ്ധന്റെ വചനങ്ങൾ നേരിട്ടു ശ്രവിക്കുന്നതുപോലെയുള്ള ഒരു ഉണർവും ഉന്മേഷവും പ്രാപിക്കുകയും, ആ സന്തോഷത്തിലും ശാന്തിയിലും മുഴുകി ബുദ്ധസമൂഹത്തിന്റെ കൂട്ടായ്മയുടെ അസുലഭമായ അനുഭവം തിരിച്ചറിയുന്നു.

**ഭഗവാൻ ബുദ്ധൻ അനുഗ്രഹിച്ചു നല്കിയ ആശ്വാസമാർഗ്ഗങ്ങൾ**

ഒരു മന്ദമാരുതൻ ആ വൃക്ഷലതാദികളുടെ ഇടയിലൂടെ ഒരു മധുരസംഗീതം ഉണ്ടാക്കികൊണ്ട് ആ പൂപന്തലുകളെയും ചെറിയ മറകളെയുമിളക്കികൊണ്ട് കടന്നു പോകുന്നു.

ആ സ്വർഗ്ഗീയ സംഗീതം ശ്രവിക്കുന്ന ആളുകൾ ബുദ്ധവചനങ്ങളുടെയും ധർമ്മത്തിന്റെയും സംഘകൂട്ടായ്മയുടെയുമർത്ഥം മനസ്സിൽ സ്മരിക്കുന്നു. ഈ സൗഭാഗ്യ ദായകമായ അന്തരീക്ഷം ആ പരിശുദ്ധരാജ്യത്തിന്റെ ഒരു പ്രതിബിംബം മാത്രമാണ്.

3. എന്തുകൊണ്ടാണ് ആ പരിശുദ്ധരാജ്യത്തിൽ കുടികൊള്ളുന്ന ബുദ്ധനെ, അനന്തമായ പ്രകാശവും ജീവനുമെന്നർത്ഥം വരുന്ന 'അമിതാഭ' എന്നുവിളിക്കുന്നത് ? അതിനുകാരണം ആദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സത്യം അനായാസം ആ പരിശുദ്ധരാജ്യത്തിന്റെ അന്തരാത്മാവിലേയ്ക്കും ബാഹ്യലോകത്തിലേയ്ക്കും ഒരുപോലെ പ്രസരിക്കുന്നതുകൊണ്ടും; അദ്ദേഹത്തിന്റെ അടിസ്ഥാന സ്വഭാവമായ കാരുണ്യം ഒരിക്കലും ഒരു കാരണവശാലും, കാലത്തിന്റെ പരിണാമത്താലോ അനന്തമായ ജനനമരണ പ്രക്രിയാലോപവുംബാധിക്കാതെ മാറ്റമില്ലാതെ തുടരുന്നു.

ആ പരിശുദ്ധ രാജ്യത്ത് ജനിക്കുവാൻ സൗഭാഗ്യം സിദ്ധിക്കുന്ന മനുഷ്യർ ജ്ഞാനവും നിർവ്വാണവും സിദ്ധിച്ചവരും അവർ ഒരിക്കലും ദുഃഖവും മരണവും നിറഞ്ഞ ഈ മായികാലോകജീവിതത്തിലേയ്ക്ക് തിരിച്ചു വരാത്തവരുമാകുന്നു.

ആ പരിശുദ്ധ രാജ്യത്ത് അനന്തമായ ആ പ്രകാശ ജ്യോതിസ്സിന്റെ സഹയത്താൽ അസഖ്യം ജനങ്ങൾക്ക് ജനിക്കുവാൻ സാധിക്കുന്നു.

അതുകൊണ്ട് ആ തിരുനാമത്തെ ധ്യാനിച്ച് ഒരോരുത്തരും അവരുടെ അവസാന നാളുകളെ പൂർത്തീകരിക്കണം, അത് ഏഴു ദിവസമോ അല്ലെങ്കിൽ ഒരു ദിവസമെങ്കിലും അമിതാഭ ബുദ്ധന്റെ നാമം പൂർണ്ണവിശ്വാസത്തോടുകൂടി ഉരുവിട്ട് തങ്ങളുടെ മനസ്സിനെ തയ്യാറാക്കണം. അങ്ങനെ ചെയ്യുവാൻ സാധിക്കുന്നവർക്ക് അവരുടെ അവസാന നിമിഷങ്ങളിൽ അമിതാഭബുദ്ധൻ പരിവാരങ്ങളുടെ അകമ്പടിയോടെ പ്രത്യക്ഷപ്പെടുകയും തന്റെ പരിശുദ്ധ രാജ്യത്തിൽ പുനർജ്ജനിക്കുവാൻ ക്ഷണിക്കുകയും ചെയ്യും.

ഒരു മനുഷ്യന് അമിതാഭ ബുദ്ധന്റെ നാമം ശ്രവിക്കുവാനും ആ നാമത്തെ പൂർണ്ണ വിശ്വാസത്തോടും ശ്രദ്ധയോടും കൂടി ധ്യാനിക്കുവാനും സാധിക്കുകയാണെങ്കിൽ അയാൾക്ക് നിശ്ചയമായും ജ്ഞാനവും നിർവ്വാണവും വളരെ പെട്ടന്ന് സിദ്ധിക്കുവാൻ സാധിക്കും.